# ഒരു മിനിയേച്ചർപ്രപഞ്ചം

KOTTAYAM PUBLIC LIBRARY
KOTTAYAM.

(Malayalam)

# ORU MINIATURE PRAPANCHAM

Critical Essays

**By P. A. WARRIER**

First Published February 1968

Printed at

Viswabharathi, Trichur

Price Rs. 2.25

Rights Reserved

Published by

**Bharatiya Sahitya Samiti, Trichur-1**

Distributors:

NATIONAL BOOK STALL

**Kottayam Kerala State India**

# ഒരു മിനിയേച്ചർപ്രപഞ്ചം

(നിരൂപണങ്ങൾ)

3656

38183

പി. ഏ. വാരിയർ

KOTTAYAM PUBLIC LIBRARY
KOTTAYAM

വിതരണം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 2.25

1–1000

# ഉള്ളടക്കം


| | |
|---|---|
| ഒരു മിനിയേർച്ചപ്രപഞ്ചം | 11 |
| മനശ്ശാസ്ത്രം നോവലിൽ | 17 |
| കളിപ്പൊയ്കയിൽനിന്നു പുറംകടലിലേക്കു് | 26 |
| രണ്ടു നോവൽത്തർജ്ജമകൾ | 37 |
| ആത്മാവിൻെറ തീർത്ഥയാത്ര | 45 |
| ക്രൂരതയാൽ കരുത്തുനേടിയ കവിത | 53 |
| രാജാവിൻെറ കവിത | 59 |
| പാട്ടിലൊഴുകുന്ന കവിത | 66 |
| കാവ്യപ്രപഞ്ചം | 75 |
| കവിതാരംഗം | 95 |

നോവൽ

# ഒരു മിനിയേച്ചർപ്രപഞ്ചം*

ചുററുപാടും വേലി കെട്ടി അഴുകു മാടി ഒരു തോട്ടം വെച്ചുപിടിപ്പിക്കുകയാണെന്നിരിക്കട്ടെ: അല്ലെങ്കിൽ വളച്ചു കെട്ടി മതിലു പടുത്തുയർത്തി ഒരു മരാമത്തു കഴിപ്പിക്കുകയാണെന്നു വെയ്ക്കുക. എന്താണ് സംഭവിക്കുന്നതു് ? പുതിയ ഒരു പ്രപഞ്ചം ഉരുത്തിരിഞ്ഞുവരികയാണ്. തനതുവക സൃഷ്ടിസ്ഥിതിസംഹാരങ്ങളും ആഹ്ലാദങ്ങളും വേദനകളും പാതവും ഉത്ഥാനവും കലന്ന ഒരു പുതുപ്രപഞ്ചം. ഇതുപോലെ, വിശാലമായ ബാഹ്യപ്രപഞ്ചത്തിൽനിന്നു് അകന്നു മാറി സൃഷ്ടിക്കപ്പെടുന്ന ഒരു പുതുപ്രപഞ്ചമാണ് പട്ടാളത്താവളം. പ്രപഞ്ചത്തിനകത്തു് ഒരു മിനിയേച്ചർപ്രപഞ്ചംതന്നെ. തികഞ്ഞ തനിമയോടും മിഴിവോടും കൂടി ആഴത്തിലും നീളത്തിലും മുറിച്ചു് ഈ പ്രപഞ്ചത്തെ ചിത്രീകരിക്കാനുള്ള ഫലേഗ്രഹിയായ ഒരുദ്യമമാണ് കോവിലൻെറ 'എ മൈനസ് ബി' എന്ന ഈ നോവൽ. പല തരത്തിലും പല നിലവാരത്തിലുമുള്ള പട്ടാളക്കഥകളും കുറച്ചു പട്ടാളനോവലുകളും മലയാളത്തിലുണ്ടായിട്ടില്ലെന്നില്ല. കൂട്ടത്തിൽ എണ്ണം പറഞ്ഞ ഒന്നാണ് പാറപ്പുറത്തിൻെറ 'നിണമണിഞ്ഞ കാൽപ്പാടുകൾ'. പട്ടാളജീവിതത്തിൻെറ തനിമ, പുതിയ ഒരു പ്രപഞ്ചത്തെ സമഗ്രമായി ആവിഷ്കരിക്കുന്നതിലുള്ള കയ്യൊതുക്കം എന്നീ വശങ്ങളെടുത്തു നോക്കുമ്പോൾ ഈ 'എ മൈനസ് ബി' പാറപ്പുറത്തിൻെറ രസനിഷ്യന്ദിയായ നോവലിനെക്കാൾ ഒരു പടി മേലെയാണെന്നു പറയേണ്ടിവരും. എന്നാൽ പട്ടാളച്ചട്ടങ്ങളുടെ

---

* എ മൈനസ് ബി—കോവിലൻ.

ആവത്തിച്ചാവത്തിച്ചുള്ള യഥാതഥമായ ചിത്രീകരണവും ചിന്നിച്ചിതറിക്കിടക്കുന്ന ചിത്രങ്ങൾക്കിടയിലൂടെ ഇതൾ വിരിഞ്ഞുവിരിഞ്ഞു വരുന്ന അസ്പഷ്ടസുന്ദരമായ സമഗ്രജീവിതബോധത്തിൻെറ പൊൽത്താമരയും സാധാരണവായനക്കാർ എങ്ങനെ കൈക്കൊള്ളുമെന്നതു് ഒരു പ്രശ്നമാണു്. ആദിമധ്യാന്തങ്ങളൊത്തിണങ്ങിയ ഒരു കഥ എന്ന ധാരണയോടെ ഈ നോവൽ കയ്യിലെടുത്താൽ അല്പം നൈരാശ്യംതന്നെ പററിയേയ്ക്കാം. എന്നാലും സങ്കടപ്പെടേണ്ടിവരില്ല. മുത്തയ്യ, വിദ്യാധരൻ, നരഞ്ജൻസിംഗ്, തോമസ്സ് മുതലായി ഒരിക്കലും മറക്കാനാവാത്ത ഉദാരചരിതരായ കുറെ സുഹൃത്തുക്കളുമായി പരിചയപ്പെടാമല്ലോ. ആ പരിചയപ്പെടലാകട്ടെ, നമുക്കു് ഉൾക്കരുത്തും ആഴക്കാഴ്ചയും നല്കുന്ന ഒരനുഭവമായിരിക്കും.

ബാരക്കുകൾക്കകത്തു വളവും ചരിവുമില്ലാതെ വരിവരിയായി നിശ്ചിതദൂരത്തിൽ നിരത്തിയിട്ട ചാർപ്പായികൾ, സാങ്കേതികനിയമങ്ങളനുസരിച്ചു വിരിച്ചിട്ട ദരിക്കുമീതെ മിനുക്കിയൊരുക്കപ്പെട്ടുന്ന സമരോപകരണപ്രദർശനങ്ങൾ, ചാർപ്പായികൾക്കു മുന്നിൽ കയറുപിടിച്ചു കണക്കിനു വരി വളയാതെ സ്ഥാപിക്കപ്പെട്ട കിററ്ബോക്സുകൾ, സമയഭേദമനുസരിച്ചു വെട്ടപ്പായി മടക്കിയോ നിത്തി അററം തിരുകിയോ ഇട്ട മച്ഛർദാനികൾ, വക്ക്ഷോപ്പിലോ സിഗ്നത്സിലോ ആപ്പീസ്സിലോ വെഹിക്കിൾഡെപ്പോവിലോ ആയി പകലന്തിയോളം പണിയെടുത്തു ബാറിലും കാൻറീനിലും റിക്രിയേഷൻറൂമിലും ഉല്ലാസം നേടിയതിനുശേഷം വെളുപ്പാൻകാലത്തെ ബ്യൂഗിൾ സ്വപ്നത്തിൽ കേട്ടുകൊണ്ടു മച്ഛർദാനികൾക്കകത്തു കയറിപ്പററുന്ന ഒരു പററം മനുഷ്യാത്മാക്കൾ—ഇങ്ങനെയുള്ളൊരു പ്രപഞ്ചത്തിൽനിന്നു പ്രാതിനിധ്യസ്വഭാവമുള്ള കുറച്ചുപേരെ അവതരിപ്പിച്ചു് അവരുടെ കരണപ്രതികരണങ്ങളിലൂടെ ചുരുളഴിഞ്ഞുലയുന്ന ഒരു മിനിയേച്ചർപ്രപഞ്ചത്തെ മെനഞ്ഞെടുക്കാനാണു് കോവിലൻ ശ്രമിക്കുന്നതു്.

നോവലിൻെറ പേരൊന്നു ശ്രദ്ധിച്ചുനോക്കു—'ഏ മൈനസ് ബി'. ശ്രദ്ധിക്കാതെ നിവൃത്തിയില്ല. ശരിയാണു്. ശ്രദ്ധിച്ചാൽ വെറുതെയാവുകയുമില്ല. കാരണം, പ്രപഞ്ചത്തിലെ എല്ലാ കുഴപ്പങ്ങളുടെയും തുടക്കം ഈ മൈനസ്സിൽനിന്നാണല്ലോ. മഹാജനങ്ങൾ മാപ്പു തരുമെങ്കിൽ നമുക്കിങ്ങനെ പറയാം—ഈ പ്രപഞ്ചത്തിൽ, ഇതിൻെറ

3656



മഹാനായ കർത്താവടക്കം, എല്ലാം മൈനസ്സുകളാണ്. പട്ടാളക്യാമ്പിന്നകത്തെന്നല്ല, വിശാലമായ ഈ ഭൂഗോളക്യാമ്പിന്നകത്തും ഒന്നല്ലെങ്കിൽ മറെറാന്നു മൈനസ്സായ ഒരു കളിയാണ് നടക്കുന്നതു്. ചിലർ സ്വന്തം ജീവിതത്തിലെ മൈനസ്സുകൾ മനസ്സിലാക്കുന്നു; എന്നിട്ടു പരിഹരിക്കാൻ നോക്കുന്നു, അല്ലെങ്കിൽ മറച്ചുപിടിക്കാൻ ശ്രമിക്കുന്നു. അതുമല്ലെങ്കിൽ, അങ്ങനെയിരിക്കട്ടെ തുലഞ്ഞുപോകാൻ എന്നുവെയ്ക്കുന്നു. മററു ചിലരാകട്ടേ,—ആ ഭാഗ്യവാന്മാരുടെ നാമം വാഴ്ത്തപ്പെട്ടതത്രേ—ഈ മൈനസ്സുകളുടെ കാര്യം മനസ്സിലാക്കുകയേ ഇല്ല. ജീവിതത്തിൻെറ അപൂർണ്ണതയെ അവലംബമാക്കിയുള്ള ഈ ചിരപുരാതനതത്ത്വം പട്ടാളക്കാരെന്ന ഒരു പ്രത്യേകജനതയുടെ മനസ്സാക്ഷിയിലൂടേ കാണിച്ചുതരികയാണ് കോവിലൻ.

പറമ്പലെളുപ്പം കഴിഞ്ഞു. പക്ഷേ ഇതത്ര എളുപ്പമല്ല. കാരണം, അവരവരുടെ മച്ചൂർദാനികൾക്കും കിററ്ബോക്സുകൾക്കും അകത്തു സ്വന്തമായ ഓരോ മഹാപ്രപഞ്ചം പടച്ചു ജീവിക്കുന്ന മനുഷ്യരെയാണ് പരസ്പരം ബന്ധിച്ച് ഒരു കഥ മെനഞ്ഞെടുക്കുന്നതു്. അവിടെ കുടുംബാദ്യുടിസ്ഥാനത്തിലുള്ള മാനുഷികബന്ധങ്ങളൊന്നുമില്ല. സാധാരണ നോവലുകളിലും കഥകളിലും പരസ്പരം ചില കുടുംബബന്ധങ്ങളുള്ള—ആ ബന്ധങ്ങളിലൂടെ വികാരസംഘർഷത്തിൻെറ രക്തസഞ്ചാരത്തിന്നു് അവകാശം നല്കുന്ന — കഥാപാത്രങ്ങളുടെ ജീവിതവികാസത്തിലൂടെ വിടർന്നുവരുന്ന കഥയാണല്ലോ ഉണ്ടാവുക. പട്ടാളത്താവളത്തിൽ അത്തരം ബന്ധങ്ങളൊന്നുമില്ല. വിശാലമായ ഭൂമണ്ഡലത്തിൻെറ പല കോണുകളിൽനിന്നുമായി പല തരത്തിലുംപെട്ട 'ജവാന്മാർ' ഒത്തുചേരുകയാണ്—ശരിക്കും പെരുവഴിയമ്പലത്തിൽ ഒത്തുചേരുന്ന പാന്ഥർ തന്നെ. മായാപ്രപഞ്ചത്തിൻെറ കഥയും ഏറെക്കുറെ ഇതുതന്നെ അല്ലെന്നല്ല. പക്ഷേ ആ ബോധം നമുക്ക് ഉണ്ടാകാറില്ല. പട്ടാളത്താവളത്തിലോ, ആ ബോധമാണ് എപ്പോഴും മുന്നിട്ടുനില്ക്കുന്നതു്. ഏതു നിമിഷത്തിലും വരാമല്ലോ പോസ്റ്റിങ്ങ് ഓർഡർ. ഓരോരുത്തനും മററുള്ളവൻെറ സാന്നിധ്യത്തെ അവഗണിച്ചുകൊണ്ടാണ് കഴിയുന്നതു്. ഒരിക്കലും കാററും വെളിച്ചവും കൊള്ളിക്കാത്ത സ്വന്തം വക ചില സങ്കല്പസാമ്രാജ്യങ്ങളുണ്ട് ഓരോരുത്തനും. ആരും ആരുടെയും മുമ്പിൽ ഹൃദയം തുറക്കുന്ന ഏർപ്പാടില്ല. കരുതിക്കൂട്ടിയിട്ടല്ലെങ്കിൽ യാദൃച്ഛികമായിട്ടെന്നു വെച്ചോളൂ—ഒന്നാംതരം കപടനാട്യക്കാരാണ് എല്ലാവരും.

ചുമ്മാ ഒരു രസത്തിനുവേണ്ടി കടന്നു വന്നവരാണ് ചിലരെങ്കിൽ മററ ചിലർ പുറത്തുള്ള ലോകത്തിൽ തങ്ങറം ചെയ്ത കൊട്ടംപാതകങ്ങറംക്ക മറയിടാൻവേണ്ടി ഈ മിനിയേച്ചർപ്രപഞ്ചത്തിൻെറ ഉറപ്പുള്ള മേൽക്കൂരയ്ക്കു താഴെ അഭയം തേടിയവരാണ്. പ്രേമനൈരാശ്യംമൂലം റിക്രൂട്ടായവരും പ്രേമസാഫല്യത്തിനുവേണ്ടി യൂണിഫോറമണിഞ്ഞവരും അവിടെയുണ്ട്. നാലു സന്ദേശകാവ്യമെഴുതാൻമാത്രം വിരഹവേദനയനുഭവിക്കുന്ന നവോഢന്മാരോടൊപ്പംതന്നെ, സ്നേഹമെന്നാലെന്താണെന്നു തെല്ലും അറിയാനിടയായിട്ടില്ലാത്ത നിർഭാഗ്യവാന്മാരും അവിടെ കഴിഞ്ഞുകൂടുന്നു. എല്ലാമാസവും മൂന്നു മണിഓർഡർഫോറം പരസ്യമായി ഫില്ലപ്പ്ചെയ്യിച്ച വലിയ ഉദാരനായ പ്രാരബ്ധക്കാരൻെറ നാട്യം നടിച്ച് ആരും കാണാതെ മണിഓർഡർ ഫോറമെല്ലാം കീറിക്കളഞ്ഞു പത്തുരൂപാനോട്ടുകറം മണ്ണിന്നടിയിൽ കുഴിച്ചിടുകയോ പോസ്റ്റോഫീസ് സെയ്വിങ്ങ് ബാങ്കിലിടുകയോ ചെയ്യുന്നവരുടെ തൊട്ടടുത്ത കട്ടിലിൽത്തന്നെ, ശമ്പളദിവസത്തിന്നു മുമ്പുതന്നെ മണിഓർഡർഫോറം വാങ്ങി ഫില്ലപ്പ്ചെയ്യിച്ച്, ഒററ നയാപൈസപോലും സ്വന്തം ആവശ്യത്തിനു വെയ്ക്കാതെ, നരകിക്കുന്ന ഭാര്യാമക്കറംക്ക് അയച്ചുകൊടുക്കുകയും ജീവിതക്ലേശങ്ങറം മറക്കാൻ ഒരു കുപ്പി കള്ളിന്നു വേണ്ടി 'ഛറ്ഉ, ഛറ്ഉ, അഞ്ചണാ കൊടു' എന്നും പറഞ്ഞു നടക്കുകയും ചെയ്യുന്നവരെയും കാണാം. 'സത്നാവായ് ഗുരുജി'മന്ത്രവും കുറച്ചു തീററയും 'കിസ്നകണൈയ്യാ'പ്പാട്ടും അകത്തു രഹസ്യമായ വേവും ചൂടുമായി ഉറക്കത്തിൽ സ്വന്തം കഴുത്തു പിടിച്ചു ഞെക്കി വീർപ്പുമുട്ടി വശംകെടുന്നവൻെറ അടുത്തുതന്നെയുണ്ട്, അഴിഞ്ഞുലഞ്ഞ തലമുടിയും അകം നിറയെ സാന്ദ്രാനന്ദലഹരിയുമായി ചേണററ കാൽവെപ്പോടെ കട്ടിലുകറംക്കിടയിലൂടെ നൃത്തത്തിലൊഴുകിപ്പോകുന്ന വിശാലഹൃദയനായ വിശ്വപൗരനും. 'ജീവിതമെന്നാൽ യഥേഷ്ടം സുഖിക്കലാണെ'ന്ന തത്വശാസ്ത്രവും തല്ലുകൊള്ളിത്തത്തിൻെറ വക്കത്തു നില്ക്കുന്ന താൻപ്രമാണിത്തവും ചെല്ലുന്നിടത്തൊക്കെ ചില്ലറപ്രേമബന്ധങ്ങളും വഴക്കുമുണ്ടാക്കാനുള്ള സഹജവാസനയുമായി നടക്കുന്നവരും പട്ടാളസ്സമ്പാദ്യം കൊണ്ടു വീടും പുരയിടവും പെണ്ണും നേടി, കയ്യു പോയാലും 'കോറ' പോകരുതെന്നു പ്രാർത്ഥിക്കുന്ന പട്ടാളൈകധനന്മാരും മറേറവൻെറ കോറ പോയിട്ടെങ്കിലും തനിക്ക് ഒന്നു തരപ്പെടാൻ കാത്തുനില്ക്കുന്ന അഹംപരന്മാരും ഇവിടെ അണിനിരക്കുന്നു. ഓ, വല്ലാത്തൊരു പ്രപ

ഞ്ചമാണിത്! ഇവരുമായി സാവധാനം പരിചയപ്പെടുക എന്നേ നിരൂപകനു പറയാനാവൂ.

ഡ്രൈവർ തോമസ്സ് വെഹിക്കിൾപാർക്കിൽ ഉള്ളംകൈ നോക്കിയിരിപ്പാണ്. അയാളാണ് ഈ ചരിത്രത്തിലെ 'എ മൈനസ് ബി'. എ പ്ലസ് ബി. എന്നെഴുതേണ്ടിടത്തു പരീക്ഷയ്ക്കു് എ മൈനസ് ബി. എന്നെഴുതി. അതിനു കാരണം താൻ മൈനസ്‌രാജമ്മയാകാൻ പോകുന്നു എന്ന ബോധമാണ്. എന്നുവെച്ചാൽ തകർന്നുപോയ ഒരു കൗമാര പ്രണയം. ഫലമോ, രണ്ടു മാർക്ക് മൈനസ്. അതുകൊണ്ട് ആ നിർഭാഗ്യവാന് ഡ്രൈവറാവേണ്ടിവന്നു: മോട്ടോർവാഹനങ്ങളുടെ എക്കം പൊക്കം തുടച്ചു തുടച്ചു ഉള്ളംകൈ മരക്കയിലുപോലെയായിരിക്കുന്നു; വിരലുകളൊക്കെ ചേമ്പുവിത്തുപോലെയും. "ശനിയും ബൊതനും" എണ്ണ തേച്ചു കുളിക്കണമെന്ന് എഴുതുകയും ഇത്തിരി വെയിലു കൊള്ളേണ്ടിവന്നാൽ നാളികേരപ്പാലു തേച്ചു കുളിപ്പിക്കുകയും ചെയ്ത അമ്മയെ അവൻ ഓർത്തുപോകുന്നു; ഒരിക്കൽമാത്രം തന്റെ കൈത്തണ്ടയിൽ സ്പർശിച്ച ലോലമായ കൈവിരലുകളുടെ ഉടമസ്ഥയായ രാജമ്മയെയും. എല്ലാവരുടെയും കയ്യ് ഇങ്ങനെ മരക്കയിലുപോലെയാകുമോ? അവൻ കൂട്ടുകാരനായ നരഞ്ജന്റെ കയ്യ് പരിശോധിക്കുന്നു. ജീവിതത്തിലെ ഏകാകിയായ പഥികനാണ് നരഞ്ജൻ. ഉററവരും ഉടയവരുമില്ല. എപ്പോഴും വിഷാദമാണ്; തോമസ്സിനെ നന്നെ സ്നേഹവുമാണ്. അവന്റെ വിചാരം തോമസ്സ് കയ്യ് നോക്കുകയാണെന്നാണ്. നോക്കീട്ട്, തന്നെ സ്നേഹിക്കാൻ ലോകത്തിലാരെങ്കിലും കാണുമോ എന്നു പറഞ്ഞുകിട്ടണം അവന്. ചേമ്പുവിത്തുകളെപ്പററിയും മരക്കയിലുകളെപ്പററിയുമുള്ള ഭാവനാപ്രവാഹത്തിൽ സ്വയം മറന്ന തോമസ്സുണ്ടോ അതറിയുന്നു? അയാൾ നേരെ നടക്കുകയാണ്, ത്രിടണ്ണറിന്റെ കീഴെ പേടിസ്വപ്നം കണ്ടുകിടന്നുറങ്ങുന്ന ഫിററർ നായക് സേവാസിങ്ങിന്റെ അടുത്തേയ്ക്കു്. നായക്കിന്റെ കയ്യും ഒന്നു പരിശോധിക്കാമല്ലോ. കൈപ്പത്തിയൊന്നു തൊട്ടപ്പോഴേയ്ക്കും സേവാസിങ്ങ് ഞെട്ടിത്തെറിച്ചു. 'എന്നെ വിട്ടേയ്ക്കണേ, മാപ്പാക്കണേ....' അയാൾ ഉറക്കത്തിൽ നിലവിളിയായി. പോരേ മാരണം!

ഇവിടെ തുമ്പുകളിലെ തുടുത്ത മാംസം മരവിച്ച് ഓരങ്ങളിലേയ്ക്കു ഒടിഞ്ഞിറങ്ങുന്ന വിരലുകളെപ്പററിയുള്ള ഞെട്ടിക്കുന്ന യാഥാർത്ഥ്യബോ

ധത്തിലൂടെ അമ്മയെപ്പററിയും കാമുകിയെപ്പററിയുമുള്ള ഭാവനാപ്രവാഹത്തിൽ ഒഴുകിപ്പോകുന്ന തോമസ്സും ഒരിററു സ്നേഹത്തിനുവേണ്ടി ദാഹിച്ച തോമസ്സിൻെറ ഇല്ലാത്ത കൈരേഖശാസ്ത്രവിജ്ഞാനത്തിൽ ദയനീയമായി ഭ്രമിച്ചുപോകുന്ന ശുദ്ധാത്മാവായ നരഞ്ജനും താൻ നിർദ്ദയം കഴുത്തറിഞ്ഞു തള്ളിയ മനുഷ്യാത്മാക്കളുടെ നിഷ്പ്രതികാരമായ സ്വപ്നാക്രമണത്തിന്നിരയായി നിലവിളിക്കുന്ന സേവാസിങ്ങും കൂടി ഒളിച്ചു കളിക്കുകയും കെട്ടിമറിയുകയുമാണ്. ഇതുപോലെ അഗാധമായ വേദനയും സരളമായ മന്ദഹാസവും ഒപ്പം സ്ഫുരിക്കുന്ന സന്ദർഭങ്ങൾ വിശ്വകഥാസാഹിത്യത്തിലെ ആചാര്യന്മാരുടെ കലാസൃഷ്ടികളിലേ കാണാറുള്ളു. (വിക്ടർ യൂഗോവിൻെറ 93-ൽ, കത്തിയെരിയുന്ന കോട്ടയുടെ രണ്ടാം നിലയിലെ ഗ്രന്ഥാലയത്തിലിരുന്നു മൂന്നു കുഞ്ഞുങ്ങൾ സാങ്ബത്തളോമിയോവിൻെറ മഹാഗ്രന്ഥം ഏടേടായി കീറിക്കളയുന്ന ഭാഗം ഓർത്തുനോക്കുന്നതു നന്ന്.)

എട്ടും പൊട്ടും തിരിയാത്ത ഇളംപ്രായത്തിൽ മററുള്ളവരുടെ പ്രേരണയ്ക്കു വഴിപ്പെട്ടു കുററമാണെന്നറിയാതെ സായ്പിൻെറ ബംഗ്ലാവിലെ പ്രാവുകളെ അപഹരിച്ചു ദുർഗ്ഗുണപരിഹാരശാലയിലേയ്ക്കയയ്ക്കപ്പെട്ട്, സ്നേഹനിധിയായ അച്ഛൻെറ മരണത്തെത്തുടന്ന് എല്ലാത്തരം മാനുഷികദുർഗ്ഗുണങ്ങളും ശാസ്ത്രീയമായഭ്യസിച്ചു കണ്ണു തെളിഞ്ഞ ആ കാർപെൻറർ മുത്തയ്യ എന്ന കഥാപാത്രത്തിൽ ഒതുങ്ങാത്ത വേദാന്തമില്ലെന്നു തോന്നുന്നു. പൊട്ടും പൊടിയുമായ വാക്കുകളിൽ അയാൾ ഒരു ദുർബ്ബലനിമിഷത്തിൽ സ്വന്തം ആത്മകഥകളുടെ ചുരുളുകൾ അല്പാല്പമായി തോമസ്സിൻെറ മുമ്പിൽ നിവർത്തിക്കാട്ടുന്നതും അവശനായി കിടക്കുന്ന തോമസ്സിനോടു വിടവാങ്ങിപ്പിരിയുന്നതുമായ ഭാഗങ്ങൾ നമ്മുടെ ഹൃദയത്തെ ഗാഢമായി സ്പർശിക്കാതിരിക്കില്ല.

ഊക്കേറിയ ഒരു ഹൃദയോദ്ഗാരത്തിൻെറ സാരള്യവും ആർജ്ജവവും അലയടിക്കുന്ന കോവിലൻെറ ആഖ്യാനശൈലി അത്യന്തം രസകരമാണ്. ഓരോ വ്യക്തിയും ഓരോ സംഭവവും കാഥികൻെറ ഹൃദയത്തിലുണ്ടാക്കുന്ന സൂക്ഷ്മചലനങ്ങളുടെ സത്യസന്ധവും സുശക്തവുമായ ഒരു യാദാസ്താണ് ഈ നോവൽ. ഹൃദയത്തിൻ ഓളംവെട്ടി മറയുന്ന നേർത്ത നിഴലുകളെപ്പോലും വിടാതെ പിൻതുടരുന്നതിൽ ഇദ്ദേഹം കാട്ടുന്ന നിഷ്കർഷ ശ്രദ്ധേയമാണ്.

# മനശ്ശാസ്ത്രം നോവലിൽ*

നിന്ദിതരെക്കുറിച്ചും പീഡിതരെക്കുറിച്ചും എഴുതിയ കഥകൾക്കു സാഹിത്യത്തിൽ പഞ്ഞമില്ല. ജീവിതത്തിൽ എത്ര സുലഭമാണ് നിന്ദയും പീഡയും! കരുതിക്കൂട്ടീട്ടും അല്ലാതെയും നമ്മിൽ ഓരോരുത്തൻെറയും വാക്കും നോക്കും പ്രവൃത്തിയും പരസ്പരം അഗാധമായ നിന്ദയും പീഡയും അനുഭവപ്പെടാൻ ഇടയാക്കുന്നു. തിരിഞ്ഞു നിന്നു നോക്കിയാൽ നാംതന്നെ അമ്പരന്നുപോകും—നാമനുഭവിച്ചതും അനുഭവിപ്പിച്ചതുമായ നിന്ദാപീഡകൾ അത്ര അസംഖ്യവും അഗാധവുമാണ്. ആധുനികസാഹിത്യത്തിൽ നിന്ദാപീഡകൾക്കു വർഗ്ഗപരമായ ഒരടിസ്ഥാനമാണ് നല്കപ്പെട്ടിരിക്കുന്നത്. അതുമൂലം അതിനു ദുസ്സഹമായ വൈചിത്ര്യശൂന്യത അനുഭവപ്പെടുന്നു. എന്നുമാത്രമല്ല, നിന്ദകരുടെയും നിന്ദിതരുടെയും കരളിൻെറ കള്ളറകളിലേയ്ക്കു കടന്നുചെല്ലാൻ അങ്ങനെയൊരു ശ്രമവും നടത്തപ്പെട്ടിട്ടുമില്ല. ഫലമോ, തൊലിപ്പുറമേ മാത്രം തൊട്ടുരസിപ്പോവുന്ന വേദനാകഥകളുടെ വേലിയേററവും. വായനക്കാരുടെ കരളിൽ കൂടുകെട്ടിപ്പാർത്തു വിട്ടുമാറാത്ത അസ്വാസ്ഥ്യത്തോടെ ചിറകടിക്കുന്ന കഥാപാത്രങ്ങളും കഥാസന്ദർഭങ്ങളും ഏറെയൊന്നും കാണില്ല. ഈ നിലയ്ക്കു നോക്കുമ്പോൾ, ഡോസ്റ്റോവ്സ്കിയുടെ 'നിന്ദിതരും പീഡിതരു'മെന്ന ഈ മഹാനോവൽ മനുഷ്യവേദനകളുടെ മഹേതിഹാസമാണെന്നുതന്നെ പറയാം. മാനസികഘടനയെ അടിമുടി ഉലച്ചു തകർക്കുന്ന ജീവിതാനുഭവങ്ങളാൽ വിലക്ഷണരായിത്തീർന്ന

---

* നിന്ദിതരും പീഡിതരും—ഡോസ്റ്റോവ്സ്കി; വിവർത്തകൻ എൻ. കെ. ദാമോദരൻ.

വ്യക്തികളുടെ വളഞ്ഞും ചെരിഞ്ഞും പോകുന്ന ഹൃദയവ്യാപാരങ്ങളെ പേർത്തെടുത്തു കാണിക്കുന്നതിൽ ഡോസ്റ്റോവ്സ്കി പ്രദർശിപ്പിക്കുന്ന അഗാധമായ അന്തർമ്മുഖത്വം അത്ഭുതാവഹമാണ്. ഈ നോവലിലെ മുഖ്യകഥാപാത്രങ്ങൾ നമ്മുടെ ഹൃദയത്തിൽ വല്ലാത്തൊരു വേദനാഗാനം മുരണ്ടുകൊണ്ട് എപ്പോഴും പുററിപ്പറക്കുന്നതുപോലെ തോന്നും.

623 പേജിലായി നീണ്ടുപോകുന്ന ഈ ത്യാഗത്തിൻെറയും വേദനയുടെയും കഥ വായിച്ചുകഴിയുമ്പോൾ ആദ്യമായി ഒരു നൈരാശ്യമോ നിസ്സഹായതാബോധമോ ലോകവിദ്വേഷമോ ഒക്കെ വായനക്കാരനു തോന്നിയെന്നുവരാം. മനുഷ്യമനസ്സിൻെറ ഇരുളടഞ്ഞ, കുടിലമാർഗ്ഗങ്ങളായ, ഗുഹകളിലേയ്ക്കു തുടർച്ചയായി നടത്തുന്ന തീർത്ഥയാത്രയാണിതിനു കാരണം. പക്ഷേ ഇരുട്ട് ഇഴകിപ്പിടിച്ച ആ കണ്ടനിടവഴികളിൽനിന്നു നാം കാററും വെളിച്ചവുമുള്ള പരന്ന മൈതാനങ്ങളിലേയ്ക്കും മഹോന്നതങ്ങളായ പർവ്വതശൃംഗങ്ങളിലേയ്ക്കും നയിക്കപ്പെടുന്ന ഒരനുഭവവും തുടർന്നുണ്ടാകുമെന്നാണ് തോന്നുന്നതു്. ലോകം മുഴുവൻ തൻെറ സുഖാഭിലാഷങ്ങളുടെ താളത്തിനൊത്തു തുള്ളേണ്ട ഒരു തുച്ഛവസ്തുവാണെന്നു കരുതുന്ന നീചമായ സ്വാർത്ഥത്തിന്നു് എത്രമാത്രം താഴാമെന്നു കാണിക്കുന്നതോടൊപ്പംതന്നെ, സ്വസുഖനിരഭിലാഷനായി ലോകത്തിൻെറ ക്ലേശം മുഴുവൻ ഏറെറടുക്കാൻ വെമ്പുന്ന ത്യാഗോജ്ജ്വലനായ മനുഷ്യന്നു് എത്രമാത്രം ഉയരാമെന്നു കാട്ടിത്തരാനും ഡോസ്റ്റോവ്സ്കി മറക്കുന്നില്ല. നോവൽ വായിച്ചുകഴിഞ്ഞ ഉടനെ നമ്മുടെ മുന്നിലുയർന്നു നില്ക്കുന്ന ബീഭത്സാകാരമായ സ്വാർത്ഥം പതുക്കെപ്പതുക്കെ ലയിച്ചുപോയി ആ സ്ഥാനത്തു ശാന്തഗംഭീരവും മധുരോദാരവുമായ ത്യാഗം ഉയർന്നുവരുന്നതായിത്തോന്നും.

അനേകമനേകം രാവണകുംഭകർണ്ണഹിരണ്യകശിപുഹിരണ്യാക്ഷാദികളെല്ലാം കൂടിയാലും കിടപിടിക്കാനാവാത്ത ക്രൂരതയും സ്വാർത്ഥവും പ്രദർശിപ്പിക്കുന്ന ഒരു പ്രിൻസ് വാൽക്കോസ്കിയുണ്ട് ഈ നോവലിൽ. ഇതിലെ സകലകഥാപാത്രങ്ങളുടെയും ജീവിതയാതനകൾക്ക് അയാളാണുത്തരവാദി—നേരിട്ടും വളഞ്ഞ വഴിക്കും. രാവണാദികളുടെ ക്രൂരതയും സ്വാർത്ഥത്തിനുമെല്ലാം മിക്കവാറും ഋജുമാർഗ്ഗങ്ങളവലംബിക്കാനേ പററൂ. ഈ പ്രിൻസിൻെറ അഹന്തയും ക്രൂരതയുമാകട്ടെ, ഏററവും പരിഷ്കൃതമായ കുടിലമാർഗ്ഗങ്ങളാണ് കൈക്കൊള്ളുന്നതു്.

ഇങ്ങനെ പേരു കേട്ടാൽ പേടിയും വെറുപ്പും തോന്നിക്കുന്ന ഈ കഥാപാത്രത്തെ ചിത്രീകരിക്കുമ്പോഴുംകൂടി ഡോസ്റ്റേോവ്സ്കി അയാളിലുള്ള ചില സവിശേഷഗുണങ്ങളും കാട്ടിത്തരാൻ ശ്രദ്ധിക്കുന്നുണ്ട്. പാരമ്പര്യസിദ്ധവും അഭ്യാസസംവർദ്ധിതവുമായ അയാളുടെ ബുദ്ധിശക്തി, സംഭാഷണചാതുര്യം മുതലായ ഭാഗങ്ങൾ അദ്ദേഹം ഊന്നി വർണ്ണിക്കുന്നു. വാസ്തവത്തിൽ അയാളുടെ നിലപാടിൽ നിന്നുകൊണ്ട് അയാളെ ചിത്രീകരിക്കാൻ—അയാളുടെ ഹൃദയത്തിൽ കേറിപ്പററി അവിടെയിരുന്നു കഥ പറയാൻ—കഴിഞ്ഞു എന്നതാണ് കാഥികന്റെ വിജയം. ഈ നിന്ദകന്റെയെന്നപോലെതന്നെ, ഓരോ നിന്ദിതന്റെയും കെട്ടുപിണഞ്ഞു കിടക്കുന്ന മനോവ്യാപാരങ്ങളെ വിദശ്ധമായി പേർത്തെടുക്കുന്നതിൽ ഡോസ്റ്റേോവ്സ്കി പ്രദർശിപ്പിക്കുന്ന മനോവിജ്ഞാനം അപൂർവ്വമായേ നോവലുകളിൽ കണ്ടിട്ടുള്ളൂ. മനശ്ശാസ്ത്രം അതിന്റെ യഥാർത്ഥരൂപത്തിൽ നോവലിലെന്തു പങ്കു വഹിക്കുന്നു എന്നും അതു നോവലിനെ എത്രമാത്രം ആകർഷകമാക്കുമെന്നും ഉള്ളതിന്നു് ഒന്നാംതരമൊരു ദൃഷ്ടാന്തമാണ് ഈ നോവൽ.

ഒരു പക്ഷേ ആഖ്യാനശില്പംകൊണ്ടു 'കുററവും ശിക്ഷയു'മെന്ന നോവലിനെക്കൂടി കവച്ചുവെയ്ക്കും ഈ 'നിന്ദിതരും പീഡിതരും.' ഇതിവൃത്തഘടനയുടെ ഒഴുക്കില്ലായ്മ, വ്യഥാസ്ഥൂലത, അതിഭാവുകത്വം ഇങ്ങനെ പലതും ആദ്യം പറഞ്ഞ നോവലിൽ ഭാഗികമായ വൈരസ്യത്തിന്നു് ഇടയാക്കിത്തീർക്കുന്നുണ്ട് എന്ന കാര്യം, അതിന്റെ മഹത്ത്വത്തെ വേണ്ടുംപോലെ മാനിച്ചുകൊണ്ടുതന്നെ, എടുത്തുപറയാതിരിക്കാൻ നിവൃത്തിയില്ല. എന്നാൽ 'നിന്ദിതരും പീഡിതരും' ഈ ദോഷങ്ങളിൽനിന്നു മിക്കവാറും വിമുക്തമാണ്. അത്യന്തം സങ്കീർണ്ണമായ ഇതിവൃത്തത്തെ ചരടൊന്നും വിട്ടുപോകാതെ ഭംഗിയായി കൂട്ടിപ്പിരിച്ചുറപ്പിക്കുന്നതിൽ, മനസ്തത്ത്വവിശകലനത്തിലെന്നതുപോലെതന്നെ, ശ്രദ്ധ പതിച്ചിരിക്കുന്നു കാഥികൻ. സ്വാഭാവികമായിത്തന്നെ വായനക്കാർക്കു് ഒട്ടും മുഷിവു തോന്നാതെ വായിക്കാവുന്ന മട്ടിൽ ഇതൾ വിരിഞ്ഞുവരുന്നതാണ് ഈ നോവലിലെ കഥാഗതി—'നാഗയാനകുടില'മെന്നൊക്കെ പ്രസാധകർ പറഞ്ഞാലും ശരി.

കഥയുടെ ബാഹ്യരേഖ ഒന്നു വരച്ചുവെയ്ക്കാം—പൊളിഞ്ഞ ഒരു തറവാട്ടുകാരനായ പ്രിൻസ് വാൽക്കോസ്കി ചെറുപ്പത്തിൽ തന്റെ

കാമുകിയുമൊന്നിച്ചു നാടു വിട്ടുപോയി. കാമുകിയുടെ പ്രേമത്തെക്കാരം, അവരം അച്ഛനിൽനിന്നു് അപഹരിച്ചുകൊണ്ടുപോന്ന വമ്പിച്ച തുകയായിരുന്നു പ്രഭുവിനെ അധികം ആകർഷിച്ചതു്. അയാരം തക്കം നോക്കി ആ പണം കൈക്കലാക്കി തൻെറ പ്രേമഭാജനത്തെയും അരുമമകളെയും അശരണരാക്കിവിട്ടു കടന്നുകളഞ്ഞു. കാമുകിയുടെ പ്രേമത്തെ ചവുട്ടി ത്തേച്ചു സ്വയം ഉയരാനുള്ള വഴി തേടി. ഉപേക്ഷിക്കണ്ടമെന്നില്ല. ചെറിയ ഒരനാസ്ഥാഭാവം കാട്ടിയാൽ മതി, പിന്നെ തിരിഞ്ഞു നോക്കാതിരിക്കാനെന്ന മട്ടിൽ അത്ര അഭിമാനശാലിനിയായിരുന്നു ആ സ്ത്രീ. കുറെക്കാലം പല ക്ലേശങ്ങളും സഹിച്ചു് അലഞ്ഞു തിരിഞ്ഞു് അവരം കൊച്ചുമകളെയുംകൊണ്ടു സ്വദേശത്തുതന്നെ തിരിച്ചെത്തി. അവളുടെ അച്ഛനുണ്ടു് അവിടെ. പക്ഷേ എങ്ങനെ ചെന്നു കാണും? അവളുടെ പേരു് ആരെങ്കിലും പറഞ്ഞുകേട്ടാൽ, അവളുടെ നിഴലെങ്ങാനും കണ്ടാൽ, കോപിച്ചു കലി തുള്ളി കാക്കിച്ചു തുപ്പി വടിയുമെടുത്തു പായും മാനിയായ ആ വൃദ്ധൻ. എന്നാലും പേരക്കുട്ടിയോടെങ്കിലും ഇത്തിരി വാത്സല്യം തോന്നാതിരിക്കയില്ല എന്ന ആശയാൽ അവരം പലപ്പോഴും മകരം നെല്ലിയെ മുത്തച്ഛൻെറ അടുക്കലേയ്ക്കു പറഞ്ഞയച്ചുനോക്കി. ഈ ശ്രമം തികച്ചും വിഫലമായെന്നു പറഞ്ഞുകൂടാ. വൃദ്ധൻെറ ഇറുകിപ്പിണഞ്ഞ ഞരമ്പുകരം തെല്ലൊന്നു് അയഞ്ഞുതുടങ്ങിയോ എന്ന സംശയം. എന്നാലും മകരംക്കു മാപ്പുകൊടുക്കുന്ന കാര്യമൊന്നും ആലോചിക്കാനേ വയ്യാ. ഒരിറ്റു പിതൃവാത്സല്യത്തിന്നു വേണ്ടി ദാഹിച്ചു ദാഹിച്ചു്—അച്ഛൻ മാപ്പു നല്കിയെന്നറിഞ്ഞു് ഒന്നു സമാധാനത്തോടെ ശ്വാസം കഴിക്കാൻ മോഹിച്ചു മോഹിച്ചു്—ആ അവമാനിതയായ അഭിമാനിനി ഇഞ്ചിഞ്ചായി മരിച്ചു. അവസാനമായി അകമലിഞ്ഞു മകളെ ഒന്നു കാണാൻ വടിയും കുത്തി പ്രാഞ്ചിക്കിതച്ചെത്തുന്ന വൃദ്ധനായ സ്മിത്തിന്നു് അവളുടെ ശവമേ കാണാനൊത്തുള്ളൂ. ഈ സംഭവം അകവും പുറവും ഒരുപോലെ തളർന്ന വൃദ്ധനും കൊച്ചുനെല്ലിക്കും വല്ലാത്തൊരു ഷോക്കായി. ഉള്ളംകൈയ്യിലുള്ളിൽ ഇറുക്കിപ്പിടിച്ച ചില്ലറത്തുട്ടുകരംകൊണ്ടു്, എങ്ങനെയെന്നോ എന്തിനെന്നോ നിശ്ചയമില്ലാതെ, ജീവിതം ഉന്തിത്തള്ളിപ്പോന്ന ആ വൃദ്ധൻ, തൻെറ പ്രിയപ്പെട്ട പട്ടി 'അമ്പോക്ക്'യുടെ ആകസ്മികമരണത്തെത്തുടർന്നു പെട്ടെന്നു മരണമടഞ്ഞു. അനാഥയായ ആ കൊച്ചുപെൺകുട്ടി നെല്ലി, മറെറാരു പോംവഴിയുമില്ലാതെ, അമ്മയോടൊപ്പം പാർത്തിരുന്ന

വീട്ടിലെ ഒരു മുത്തുക്കിപ്പെണ്ണിൻെറ അടിമയായി ജീവിതം തുടന്നു. കൊച്ചുപെണ്ണുങ്ങളെ വിടന്മാരുടെ ക്രൂരവൈകൃതങ്ങൾക്കു കാഴ്ചവെച്ചു കാശുണ്ടാക്കുകയായിരുന്നു ആ മുത്തുക്കിപ്പിശാചിൻെറ ഉദ്യോഗം. കൊച്ചു നെല്ലി ഈ പിശാചിൻെറ ഗുഹയിൽവെച്ചനുഭവിച്ച മർദ്ദനങ്ങൾ ഇവിടെ വിവരിക്കുക വയ്യാ. എന്തു ചെയ്താലും ശരി, ഒന്നും ചെയ്തില്ലെങ്കിലും ശരി, തലമുടി കുത്തിപ്പിടിച്ചു മുത്തുക്കി ഇടിക്കുന്ന ഭാരിച്ച ഇടികൾ വാങ്ങുകയും കേട്ടാൽ ഞെട്ടുന്ന തെറികൾ മൂകമായി കേട്ടു നില്ക്കുകയുമെന്നതു തൻെറ ജന്മാവകാശമാണെന്ന ധാരണ അവളിൽ ഉറച്ചുവശാവുമാറു ഭീകരമായിരുന്നു ആ മർദ്ദനം. സമസ്തലോകത്തിനോടുമുള്ള ഒരുഗ്രപ്രതിഷേധമായി അവൾ വളർന്നു.

കഥ ഒരു വശത്തൂടെ ഇങ്ങനെ പിരിഞ്ഞു പിരിഞ്ഞു മുറുകുമ്പോൾ, മറുവശത്തൂടെ മറെറാരു വഴിക്കും മുറുകിവരുന്നുണ്ട്. പ്രിൻസ് വാൽക്കോസ്കി തൻെറ ഒരെസ്റ്റെയ്ററ് നോക്കി നടത്താൻ നിക്കോളേ എന്നൊരു മാന്യഗ്രാമീണനെ ഏല്പിക്കുകയുണ്ടായി — കഥയുടെ ആദ്യഭാഗത്തു സൂചിപ്പിച്ചതുപോലുള്ള അദ്ദേഹത്തിൻെറ രഹസ്യാത്മകമായ വിദേശതീർത്ഥയാത്രയ്ക്കിടയ്ക്ക്. നിക്കോളേയുടെ സരളസ്വഭാവത്താൽ ആകൃഷ്ടനായിട്ടായിരിക്കാം, പ്രിൻസ് തൻെറ ഔരസപുത്രനായ അല്യോഷയുടെ ഭരണഭാരവും അയാളെ ഏല്പിച്ചു. പതുക്കെപ്പതുക്കെ നിക്കോളേയുടെ മകൾ നടാശയും അല്യോഷയും പ്രണയബദ്ധരായി. അതുവരെ നടാശയുടെ നിസ്സ്വപത്തമായ പ്രേമാരാധനയ്ക്കു പാത്രമായിരുന്ന വാനിയാ എന്ന സാഹിത്യകാരൻ തൻെറ കാമുകിയുടെ അന്യാഭിമുഖമായ അഭിലാഷവായ്പു കണ്ടറിഞ്ഞു് അതു വകവെച്ചുകൊടുക്കാനും അതിൻെറ വിജയത്തിനുവേണ്ടി ആത്മാർപ്പണംചെയ്യാനും സന്നദ്ധനാവുകയാണുണ്ടായതു്. (വിശാലഹൃദയനായ ഈ സാഹിത്യകാരനാണു്, മിക്കവാറും ഡോസ്റ്റേവ്സ്കീയുടെ പ്രതിനിധിയെന്ന നിലയിൽ കഥ പറഞ്ഞുപോകുന്നതെന്നതു് ഇവിടെ എടുത്തുപറയട്ടെ). ഈ നടാശയും അല്യോഷയുമായുള്ള പ്രണയം മുളച്ചില വിരിഞ്ഞതോ, വളരെയേറെ അപകടംപിടിച്ച ഒരു ഘട്ടത്തിലും — അവരുടെ പിതാക്കൾ തമ്മിൽ തീവ്രമായ വിരോധം ആളിക്കത്തിപ്പടന്നൊരു കാലത്തു്. എസ്റ്റേററ് ഭരണത്തിൽ കൃത്രിമങ്ങളുണ്ടെന്നും മകളെ അല്യോഷയുമായി അടുപ്പിക്കാൻ ശ്രമിക്കുന്നുണ്ടെന്നുമുള്ള ആരോപണങ്ങളാൽ കുപിതനായി കുറെ

തെററിദ്ധരിച്ചും കുറെ കരുതിക്കൂട്ടിയും പ്രിൻസ് നിക്കോളേയുടെ പേരിൽ കേസ്സ് കൊടുത്തു തനിക്കനുകൂലമായി വിധി സമ്പാദിച്ചു. നിക്കോളേകുടുംബം തികച്ചും കഷ്ടതയുടെ വക്കത്തെത്തി. തങ്ങളെ അവമാനിക്കുകയും നശിപ്പിക്കുകയും ചെയ്ത പ്രിൻസിന്റെ മകൻ അല്യോഷയുമായി സമ്മേളിക്കാൻ മകറം നടാശ തങ്ങളെ ഉപേക്ഷിച്ചു പോവുകകൂടി ചെയ്തപ്പോറം നിക്കോളേദമ്പതികളുടെ ജീവിതയാതനകറംക്ക് അടപ്പിട്ട കൂട്ടത്തിലായി. എങ്ങനെയോ ആകട്ടെ, മകറം കാമുകന്റെ കൂടെയാണല്ലോ, അവറം സുഖമായി കഴിയട്ടെ എന്നാശംസിക്കാനും നിവൃത്തിയില്ല. കാരണം, അങ്ങാടിയിൽക്കാണുന്ന എല്ലാ കളിക്കോപ്പുകളും മിഠായിടിന്നുകളും ഒപ്പം തനിക്കു കിട്ടണമെന്നു പറഞ്ഞു ശാഠ്യംപിടിക്കുന്ന ഒരു മൂന്നു വയസ്സുകാരനെക്കാളേറെ തന്റേടമുണ്ടായിരുന്നില്ല, അല്യോഷയ്ക്ക്. കണ്ണിൽപ്പെടുന്ന എല്ലാ പെൺകുട്ടികളെയും ഒപ്പം പ്രേമിക്കത്തക്ക വലുപ്പമുള്ള വല്ലാത്തൊരു ഹൃദയം. നടാശയും അല്യോഷയും തമ്മിലുള്ള പ്രണയത്തിന്റെ കഥയറിഞ്ഞ ഉടനെ പ്രിൻസ് അല്യോഷയ്ക്കുവേണ്ടി താൻ നേരത്തേ ആലോചിച്ചുവെച്ച മറെറാരു വിവാഹത്തിന്നു വേണ്ട ഏർപ്പാടുകറം ചെയ്യാൻ തുടങ്ങി. അത്യന്തം രഹസ്യമായ കരുനീക്കങ്ങറം. അല്യോഷയെക്കൊണ്ടു മാന്യതയും സമ്പത്തുമുള്ള ഒരു പ്രഭുകുമാരിയെ വേറംപ്പിച്ച് അതുവഴി തന്റെ നിലയും വിലയും ഭദ്രായി ഉയർത്താനായിരുന്നു പ്രിൻസിന്റെ പ്ലാൻ. ഇതു സാധിക്കാൻവേണ്ടി അയാറം അല്യോഷയെ നടാശയിൽനിന്നകററി, കാത്യയെന്ന പ്രഭുകുമാരിയുമായി അടുപ്പിക്കാൻ ശ്രമിച്ചുതുടങ്ങി. പ്രേമസ്ഥൈര്യമെന്നാലെന്തെന്നു വിവരമില്ലാത്ത അല്യോഷയുടെ ബാലിശഹൃദയത്തെ കാത്യ അറിയാതെ അപഹരിച്ചു. അങ്ങനെ അയാറം നടാശയ്ക്കും കാത്യയ്ക്കും ഇടയ്ക്കു കിടന്നാടുകയായി. അല്യോഷയുടെ ചാപല്യവും പ്രിൻസിന്റെ പരിപാടികളുടെ പ്രയോഗക്ഷമതയും മനസ്സിലാക്കിയ വാനിയയും നിക്കോളേദമ്പതികളും ദുസ്സഹമായ അസ്വാസ്ഥ്യം സഹിച്ചു നാളുകളുന്തിനീക്കി.

ഇതിനിടെ, അമ്മയുടെയും മുത്തച്ഛന്റെയും മരണത്തിനുശേഷം ആ തള്ളപ്പിശാചിന്റെ ഗുഹയിൽ മർദ്ദനങ്ങളും സഹിച്ചു കഴിയുന്ന കൊച്ചുനെല്ലിയുടെ ജീവിതയാതനകറം മനസ്സിലാക്കാനിടയായ സാ

ഹിത്യകാരൻ വാനിയ, ചില സുഹൃത്തുക്കളുടെ സഹായത്തോടുകൂടി, അവളെ ആ നരകത്തിൽനിന്നു മോചിപ്പിച്ചു തൻെറ കൂടെ പാർപ്പിക്കുകയുണ്ടായി. സ്വന്തം വക മനഃക്ലേശങ്ങളും പ്രാരബ്ധങ്ങളും തന്നെ ധാരാളം; കൂട്ടത്തിലിതും. തൻെറ ദുരനുഭവങ്ങളുടെ ശക്തിമൂലം, നിരവദ്യവും നിസ്സ്വാർത്ഥവുമായ സ്നേഹത്തെപ്പോലും സംശയദൃഷ്ടിയോടെ വീക്ഷിക്കുന്ന നിലയിലായ കൊച്ചുനെല്ലിയുമായി ഒത്തിണങ്ങിപ്പോകാൻ വാനിയ കുറച്ചൊന്നുമല്ല പാടുപെട്ടതു്.

ചപലനായ അല്യോഷ, ഉദാരശീലയായ നടാശ, അവരെ സഹായിക്കാൻ വെമ്പുന്ന വാനിയ, എതിർചേരിയിൽ പ്രണയമർപ്പിച്ചു തങ്ങളെ വഞ്ചിച്ച മകളോടു വിദ്വേഷവും വൈരാഗ്യവുമുണ്ടെങ്കിലും അപത്യവാത്സല്യത്തെ അടിയറവെയ്ക്കാനാവാതെ വിഷമിക്കുന്ന നിക്കോളേദമ്പതികൾ, വിശിഷ്ടമായ ഒരു കലാവിദ്യയായി ഉയർത്തിയ തികഞ്ഞ ഹൃദയശൂന്യതയോടെ താൻ കരുതിയേടത്തു തോണി കരയ്ക്കണയ്ക്കാൻ കിണയുന്ന പ്രിൻസ് — ഇങ്ങനെ വിരുദ്ധശക്തികൾ ഏറ്റുമുട്ടുകയായി. വല്ലാത്ത ഒരുരാക്കൊളുത്തു്. ഒടുക്കം പ്രിൻസ് ജയിച്ചു, നടാശ നിരാശയായി. അല്യോഷയുടെ ചാപല്യം നല്ലപോലെ അറിഞ്ഞുകൊണ്ടുതന്നെ അവൾ അയാളെ കാത്യുഷ്കക്കു് ഏല്പിച്ചുകൊടുത്തു.

അച്ഛൻെറ മാപ്പു കിട്ടാതെ മരിച്ചുപോയ ആ അഭിമാനിനിയായ സ്ത്രീയുടെ കൊച്ചുമകൾ നെല്ലിയുടെ മർമ്മസ്പർശിയും സാമയികവുമായ ജീവിതകഥാഖ്യാനത്തിലൂടെ മനഃപരിവർത്തനം വന്നു മാപ്പുകൊടുക്കാൻ സന്നദ്ധരായ നിക്കോളേദമ്പതികളുടെ നീട്ടി വിരുത്തിയ കരവലയം പ്രേമവഞ്ചിതയും അശരണയുമായ നടാശയെ അണച്ചു പുല്കി. 'ചൂടാൽ വരണ്ട ബാലരംഭ'യായ കൊച്ചുനെല്ലിയാകട്ടെ, ചുരുക്കം കൊല്ലങ്ങൾക്കിടയ്ക്കു പലതും അനുഭവിച്ചു് അവളെ പിടികൂടിയ മാറാവ്യാധിക്കിരയായി മരണമടയുകയും ചെയ്തു.

കഥ മുഴുവൻ പറഞ്ഞെങ്കിലും ഡോസ്റ്റോവ്സ്കിയുടെ ആഖ്യാനശില്പത്തിൻെറ ഒരേകദേശരൂപംപോലും ഇതിൽനിന്നു് ഊഹിക്കാൻ സാധിക്കില്ല. വായനക്കാരുടെ ഉത്കണ്ഠ ഉടനീളം വിടാതെ പിടിച്ചുനിർത്താനാവശ്യമായ അനിശ്ചിതത്വവും മാറിമാറിയുള്ള ചരടുപിരിക്കലും ഡോസ്റ്റോവ്സ്കി അസാധാരണമായ കൗശലത്തോടെ പുലർത്തുന്നു

ണ്ടു്. അമ്പോക്കാ എന്ന പട്ടിയുടെ മരണത്തോടുകൂടിയാണ് കഥയുടെ തുടക്കം. പിന്നെ വൃദ്ധനായ സ്മിത്തിൻെറ മരണം. അഗതിയായ ഈ വൃദ്ധനുമായി മരണത്തിനു തൊട്ടുമുമ്പു വാനിയ പുലർത്തിയ സമ്പർക്കം അയാളെ ജിജ്ഞാസുവാക്കി. അന്വേഷണത്തിൽ യാദൃച്ഛികമായി കൊച്ചുനെല്ലിയെ കണ്ടെത്തി. അവളുടെ കഥയിലൂടെയും സമാന്തരമായി നടക്കുന്ന പ്രിൻസിൻെറ പരാക്രമങ്ങളിലൂടെയും സർവ്വോപരി ഒരനൗദ്യോഗികാപസർപ്പകനെന്നു പറയാവുന്ന മസ്ലോബേവിൻെറ ഗൂഢാന്വേഷണങ്ങളിലൂടെയും പതുക്കെപ്പതുക്കെ രൂപം പൂണ്ടു വരികയാണ് ഇതിവൃത്തം. തികച്ചും ക്ലാസ്സിക്‌രീതിയിലുള്ള ഘടനാശില്പം. ഉള്ളിലെന്തോസൂക്ഷിച്ചുവെച്ചു മടക്കിപ്പിടിച്ച കൈ ഓരോ വിരലോരോ വിരലായി തുറന്നുകാട്ടുന്ന ഒരു മട്ടു്. മററെല്ലാററിനും പുറമെ, മികച്ചൊരു ഡിററക്റ്റീവ് നോവലിൻെറ അനുഭവവും നല്കുക എന്നതു് ഒരു ചില്ലറസ്സംഗതിയല്ലല്ലോ. അതു സാധിക്കുന്നുണ്ടു് ഈ 'നിന്ദിതരും പീഡിതരും.'

ആഖ്യാനചാതുര്യത്തിലെന്നതുപോലെതന്നെ കഥാപാത്രങ്ങളുടെ അഗാധമായ അന്തസ്സംഘർഷത്തെ ചിത്രീകരിക്കുന്നതിലും കാഥികൻ അസ്സലായി ശ്രദ്ധിച്ചിട്ടുണ്ടു്. കഥാംശത്തിൻെറ സൂചനയിൽനിന്നു തന്നെ കഥാപാത്രങ്ങളുടെ ഹൃദയങ്ങളിൽ നടക്കുന്ന വികാരവ്യാമർദ്ദത്തിൻെറ തീവ്രതയെപ്പററി ഊഹിക്കാമല്ലോ. പ്രേമത്തിൻെറ പേരിൽ അച്ഛനമ്മമാരെയും ആരാധകനായ വാനിയയെയും ഉപേക്ഷിച്ച് അല്യോഷയുമായി സമ്മേളിക്കാൻ പോയ നടാശ കാമുകൻെറ ഹൃദയചാപല്യത്തിൻെറ തനിനിറം കണ്ടു മനസ്സിലാക്കുന്ന ആ ഘട്ടം ഒന്നു സങ്കല്പിച്ചു നോക്കൂ. 'ദേവി വസുന്ധരേ, ദേഹി മേ വിവരം' എന്നു സീതാദേവി പറഞ്ഞ ഘട്ടത്തിലും താഴെയൊന്നുമല്ല ഇതു്. എന്നല്ല, അങ്ങോട്ടുമില്ല, ഇങ്ങോട്ടുമില്ല എന്നായിത്തീരുന്ന നടാശയുടെ നില വാസ്തവത്തിൽ അധികം ദയനീയവുമാണ്. ഇതിൽ രസകരമെന്താണെന്നു വെച്ചാൽ നോവൽ വായിച്ചു നോക്കുമ്പോൾ നമുക്ക് ഈ നടാശയോടും അല്യോഷയോടും വാനിയയോടുമൊക്കെ ഒരേ സമത്തു് അനുകമ്പയും തോന്നും വിദ്വേഷവും തോന്നും എന്നുള്ളതാണ്. ലോകൈകമന്തനായ അല്യോഷയെ നല്ലവണ്ണം മനസ്സിലായിക്കഴിഞ്ഞിട്ടും ഒരെള്ളിടയ്ക്കു സ്നേഹം കുറയാതെ നില്ക്കുന്ന ആ പൊട്ടിക്കാളിയായ നടാശയോടു നമുക്കു

3656 38183

വിദ്വേഷമാണ് തോന്നുകയെങ്കിൽ വാനിയയെ തിരസ്കരിച്ചതിനെക്കുറിച്ചും താനായിട്ടു തട്ടിമറിച്ചുകളഞ്ഞ പിതൃജനവാത്സല്യത്തെക്കുറിച്ചും മൂകവേദന ചവച്ചിറക്കുന്ന നടാശയ്ക്കുവേണ്ടി നമ്മുടെ കണ്ണിൽ വെള്ളം നിറയുകയും ചെയ്യും. അല്യോഷയ്ക്കാണെങ്കിൽ ഒരു വശത്തു ചമ്മട്ടിപ്രയോഗം ആവശ്യപ്പെടുന്ന ചാപല്യവും മറുവശത്തു മുതുകത്തൊന്നു തലോടിക്കൊടുക്കാൻ തോന്നിക്കുന്ന ശുദ്ധതയുമുണ്ട്. എന്തിന്—ആദ്യം സൂചിപ്പിച്ചതുപോലെ, ബീഭത്സമായ എല്ലാ ക്രൂരതകളുടെയും കുത്തകാവകാശിയായ ആ പ്രിൻസിന്റെ മുമ്പിൽപ്പോലും, ചില സന്ദർഭങ്ങളിൽ, അയാളുടെ ഹൃദയത്തിന്റെ മടക്കുകൾ നിവരുന്നു കാണുമ്പോൾ, നമുക്കു തൊപ്പിയെടുത്തു തല കുനിക്കാൻ തോന്നും. അതാണ് പാത്രചിത്രണത്തിന്റെ പരമമായ വിജയം. കാഥികൻ ഇടയ്ക്കുകടന്നു നിർദ്ദേശങ്ങളും വ്യാഖ്യാനങ്ങളും നല്കുകയല്ല, കഥാപാത്രങ്ങൾ സ്വയം സൃഷ്ടിച്ച നൂലാമാലകളിൽ കിടന്നുഴലുകയാണ്. ചില പ്രത്യേകപരിതസ്ഥിതികളിൽ കഥാപാത്രങ്ങളെ അവതരിപ്പിച്ചതിന്നുശേഷം, ഇനി അവരായി, അവരുടെ പാടായി എന്ന മട്ടിൽ വിട്ടുമാറി നില്ക്കുകയാണ് ഡോസ്റ്റോവ്സ്കി. വെറുതെയല്ല ഓരോ കഥാപാത്രവും ഹൃദയത്തിൽ ഊക്കൻകൊടുങ്കാററുമായി നമ്മുടെ അകത്തു കയറി സ്ഥാനം പിടിക്കുന്നതു്.

മഹത്തായ ഈ നോവൽ മലയാളികൾക്കു കാഴ്ച വെച്ച ശ്രീ. ദാമോദരൻ എണ്ണപ്പെട്ടൊരു സേവനമാണ് ചെയ്തിരിക്കുന്നതു്. ആശയങ്ങളുടെ സരളമായ ആവിഷ്കരണത്തിലും ഭാഷാശുദ്ധിയിലും അദ്ദേഹം നല്ല ശ്രദ്ധ ചെലുത്തീട്ടുണ്ട്; അതു വെറുതെയായിട്ടുമില്ല. ഇവിടുത്തെ ഒരു സാധാരണവായനക്കാരന്നു തട്ടും തരിയുമില്ലാതെ വായിച്ചുപോകാവുന്ന തരത്തിലാണ് വിവർത്തനം നിർവ്വഹിക്കപ്പെട്ടിരിക്കുന്നതു്.

KOTTAYAM PUBLIC LIBRARY
KOTTAYAM.

# *കളിപ്പൊയ്കയിൽനിന്നു പുറംകടലിലേയ്ക്കു്

നമ്മുടെ നോവലിസ്റ്റുകൾ മിക്കവാറും കാഥികന്മാരാണ്. ചെറുകഥ എഴുതിയെഴുതി വലിയ കഥയിലേയ്ക്കു് വളരുക—അങ്ങനെയൊരു മട്ട്. ചന്തുമേനോനും സി. വി. യും മററും ഇങ്ങനെ വളൎന്നവരല്ല. ചിരാനുശീലിതമായ ചെറുകഥയുടെ കലാശില്പമൎമ്മമായി കൈവന്ന കൂറടക്കവും കയ്യൊതുക്കവുമല്ല അവരുടെ കൈമുതൽ. താൻ ജീവിച്ച കാലഘട്ടത്തിലെ മധ്യവൎഗ്ഗത്തിന്റെ ഹൃൽസ്പന്ദതാളഗതിയറിഞ്ഞ ജീവിതത്തെ സാകല്യേന ഉള്ളങ്കയ്യിലെടുത്തു് അരച്ചുരുട്ടിത്തന്നു് ഒരു സമഗ്രതാബോധമുളവാക്കി നമ്മെ സന്തൎപ്പണംചെയ്യുന്നു ചന്തുമേനോൻ. സി. വി. യോ, ചരിത്രത്തിന്റെ താളുകളിലൂടെ പുറകോട്ടുപോയി ഭാവനായാഥാൎത്ഥ്യങ്ങളുടെ ഒത്ത നടുക്കു നില്പുറപ്പിച്ചു് ഒരു നിയതകാലഘട്ടത്തിലെ ജീവിതത്തെ മുക്കും മൂലയും പൊട്ടാതെ എടുത്തുകാട്ടി നമുക്കൊരു സമ്പൂൎണ്ണദൎശനം നല്കുകയാണ്. ചെറുകഥകളിലൂടെയല്ല ഈ രണ്ടു മഹാരഥന്മാരുടെയും വളൎച്ച എന്നു സ്പഷ്ടം.

തകഴി, ഉറൂബ്, ബഷീർ, ദേവ്, പൊറേറക്കാട്ടു മുതലായവരോ, കഥയുടെ കളിപ്പൊയ്കയിൽ എമ്പാടും നീന്തിത്തുടിച്ചു കളിച്ചു്, യദൃച്ഛയാ നോവലിന്റെ പുറംകടലിലേയ്ക്കു വന്നെത്തിയവരത്രേ. കളിപ്പൊയ്കയിൽ കൈയും കാലും കുഴയുമെന്നു പേടിക്കാനില്ല. തെല്ലൊരു സംശയം തോന്നിയാൽ കാലു നിലത്തു കുത്താം. പാകത്തിനു പാകത്തിനു

---

* നാലുകെട്ട്—എം. ടി. വാസുദേവൻനായർ

കെട്ടിയുണ്ടാക്കിയിട്ടുള്ള പ്ലവതോപകരണങ്ങളിന്മേൽ കേറിനിന്നു തിരിഞ്ഞോ മറിഞ്ഞോ തല കുത്തിയോ ചാടി പല അഭ്യാസങ്ങളും കാണിക്കാം. കളിപ്പൊയ്കയിലെ ശീലവും വെച്ചു പുറംകടലിലേയ്ക്കു കടക്കുമ്പോഴാണു് വിഷമം. നോക്കെത്താത്ത ജലപ്പരപ്പു്, നൂലിട്ടാലെത്താത്ത ആഴം, അടിച്ചിരമ്പിക്കേറുന്ന അലമാലകൾ — കൈയും കാലും കുഴഞ്ഞാൽ മുങ്ങിച്ചാവുകയല്ലാതെ ഗത്യന്തരമില്ല. എന്നിട്ടും പല്ലപല ക്രീഡാകുതുകികളായ നമ്മുടെ കലാകാരന്മാരിൽ പലരും, പരാജയപ്പെടാൻ കൂട്ടാക്കാതെ, ഈ അപ്രമേയസുവിസ്താരഗംഭീരമായ ആഴിപ്പരപ്പു മുറിച്ചു നീന്തിക്കടക്കാൻ ശ്രമിച്ചിട്ടുണ്ടു്. ചിലരെങ്കിലും കൈകാൽ കുഴച്ചിലോ തരിച്ചുകേറലോ കണ്ണുതുറിക്കലോ കൂടാതെ, ഒരു തുള്ളി വെള്ളംപോലും അകത്തു കടക്കാനനുവദിക്കാതെ, ഈ അബ്ധി ലംഘിച്ചിട്ടുണ്ടു്; 'ആപാതാളനിമഗ്നപവീരതനു'വായ 'മന്ഥാചല'ത്തെപ്പോലെ ഇതിൻെറ അഗാധതയും ഗംഭീരതയും അനുഭവിച്ചറിഞ്ഞിട്ടുമുണ്ടു്. ഉല്ലോലങ്ങളായ കല്ലോലപരമ്പരകളുമായി കളിവട്ടത്തിൽ വഴക്കടിക്കുമ്പോഴും, ഇവരിൽച്ചിലരുടെ മുഖത്തു നോക്കിയാൽ, ഇങ്ങനെ വായിക്കാം — ഓ, ഇതോ, ഇതല്ലേ നമ്മുടെ തറവാടു് ?

കാര്യമൊക്കെശ്ശരിതന്നെ. എന്നാലും ലീലാസരസ്സിലെ ചിരപരിചയം നമ്മുടെ നോവലിസ്റ്റുകൾക്കു ചില പരിമിതികളും വരുത്തിവെച്ചിട്ടില്ലേ എന്നു ബലമായ സംശയം തോന്നുന്നു. പശ്ചാത്തലമായിരിക്കേണ്ടതു പുരസ്ഥലചിത്രമായി മാറുക, ഒററസ്സംഭവം അമിതമായ ഏകാഗ്രതാവ്രതത്തോടുകൂടി പ്രപഞ്ചനംചെയ്യുക, കാടിനെ കണ്ടെത്തുന്ന തിരക്കിൽ ഒററയൊററ മരങ്ങളെയും ഒററയൊററ മരങ്ങളുടെ പര്യവേക്ഷണത്തിൽ കാടിനെയും കാണാതിരിക്കുക, തുടക്കണ്ണികൾ യഥോചിതം കൊരുത്തെടുക്കുന്നതിൽ നോട്ടപ്പിഴ പററുക, സമഗ്രതാബോധം നല്കി വായനക്കാരെ സന്തർപ്പണംചെയ്യുന്നതിൽ പരാജയമടയുക — ഇങ്ങനെ പലതും നമ്മുടെ എണ്ണപ്പെട്ട നോവലിസ്റ്റുകൾക്കു തന്നെ പററിപ്പോകുന്നതു് ഇതിൻഫലമായിട്ടല്ലേ ? വിസ്തരിച്ചു വിചാരമർഹിക്കുന്ന ഒരു വിഷയമാണിതു് എന്നുമാത്രം ഇവിടെ കുറിച്ചുവെയ്ക്കട്ടെ.

ഇപ്പറഞ്ഞുവെച്ച കാഥിക_നോവലിസ്റ്റുകളുടെ മണ്ഡലത്തിൽത്തന്നെയാണു് 'നാലുകെട്ടി'ൻെറ കർത്താവായ ശ്രീ. വാസുദേവൻനായരും

നിലകൊള്ളുന്നതു്. ആർത്തിരമ്പിമറിയുന്ന അലമാലകളുടെ അനന്ത കേളികൾ നോക്കി മണൽത്തട്ടിൽ കുത്തിയിരിക്കുകയല്ല, ആ കേളികൾക്കൊപ്പം മുങ്ങിയും പൊങ്ങിയും അകലെയകലെ പുറംകടലിലേയ്ക്കു് ആഞ്ഞു നീന്തിച്ചെല്ലാൻ ശ്രമിക്കുകയാണു്, സാഹസികനായ ഈ യുവകാഥികൻ. ചില്ലറ കൈകാൽകഴപ്പോ നേരിയൊരു സംഭ്രമമോ ഒക്കെ ഇല്ലെന്നില്ല. അതു പിന്നെ സ്വാഭാവികമല്ലേ? എന്തൊക്കെയായാലും ഒരാൾക്കു് ഒററക്കുതിക്കു് ഒരു ധീവരവീരനാവുകയൊന്നും സാധ്യമല്ലല്ലോ.

ഒററ ഇരുപ്പിനു് ഒട്ടും മുഷിപ്പുകൂടാതെ വായിക്കാവുന്ന ഒരു രസികൻകഥയാണു് ഈ 'നാലുകെട്ടു്'. പേരിൽനിന്നു സ്പഷ്ടമാകുന്നതുപോലെ, നാലുകെട്ടിൻെറയും മരുമക്കത്തായത്തിൻെറയും തകർച്ചയെ കേന്ദ്രമാക്കിക്കൊണ്ടു കഥ വളരുകയാണു്. അത്യന്തസങ്കീർണ്ണമായ ഹൃദയവ്യാപാരങ്ങളുള്ള ഒരു കുട്ടിയുടെ വീക്ഷണത്തിലൂടെയാണു് കഥയുടെ കാതലായ ഭാഗങ്ങൾ മിക്കതും ചുരുളഴിഞ്ഞുവരുന്നതെന്ന വസ്തുത പ്രത്യേകം ശ്രദ്ധേയമാകുന്നു. ഒട്ടകലെ ഗിരിശൃംഗങ്ങൾക്കു മീതേ കയറിനിന്നു ദൂരദർശനകൃശങ്ങളായ താഴ്‌വരകളിലേയ്ക്കു നോട്ടമെത്തിക്കുകയല്ല, അവഗണനാബോധത്താലും നിസ്സഹായതയാലും അധമതാബോധത്താലും ലോകവിദ്വേഷത്താലും നീറിപ്പുകയുന്ന ഒരു കൗമാരഹൃദയത്തിന്നകത്തു കേറിപ്പററി അനുഭവങ്ങളുടെ വിചിത്രങ്ങളായ രൂപരസഗന്ധങ്ങളേതും വിടാതെ പിടിച്ചു സമതലത്തിലെ തിരക്കിന്നിടയിൽത്തന്നെ നിന്നുകൊണ്ടു നോക്കിക്കാണുകയാണു് വാസുദേവൻനായർ. ഈ നോവലിൻെറ വിജയോപാധികളിൽ മുഖ്യമായി ഇതിനെ ഞാനെണ്ണുന്നു.

ചോപ്പായപ്പെട്ട ഭഗവതിയിരിക്കുന്ന, ആഭിജാത്യവിജൃംഭിതമായ, നാലുകെട്ടിൽ ജീവിക്കുന്ന പാരമ്പര്യോപജീവിയായ ഒരു കുടുംബം. അതങ്ങനെ കത്തിനില്ക്കുന്ന കാലത്തു കുടുംബനാഥൻ കുറിച്ച കല്യാണത്തിനു കൂട്ടാക്കാതെ അവിടത്തെ ഒരു കന്യക, പാറുക്കുട്ടിയമ്മ, പേരുകേട്ട പകിടകളിക്കാരനും പുരുഷപുംഗവനുമായ കോന്തുണ്ണിനായരുടെ കൂടെ ഇറങ്ങിത്തിരിച്ചു. തറവാട്ടിൻെറ മുഖത്തു കരിവാരിത്തേയ്ക്കുകയല്ലേ ചെയ്തതു്? കുടുംബക്കാർ ഇരിക്കപ്പിണ്ഡം വെയ്ക്കുകതന്നെ ചെയ്തു. പരസ്പരപ്രേമവും സ്വാഭിമാനവും പ്രയത്നശീലവും കൈമുതലായുള്ള

ആ ദമ്പതികളോ, കുടുംബത്തിൻെറ പിണ്ണംവെപ്പിനെ അതിജീവിച്ചു സുഖമായി കഴിഞ്ഞുകൂടി. അവർക്കൊരു കുട്ടിയുമായി—അപ്പുണ്ണി. കരുത്തുകേടിൻെറ ഈ ജീവിതസൗഭാഗ്യത്തെ കുടുംബക്കാരും വലിയവരും എങ്ങനെ കണ്ടു പൊറുപ്പിക്കും? ഒരു സെയ്ത്താലിക്കുട്ടിയെ എങ്ങനെയോ പാട്ടിലാക്കി അയാളെക്കൊണ്ടു വിരുന്നിന്നൊരുക്കിയ മാംസത്തിൽ പാഷാണം ചേർപ്പിച്ചു കോന്തുണ്ണിനായരെ കൊല്ലിച്ചു അവർ. ആ അമ്മയും മകനും അശരണരായി.

ഇത്രയും കഥാഭാഗം നാട്ടിൻെറ പൊതുസ്വത്തായ കൊട്ടിലിലെ മുത്താച്ചിയിലൂടെയും പാറുക്കുട്ടിയമ്മയിലൂടെയും മററും അല്പാല്പമായി അസ്പഷ്ടമായി, അപ്പുണ്ണിയുടെ മുമ്പിൽ ചുരുളഴിഞ്ഞുവരുന്ന മട്ടിൽ, മനോഹരമായ ഒരു 'ഫ്ളാഷ് ബാക്ക്'രൂപത്തിൽ, അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. സെയ്ത്താലിക്കുട്ടിയോടു തീരാപ്പക, തറവാട്ടുകാരോടു വിദ്വേഷം, അമ്മയോടു സഹാനുഭൂതി, മാനിയായ അച്ഛനെക്കുറിച്ചു് അഭിമാനം, അവ്യക്തമായ ആത്മോത്കർഷബോധം, എല്ലാററിനും മീതെ കാനൽപരത്തി നില്ക്കുന്ന നിസ്സഹായത — ഇങ്ങനെ സങ്കീർണ്ണഭാവനായി വളരുന്ന അപ്പുണ്ണിയുടെ അന്തർദ്വന്ദ്വത്തിൻെറ സൂക്ഷ്മാംശങ്ങൾക്കു് ഉചിതമായ പശ്ചാത്തലം സൃഷ്ടിക്കുന്നു ഈ ആഖ്യാനശില്പം.

താൻ വടക്കേപ്പാട്ടെ തറവാട്ടിലെയാണെങ്കിലും ആ പടി കേറാൻ ഇടയായിട്ടില്ല ഒരിക്കലും. രണ്ടായിരത്തേക്കാളും വലുപ്പം കൂടിയ രണ്ടു നാഴിക ദൂരമാണു് പുത്തൻപറമ്പും തറവാടും തമ്മിൽ. കൊട്ടിലിലെ മുത്താച്ചിയിൽനിന്നു തറവാട്ടിൽ ഒരു പാമ്പുതുള്ളലുണ്ടെന്നറിഞ്ഞു് അമ്മയുടെ മനമല്ലാമനസ്സോടെയുള്ള അനുമതിയും വാങ്ങി അപ്പുണ്ണി പുറപ്പെട്ടു. അവിടെ അനുഭവപ്പെട്ട അവഗണന, പാമ്പുതുള്ളൽ കാണാനിരിക്കുമ്പോൾ, നഗ്നമായ, വാഴക്കൂമ്പുപോലുള്ള, മാറിടത്തിൽ ആടിയുലയുന്ന ദീപനാളങ്ങളും നിഴലുകളും ഇഴഞ്ഞുകളിച്ച മനുഷ്യകന്യകയുടെ മുഖവും നാഗകന്യകയുടെ ഉടലുമുള്ള ഒരു വിചിത്രരൂപസങ്കല്പത്തെ തൻെറ മനസ്സിൽപ്പതിച്ച അമ്മിണിയേട്ടത്തി(അമ്മാവൻെറ മകൾ)യെക്കുറിച്ചുള്ള അബോധസങ്കല്പങ്ങൾ, ഇങ്ങോട്ടു സ്നേഹം കാട്ടുന്നുണ്ടെങ്കിലും അങ്ങോട്ടു സ്നേഹിക്കാനാകാത്ത ഒരു മാളുവിൻെറ നേരെയുള്ള ഏതോ ധൂസരഭാവം, പുലർച്ചെ വിളിച്ചെണീപ്പിച്ചു വർത്തമാനം ചോദിച്ചു കഞ്ഞിയും ചമ്മന്തിയും തന്ന മുത്തശ്ശിയുടെ അഗാധവാത്സല്യം

കരളിൽ കുറിച്ചിട്ട മായാത്ത മുദ്ര, കഞ്ഞി കുടിക്കുന്നതിന്നിടയ്ക്കുതന്നെ കടന്നുവന്നു വാതിൽപ്പുഴുതു നിറഞ്ഞുനിന്നു് ഇടിവെട്ടുംപോലെ അലറുകയും തന്നെ കഴുത്തിനു പിടിച്ചു പുറത്താക്കി ആട്ടിയോടിക്കുകയും ചെയ്ത വല്യമ്മാമനെക്കുറിച്ചുള്ള ഭയവിദ്വേഷകഷായിതമായ ഭാവം, ഓടിക്കിതച്ചുപോകുമ്പോൾ വിളിച്ചുനിർത്തി ആശ്വസിപ്പിച്ചു ചായയും പിട്ടും വാങ്ങിത്തന്നു വീട്ടിന്റെ പടിക്കലോളം തന്നെ എത്തിച്ച സെയ്താലിക്കുട്ടിയുടെ നേരെ ആദ്യം തോന്നിയിരുന്ന പകയുടെ സ്ഥാനത്തു മുളപൊട്ടിവരുന്ന സ്നേഹാദരങ്ങൾ—ഇങ്ങനെ, ഒരു ദിവസംകൊണ്ടു പല കാലത്തെ അനുഭവപരമ്പരകളിലൂടെ കടന്നു പോന്നു്, കുറെക്കൂടി സങ്കീർണ്ണമായിത്തീർന്നു അപ്പുണ്ണിയുടെ പിഞ്ചുഹൃദയം.

അവൻ ഹൈസ്ക്കൂളിലെത്തി. തന്റെ അമ്മയുടെയും ആൺതുണയില്ലാത്ത അവൾക്കു് അത്യാവശ്യം വേണ്ട സഹായങ്ങൾ ചെയ്യുന്ന ഒരു ശങ്കരൻനായരുടെയും പേരുകൾ കൂട്ടിച്ചേർത്തു പ്രചരിച്ചിരുന്ന ചില അപവാദങ്ങൾ അവന്റെ സങ്കീർണ്ണമായ മനസ്സിനെ വല്ലാതെ അസ്വസ്ഥമാക്കി. അവൻ അമ്മയെ വിട്ടു് എങ്ങോട്ടെന്നില്ലാതെ ഇറങ്ങിത്തിരിച്ചു. അപ്പോഴേയ്ക്കും വരുന്നു, സെയ്താലിക്കുട്ടി. അയാളിൽനിന്നു പകർന്നുകിട്ടിയ ചുണയും തന്റേടവുമായി തനിക്കും അവകാശപ്പെട്ട തറവാട്ടിൽ അവൻ കേറിപ്പററി. വല്യമ്മാമനും ചെറിയമ്മാമനും തമ്മിലുണ്ടായിരുന്ന വഴക്കു് അവനു തൽക്കാലം ഒരു തണലായി. പഴയ ആ നാലുകെട്ടിൽ അവനു കിട്ടിയ കോണിച്ചോട്ടിലെ ഘനാന്ധകാരത്തിൽ മുത്തശ്ശിയുടെ നിഷ്കളങ്കവാത്സല്യവും അമ്മിണിക്കുട്ടിയുടെ മുഗ്ദ്ധപ്രണയവും ഇടയ്ക്കിടയ്ക്കു മിന്നിക്കളിച്ചു.

എപ്പോഴും മടമ്പിടിച്ചു നടക്കുന്ന തന്നിഷ്ടക്കാരിയും തന്റേടക്കാരിയുമായ വലിയമ്മ, അട്ടക്കളമുക്കിൽ തീക്കൊള്ളിയുന്തിക്കഴിയുന്ന, 'ചിരിയ്ക്കാൻ വയ്യാ, കരയാനൊട്ടിടയുമില്ല' എന്ന മട്ടുകാരി ചെറിയമ്മ, അവരുടെ മിനിയേച്ചർപ്രതിരൂപമായ മാളു, ഒററക്കാളവണ്ടിയിൽ സ്ക്കൂളിൽ പോകുന്ന ഭവ്യപ്രമാണികളായ ഭാസ്ക്കരനും കൃഷ്ണൻകുട്ടിയും (വലിയമ്മയുടെ മക്കൾ), പോത്തുപോലെ പണിയെടുക്കുന്ന കഴുതയാണെങ്കിലും ഇടയ്ക്കുവെച്ചു വല്യമ്മാമനോടു വഴക്കുകൂടി ഒരു നുണങ്ങു തന്റേടവും മനുഷ്യത്വവും കാട്ടുന്ന കുട്ടമ്മാമൻ, തനി ദുശ്ശാസനനായ

വല്യമ്മാമൻ— ഓ, വല്ലാത്തൊരു ലോകമാണ് 'ആ നാലുകെട്ട്.' അവിടെ അടങ്ങിയൊതുങ്ങിപ്പാത്ത് അവൻ സ്കോളർഷിപ്പ് ഫൈനൽ ജയിച്ചു. അതിലിടയ്ക്കു തറവാട്ടിൽ ഭാഗക്കേസ്സും വഴക്കും വക്കാണവും മുറുകിവന്നു തനി അരക്ഷിതാവസ്ഥയായിക്കഴിഞ്ഞിരുന്നു.

തുടർന്നു പഠിക്കുന്ന കാര്യം ആലോചിക്കാനേ ഇല്ല. തറവാട്ടിലിങ്ങനെ കഴിച്ചുകൂട്ടുകയും വയ്യാ. എന്തു ചെയ്യും? അപ്പോഴും വരുന്നു, സെയ്താലിക്കുട്ടി. അയാൾ അവന്നു വയനാട്ടിൽ ഒരു ജോലി ഏർപ്പെടുത്തികൊടുത്തു. കുറച്ചുകൊല്ലങ്ങൾക്കുള്ളിൽ അപ്പുണ്ണി ഒരു പണക്കാരനായി നാട്ടിലേയ്ക്കു തിരിച്ചുവന്നു. അപ്പോഴേയ്ക്കു കഥയാകെ മാറിയിരിക്കുന്നു. ഭാഗം കഴിഞ്ഞു തറവാടാകെ ഛിന്നഭിന്നമായിക്കഴിഞ്ഞു. ഭഗവതിയെ കുടിവെച്ച നാലുകെട്ടിന്മേൽ കുറച്ചു കടമുണ്ട്. പടം താഴ്ത്തി നിന്ന വല്യമ്മാമനോട് അതു വാങ്ങി അപ്പുണ്ണി. എന്നിട്ട്, തന്നെ ആട്ടിയോടിക്കുകയും അമ്മയെ പുറത്താക്കി പടിയടച്ചു പിണ്ഡം വെയ്ക്കുകയും ചെയ്ത ആ നാലുകെട്ടിലേയ്ക്ക് അമ്മയെയും ശങ്കിച്ചു നില്ക്കുന്ന ശങ്കരൻനായരെയും കൂട്ടിക്കൊണ്ടു വരികയും ചെയ്തു.

നാലുകെട്ട് എന്ന വാസ്തുശില്പത്തിന്റെയും അതുൾക്കൊള്ളുന്ന മരുമക്കത്തായമെന്ന മഹാസ്ഥാപനത്തിന്റെയും അനിവാര്യമായ തകർച്ച ചിത്രീകരിക്കുകയാണ് ഈ നോവൽ എന്നു ബാഹ്യദൃഷ്ട്യാ തോന്നാം. ഒരതിർത്തിവരെ അതു ശരിയാണുതാനും. പക്ഷേ ജടിലമായ മനസ്തത്വശാസ്ത്രത്തിന്റെ സൂക്ഷ്മാപഗ്രഥനത്തിലൂടേ, അവഗണിതനും അവമാനിതനുമായ ഒരു വ്യക്തിയുടെ വളർച്ചയെ കേന്ദ്രീകരിച്ചുകൊണ്ടാണ് നോവലിന്റെ പുരോഗതി എന്നു സൂക്ഷിച്ചുനോക്കിയാൽ കാണാം. ഇതു ഗണനീയമായ ഒരു വ്യത്യാസമാണ്. അപ്പുണ്ണി എന്ന വ്യക്തിയുടെ വളർച്ചയ്ക്കുവേണ്ടിയാണ്—ആ ഏകലക്ഷ്യത്തെ മുൻനിർത്തിയാണ്— ഇതരഘടകങ്ങളെല്ലാം സംഘടിപ്പിക്കപ്പെട്ടിരിക്കുന്നതു്. കുടുംബത്തിൽനിന്നു പുറംതള്ളപ്പെട്ട ഒരു സ്ത്രീയുടെ മകനായി പിറക്കൽ, മാനിയായ താതനെക്കുറിച്ചുള്ള ഊററവും അദ്ദേഹത്തിന്റെ അപമൃത്യുവിന്നിടയാക്കിയ സെയ്താലിക്കുട്ടിയുടെ നേരെയുള്ള പ്രതികാരതൃഷ്ണയും, ഈ സെയ്താലിക്കുട്ടിതന്നെ അപ്പുണ്ണിയുടെ ജീവിതത്തിന്റെ ഓരോ വഴിത്തിരിവിലും പ്രത്യക്ഷപ്പെട്ടു നേർവഴിക്കു നയിക്കുന്നതു്, തറവാട്ടിലെ പാമ്പുതുള്ളലും അമ്മിണിക്കുട്ടിയുമായുള്ള സ്വപ്നപ്രേമാനുഭൂതിയും, അമ്മയെക്കുറിച്ചു

ണ്ടായ അപവാദങ്ങളും തൽഫലമായ അകൽച്ചയും—എന്നു വേണ്ടാ, നോവലിലെ എല്ലാ കഥാപാത്രങ്ങളും എല്ലാ സംഭവങ്ങളും ഈ അപ്പുണ്ണിയെന്ന സൂര്യന്നു ചുററും കറങ്ങുന്ന ഉപഗ്രഹങ്ങളത്രേ. വസ്തുനിഷ്ഠവും നിസ്സംഗവുമായ ആഖ്യാനശൈലിയല്ല, കാതലായ ഭാഗങ്ങളിലെല്ലാം ആത്മപ്രതീതരീതിയിൽ അനുഭൂതികളിൽ ആണ്ടുമുങ്ങിക്കൊണ്ടുള്ള ആഖ്യാനശൈലിയാണ്, അവലംബിക്കപ്പെട്ടിരിക്കുന്നതു്. അപ്പോൾ, ഇതു് ഒരേസമയത്തു് ഒരു സാമൂഹ്യനോവലും ഒരു മനശ്ശാസ്ത്രനോവലുമാണെന്നു പറയാം. പേരുകൊണ്ടും അററങ്ങളുടെ ഘടനകൊണ്ടും സാമൂഹ്യാംശം കേററിയെഴുന്നള്ളിക്കപ്പെട്ടിട്ടുണ്ടെങ്കിലും, വാസ്തവത്തിൽ, അപ്പുണ്ണിയുടെ അന്തസ്സംഘർഷത്തിലാണ് നോവലിൻെറ രസനീയത മിക്കവാറും കിടക്കുന്നതു്.

നോവലിൻെറ അവസാനഭാഗംവരെയും അനുസന്ധാനംചെയ്യപ്പെട്ടിട്ടുള്ള മധ്യകേരളത്തിലെ ഗ്രാമീണജീവിതപശ്ചാത്തലം നിങ്ങളുടെ ശ്രദ്ധയാകർഷിക്കാതിരിക്കയില്ല. ചായക്കടയും പലചരക്കുകടയും പാമ്പുതുള്ളലും വെള്ളപ്പൊക്കവും എഴുഷണിയും കുസൃതിയും ഉത്സവങ്ങളും വേദനകളും ബ്രാഹ്മണമേധാവിത്വവും പഴയ തറവാട്ടുകാരുടെ 'തവിടു തിന്നാലും തകൃതിവിടാത്ത' മട്ടും എല്ലാം കൂടി കെട്ടിപ്പിണഞ്ഞുകിടക്കുന്ന ഉൾനാടൻജീവിതത്തിൻെറ ഒരു മധുരോജ്ജ്വലചിത്രമാണ് ശ്രീ. എം. ടി. വരച്ചുവെച്ചിരിക്കുന്നതു്. കാലത്തിൻെറ ഹൃദയസ്പന്ദം വേണ്ടത്ര കേൾക്കുന്നില്ല എന്ന അഭിപ്രായമുണ്ടാകാം. ഇതിവൃത്തഘടനയിൽ സാമൂഹ്യത്തെ മറവിൽ നിർത്തി ഒരു വ്യക്തിയുടെ നിശ്ചിതമാർഗ്ഗത്തിലൂടെയുള്ള വളർച്ചമാത്രം വരച്ചു കാട്ടാനനുമ്പോൾ, അങ്ങനെയല്ലേ വരൂ.

അപ്പുണ്ണിയുടെ സങ്കല്പങ്ങളിലൂടെയും പാറുക്കുട്ടിയമ്മയുടെ സ്വപ്നങ്ങളിലൂടെയും മിക്കവാറും ധൂസരവർണ്ണങ്ങളിലാണ് പ്രത്യക്ഷപ്പെടുന്നതെങ്കിലും, വിപ്ലവകാരിയും പകിടകളിവിദഗ്ദ്ധനും തൻേറടക്കാരനും തലയെടുപ്പുള്ളവനുമായ ആ കോന്തുണ്ണിനായർ കാമുകീസ്വപ്നങ്ങളിലെന്നപോലെ സഹൃദയഹൃദയങ്ങളിലും മങ്ങാതെ ഒളിവീശുകതന്നെ ചെയ്യും. തലയിൽക്കെട്ടും മുറുക്കിച്ചുവപ്പിച്ച ചുണ്ടും ചുവന്ന കല്ലുവെച്ച കടുക്കനും നാടാകെ മാറെറാലിക്കൊള്ളുന്ന ചിരിയുമായി പുഴക്കരയിലെ അത്താണിയിലുള്ള ഇരിപ്പും ആർജ്ജവം തികഞ്ഞ നാടൻപ്രേമാഭ്യർത്ഥനയും വടക്കേപ്പാട്ടെ തറവാട്ടിൽനിന്നു നിർമ്മാല്യമാല്യംപോ

ലെ പാറുക്കുട്ടിയമ്മയെ കോരിയെടുത്തുകൊണ്ടുള്ള ആ പോക്കും മധു വിധുകാലത്തു ചോന്നൊലിക്കുന്ന പുരയിൽ അടുത്തിരിക്കുന്ന പ്രണയിനിയോടു തന്റെ കൂടെ ഇറങ്ങിത്തിരിച്ചതിൽ പശ്ചാത്താപമുണ്ടോ എന്നു ചോദിക്കുന്നതും എതിർപ്പുകളെ മടിയേററി ലാളിക്കുന്ന സ്വഭാവവും ജാതിമതാദിഭേദചിന്തകൾ തീണ്ടാത്ത ആ സർവ്വാശ്ലേഷിയായ സൗഹാർദ്ദവായ്പും എല്ലാം ഒന്നിനൊന്നു കൗതുകകരംതന്നെ.

ആദ്യമാദ്യം അപ്പുണ്ണിയുടെ തീരാപ്പകയുടെ പുകച്ചുരുളുകളിലൂടെ ഒരു ഭീകരമൂർത്തിയായവതരിച്ച്, പിന്നെപ്പിന്നെ ഉദാരമധുരമായ സാഹോദര്യത്തിന്റെ ഉജ്ജ്വലപ്രതീകമായി മാറുന്ന സെയ്താലിക്കുട്ടിയും നല്ല വ്യക്തിത്വമുള്ള കഥാപാത്രംതന്നെ. പക്ഷേ അപ്പുണ്ണി ചെന്നു കേറുന്ന നരിവാളൻകുന്നിന്റെ ചെരിവിലെ കണ്ണാന്തളിപ്പടപ്പുകളുടെ നടുക്കും അമ്മാമൻ ആട്ടിയോടിച്ച നെട്ടോട്ടമോടുന്നതിനിടയ്ക്കു തട്ടിത്തടഞ്ഞു വീണ പൊടി തട്ടിയെണീററ് അവൻ കുത്തിയിരിക്കുന്ന കുററിക്കാട്ടിലും മററും ഒരു ദേവദൂതനെപ്പോലെ സെയ്താലിക്കുട്ടി പ്രത്യക്ഷപ്പെടുന്നതിൽ വായനക്കാർക്ക് ഒരു പന്തികേടു തോന്നിയെന്നുവരാം. സാരമില്ല. വിജനമായ ഒരു നാട്ടിൻപുറത്തിലെ '०'വട്ടത്തിലുള്ള ശൂന്യതയുടെ മുക്കിലും മൂലയിലും രണ്ടു മനുഷ്യാത്മാക്കൾ അടിക്കടി കണ്ടുമുട്ടുന്നു എന്നു വെയ്ക്കാനല്ലേ ഉള്ളൂ ?

പാറുക്കുട്ടിയമ്മയുടെ കാര്യം.

തറവാട്ടുകാരണവർ കല്പിച്ചു നിശ്ചയിച്ച പാണ്ടനും ഇമ്പാണ്ടനുമായ വരനെ നിഷേധിച്ചു മനോരഥപ്രിയതമന്റെ പിറകേ രണ്ടും കല്പിച്ചിറങ്ങിത്തിരിച്ച ആ സാഹസിക, ഭർത്താവിന്റെ ആകസ്മികമരണത്തിനുശേഷം അശരണയായെങ്കിലും പ്രലോഭനങ്ങളിൽനിന്നു ബഹുദൂരം ഒഴിഞ്ഞുമാറി പുത്രസ്നേഹപരായണയായി ഇല്ലത്തു വിറകു കീറിയും ഉലയ്ക്കു വലിച്ചും ജീവിക്കാൻ തുടങ്ങുന്നതോടെ നമ്മുടെ സ്നേഹാദരങ്ങൾ മുഴുവനും ചോർത്തെടുത്തുകളയുന്നു. സ്നേഹശീലനെങ്കിലും ഇല്ലത്തെ വേലക്കാരൻമാത്രമായ ശങ്കരൻനായരുടെ മിഥ്യാപവാദഭയചോദിതമായ വിവാഹാർത്ഥന നിഷേധിക്കുകകൂടി ചെയ്യുമ്പോൾ—കേട്ടുകേൾവികൾമൂലവും പ്രത്യക്ഷാനുഭവങ്ങളാലും തെററിദ്ധരിച്ച അപ്പുണ്ണി കൈവെടിഞ്ഞുപോവുകകൂടിയാകുമ്പോൾ—പാറുക്കുട്ടിയമ്മയോടുള്ള സ്നേ

ഹാദരങ്ങൾ സഹാനുഭൂതിയായി അണമുറിച്ചൊഴുകുകതന്നെ ചെയ്യും. പക്ഷേ എന്തിനെന്നില്ലാതെ വന്നുപെട്ട (അതോ വർണ്ണിക്കപ്പെട്ടതോ?) ആ ഭയങ്കരവെള്ളപ്പൊക്കത്തിൽ ശങ്കരൻനായരുടെ കൈയാൽ രക്ഷപ്പെട്ടതോടെ പിന്നീടു് അയാളെ ഭർത്താവായി സ്വീകരിച്ചു എന്ന ധാരണയുളവാകത്തക്കവിധം അവരെ ഏറെക്കാലത്തേയ്ക്കു വിസ്മരിച്ചതും ഒടുക്കം നാലുകെട്ടിലേയ്ക്കു് അവരിരുവരെയുംകൂടി അപ്പുണ്ണി കൂട്ടിക്കൊണ്ടുവന്നതായി പറഞ്ഞുവെച്ചതും നല്ല പന്തിയായോ എന്നു ചോദിക്കാൻ തോന്നും. ഏററവുമധികം ഓർമ്മിക്കപ്പെടേണ്ട—ഒരിക്കലും മറക്കാൻ പാടില്ലാത്ത—ആ പുത്രവിയോഗകാലമത്രയും അവരെ നോവു തിന്നാൻ തനിച്ചു വിട്ട കാഥികൻ കടന്നുകളഞ്ഞതു സുന്ദരമായ കഥാഗാത്രത്തിൽ ഒരു ശ്വിത്രംപോലെ കാണപ്പെടുന്നു.

അനവധി കൊല്ലം അകന്നു ജീവിച്ചു് അവനവൻേറതായ ഏതോ വലയത്തിന്നകത്തായിപ്പോയ ആ അമ്മയും മകനും പിന്നീടു കണ്ടുമുട്ടുന്ന മഹനീയമായ നാടകീയസന്ദർഭം ഇങ്ങനെ ശ്ലോകത്തിൽ കഴിച്ചതെന്തിനേ എന്നും ചോദിക്കാൻ തോന്നുന്നു. യാതൊരനർഘനിമിഷത്തിൻെറ ഭാസുരവികാസത്തിന്നുവേണ്ടിയാണോ കളമൊരുക്കിയതു്, ആ നിമിഷം വന്നപ്പോൾ മൂകതയോ? "എന്തൊരിരുട്ടാ ഇതിനകത്തു്, അപ്പുണ്ണീ?" "പകലും ഇതിനകത്തു് ഇരുട്ടാണു്, ഇവിടെ കാരണോന്മാരുടെ പ്രേതങ്ങളുണ്ടാവും പകലും.... അമ്മ പേടിക്കണ്ടാ. ഈ നാലുകെട്ടു പൊളിക്കാൻ ഏർപ്പാടു ചെയ്യണം. ഇവിടെ കാററും വെളിച്ചവും കടക്കുന്ന ഒരു ചെറിയ വീടു മതി....:" ഒരു വെറും സാമൂഹ്യനോവലിലൂടെ, സാമൂഹ്യ-രാഷ്ട്രീയപ്രവർത്തനങ്ങളിലേർപ്പെടുന്ന കഥാപാത്രങ്ങളിലൂടെ, നാലുകെട്ടിൻെറ തകർച്ച കാണിക്കാൻ ഈ സംഭാഷണം മതിയായിരിക്കും. പക്ഷേ ചിരവിരഹിതരായ ഈ ജനനീതനയന്മാർ കണ്ടുമുട്ടുമ്പോൾ കൈമാറുന്ന ആശയങ്ങളല്ല അവ. നാലുകെട്ടിന്നകത്തെ ഇരുട്ടിനെക്കാൾ, പ്രേതങ്ങളെക്കാൾ, കൂടുതൽ സ്വന്തം ഹൃദയങ്ങളിലെ ഇരുട്ടും പ്രേതങ്ങളുമായിരിക്കണം—കുറഞ്ഞ പക്ഷം, അതും കൂടിയായിരിക്കണം—അവരുടെ ജിഹ്വാവ്യാപാരവിഷയമെന്നു തോന്നുന്നു. അഗാധതീവ്രമായ മനോവേദന മൂകമായി സഹിച്ചുപോന്ന ആ അമ്മയും തെററിദ്ധരിക്കുകയോ ശരിയായി ധരിക്കുകയോ ചെയ്തതിനെക്കുറിച്ചു് അപരാധബോധത്തിൽ വെന്തെരിയുന്ന ആ മകനും ഈ ഭാഷയിലല്ല

സംസാരിക്കുക. നാലുകെട്ടോ ബംഗ്ലാവോ മക്കത്തായമോ മരുമക്കത്തായമോ അല്ല, മനുഷ്യനാണു്, എപ്പോഴും പ്രശ്നം—വികാരവിധേയവും അനിയതഗതിയുമായ ഹൃദയയന്ത്രംകൊണ്ടു കുഴങ്ങുന്ന മനുഷ്യൻ.

ഏതാണ്ടൊരു സ്വപ്നാനുഭൂതിപോലെയുള്ള—എന്നാൽ യാഥാർത്ഥ്യംതന്നെയായ—ആ പ്രണയകഥയുണ്ടല്ലോ, അതിന്നു് അപ്പുണ്ണിയുടെ മാനസികഘടനയിലെ വിലക്ഷണസുന്ദരമായ ഒരംശമെന്ന നിലയ്ക്കു വല്ല പ്രാധാന്യവുമുണ്ടെങ്കിലുണ്ടു് എന്നേയുള്ളു. നാലുകെട്ടിന്റെ അന്തരീക്ഷസങ്കല്പത്തിലും അപ്പുണ്ണിയുടെ വളർച്ചയിലും അതു് ഒരപരിഹരണീയഘടകമല്ല. സോമർസെററ്മോമിന്റെ ഒരു നോവലിൽ ഇത്തരമൊരർദ്ധബോധപ്രണയാനുഭൂതിയുടെ വർണ്ണന വായിച്ചതായി ഓർക്കുന്നു. അവിടെ അതു നായകന്റെ സ്വഭാവഘടനയിൽ സമൂലപരിവർത്തനം വരുത്തുന്ന ഒരുപാധിയാണെങ്കിൽ, ഇവിടെ ഇതു ഹൃദയത്തിന്റെ അളുക്കിൽ വർണ്ണക്കടലാസ്സിൽപ്പൊതിഞ്ഞു സൂക്ഷിക്കേണ്ട ഒരാനുഷംഗികാനുഭവംമാത്രം. ഈ പ്രണയകഥയും ആ വെള്ളപ്പൊക്കവും വിശേഷിച്ചൊരു ലക്ഷ്യത്തിലേയ്ക്കും കൈ ചൂണ്ടാതെ കഥാഗാത്രത്തിൽ തൂങ്ങിനില്ക്കുന്നതുപോലെ തോന്നിപ്പോകുന്നു.

മുക്കോട്ടുകറ ചേർത്തു മേഞ്ഞു കുമ്മായമിട്ടു പഴുതടച്ചു് ഇതിവൃത്തത്തിന്നു് ഒരു സമഗ്രത കൈവരുത്തുന്ന കാര്യത്തിൽ നോവലിസ്റ്റിന്റെ സാകല്യസങ്കല്പമല്ല, കാഥികന്റെ പരിമിതബോധവും നാടകകൃത്തിന്റെ രംഗസങ്കല്പവുമാണു്, വാസുദേവൻനായരിൽ മുൻകയ്യെടുത്തു പ്രവർത്തിച്ചതെന്നു പറയേണ്ടിയിരിക്കുന്നു. തെററിദ്ധരിച്ചു പിരിയുന്ന മകനും അശരണയായിത്തീരുന്ന അമ്മയും മിക്കവാറും പരസ്പരം വിസ്മരിച്ചുകഴിയുന്നതു്, വയനാടൻപശ്ചാത്തലത്തിലെ ജീവിതത്തിന്റെ നിർജ്ജീവത, അവസാനഭാഗത്തു കാണുന്ന സംഭവങ്ങളുടെ തവളച്ചാട്ടം, കൊട്ടിലിലെ മുത്താച്ചിയെ വിസ്മരിച്ചുകളയുന്നതു്—ഇങ്ങനെ പലതും ഈ നാലുകെട്ടിനകത്തു ചോർച്ചയ്ക്കു വഴിവെച്ചിട്ടില്ലേ എന്ന സംശയം.

നാനാമുഖമായ അനുഭവപരമ്പരകളിലൂടെ കടന്നുപോന്നു്, തന്റെ പ്രതികാരവാഞ്ഛയുടെ ലക്ഷ്യമായിരുന്ന സെയ്താലിക്കുട്ടിയിൽനിന്നു് ഉറഞ്ഞുകൂടി കിട്ടിയ ജീവിതശ്രേയസ്സുകളുമായി, ഒരൊത്ത മനുഷ്യനായി നാട്ടിലേയ്ക്കു തിരിച്ചുവരുന്ന അപ്പുണ്ണിയിൽ മുതിർച്ചയെത്തിയ

ഒരു മനുഷ്യനെയല്ല നാം കാണുന്നതെന്നും എടുത്തുപറയേണ്ടിയിരിക്കുന്നു. മാളുവിന്റെ ദയനീയസ്ഥിതി വിവരിച്ച് 'ഓമക്ക് നീയെന്നേ ഒരാശ്രയമുള്ളു' എന്നു പറയുന്ന കുട്ടമ്മാമനോട്, അയാളുടെ പഴയ വാക്കു കൊരുത്തു വെച്ചുകൊണ്ട്, 'ഞാൻ തുക്കിടിസ്സായിപ്പൊന്നുമായിട്ടില്ലല്ലോ' എന്നും നാലുകെട്ടിന്മേലുള്ള കടംതീർക്കാൻ ഒരു പൊത്തുവരുത്തുമില്ലാഞ്ഞു സഹായം യാചിക്കുന്ന വല്യമ്മാമനോട്, 'എന്റെ കയ്യിൽ പണമുണ്ട്, പക്ഷേ തൽക്കാലം തരാൻ വിചാരിക്കുന്നില്ല' എന്നും പറയുന്ന അപ്പുണ്ണിയിൽ വളന്ന ഒരു മനുഷ്യനെയല്ല, ഒരു പീറക്കുട്ടിയെയാണ് ഞാൻ കാണുന്നതു്—'എന്റെച്ഛനു കാറുണ്ടല്ലോ, കുട്ടിക്കു തരില്ല ഞാൻ' എന്നു പറയുന്ന ഒരു പീറക്കുട്ടിയെ.

ഒരു ജീവിതവൈലക്ഷണ്യത്തിലേയ്ക്കോ സത്യകേന്ദ്രത്തിലേയ്ക്കോ തീപ്പെട്ടിക്കൊള്ളിയുരച്ചു കാണിക്കുന്ന ചെറുകഥയുടെ സാങ്കേതികമാർഗ്ഗത്തിൽനിന്നു മൗലികമായിത്തന്നെ ഭിന്നമായ നോവലിന്റെ ശില്പവുമായുള്ള ഇണക്കക്കുറവാണ് ഇപ്പറഞ്ഞുവെച്ച ചില്ലറ അസ്വാരസ്യങ്ങൾമിക്കതിന്നും കാരണം. ഇതിനെത്തന്നെയാണ് കളിപ്പൊയ്ക്കയിലെ ശീലവും വെച്ച് ആഴക്കടലിലേയ്ക്കു കടക്കുമ്പോഴുള്ള കൈകാൽകുഴപ്പായി ഞാൻ ഈ ചിന്തകളുടെ തുടക്കത്തിൽ കുറിച്ചതു്.

മഹത്തായ നോവലുകളെഴുതാനുള്ള സന്നാഹപ്രക്രിയയിൽ ഗണനീയമായ ഒരു ഭാഗമാണ് വാസുദേവൻനായരുടെ ഈ നോവൽ നിർവ്വഹിക്കുന്നതു്. കേരളീയവും കേരളീയതരവുമായ ജീവിതങ്ങളെ സമഗ്രമായധ്യയനംചെയ്ത് ഓരോ സംഭവത്തെയും തോതൊപ്പിച്ച സോദ്ദേശ്യമായിത്തന്നെ കെട്ടിപ്പടുത്തു വലിയ വലിയ നോവലുകളെഴുതുന്നതിന്നു വഴികാട്ടിയായിട്ടു വേണം ഈ 'നാലുകെട്ടി'നെ സാഹിത്യവിദ്യാത്ഥികൾ കാണുക. വായനക്കാരോ, ഇതേ നിലയിൽത്തന്നെ ഒരു രസികൻനോവൽ കിട്ടിയതുകൊണ്ടു സംതൃപ്തരുമാകുന്നു.

KOTTAYAM PUBLIC LIBRARY
KOTTAYAM.

# രണ്ടു നോവൽത്തർജ്ജമകൾ*

'അണ്ടർ ദി യോക്ക്'' എന്ന പ്രശസ്തമായ ബൾഗേറിയൻനോവലിന്റെ ഒന്നാം ഭാഗമാണ് ശ്രീമതി സുഭദ്രാപരമേശ്വരൻ വിവത്തനം ചെയ്തവതരിപ്പിക്കുന്ന 'നുകത്തിന്നടിയിൽ.' തുർക്കിസ്സാമ്രാജ്യത്വത്തിന്റെ നുകത്തിന്നടിയിൽനിന്നു വിമോചനം നേടാനായി ബൾഗേറിയൻ ജനത നടത്തിയ ത്യാഗോജ്ജ്വലമായ ധീരസമരത്തിന്റെ പശ്ചാത്തലത്തിൽ നെയ്തെടുത്ത ഈ ചരിത്രറൊമാൻസ് അസാമാന്യമായ നാടകീയത തികഞ്ഞതാണ്. വിമോചനത്തിന്നു മുമ്പുള്ള ബൾഗേറിയയുടെ ചരിത്രമെന്ന നിലയ്ക്കും നമ്മബോധം അലയടിക്കുന്ന ഒരു മികച്ച നോവലെന്ന നിലയ്ക്കും ഇതു സവിശേഷശ്രദ്ധയർഹിക്കുന്നു. വിദഗ്ദ്ധമായി ആഖ്യാനംചെയ്യപ്പെട്ട വികാരോജ്ജ്വലമായ കഥ നമ്മെ നിശ്ചയമായും പിടിച്ചിരുത്തും.

ബൈലാചെർക്വെ എന്ന ബൾഗേറിയൻഗ്രാമത്തിലെ ഒരു കുടുംബത്തിൽ ഗൃഹനാഥനായ ചോർബാഡ്ജിമാർക്കോ കുടുംബത്തോടൊപ്പം തോട്ടത്തിൽ അത്താഴം കഴിച്ചു കുഞ്ഞുങ്ങളുമായി കളിച്ചുകൊണ്ടിരിക്കേ, പുറംമതിലിന്നടുത്തു് എന്തോ ചാടിവീഴുന്ന ഭയങ്കരശബ്ദം കേൾക്കുന്നതും പ്രശാന്തമായ ആ അന്തരീക്ഷം ഭയാശങ്കകളാൽ തിളച്ചുമറിഞ്ഞുതുടങ്ങുന്നതുമായ ഒന്നാമധ്യായത്തിൽ തൊടുത്തുവെച്ച അനിശ്ചിതത്വവും

---

*നുകത്തിന്നടിയിൽ — ഐവൻ വാസോവ് — വിവ: സുഭദ്രപരമേശ്വരൻ
ദിവ്യ — യശ്പാൽ — വിവ: കെ. കൃഷ്ണമേനോൻ

ഉത്കണ്ഠയും ഉടനീളം പുലത്തുന്നതിൽ നോവൽകത്താവു പ്രശംസ നീയമായ വിജയം നേടിയിരിക്കുന്നു.

തുക്കികളുടെ ദുഷ്പ്രഭുത്വവും മൃഗീയപ്രകൃതിയും കൊള്ളരുതായ്മയും ബൽഗേറിയക്കാരുടെ ആവേശവും ആത്മാത്ഥതയും നിസ്സഹായതയും ഹൃദ്യമായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. താഴ്ന്ന തരത്തിൽപ്പെട്ട ഉദ്യോഗസ്ഥന്മാർ മൃഗീയമായി മദ്ദിക്കുകയും കൈക്കൂലിവാങ്ങുകയും ചെയ്യുമ്പോൾ, ഉയന്ന ഉദ്യോഗസ്ഥന്മാർ (ഉദാഹരണത്തിന്നു ബേ എന്നു വിളിക്കപ്പെടുന്ന ഗവണ്ണർ), ബൽഗേറിയക്കാരുടെ സമരഗാനം തുക്കിയുടെ വിജയഗീതമായി വ്യാഖ്യാനിച്ചുകൊടുക്കപ്പെട്ടതു കേട്ടു സംതൃപ്തിയടയുന്നു. ഇന്ത്യയിൽ ബ്രിട്ടീഷാധിപത്യത്തിൻെറ കാലത്തുണ്ടായിരുന്നതിനെക്കാൾ ക്രൂരവും ഭീകരവുമായ മദ്ദനമുറകളും അപമാനനപ്രക്രിയകളും തുക്കിനുകത്തിന്നടിയിൽ ബൽഗേറിയക്കാക്ക് അനുഭവിക്കേണ്ടിവന്നിട്ടുണ്ട്; അത്തരം അനേകം രംഗങ്ങൾ ഈ നോവലിൽ രോമാഞ്ചജനകമാംവിധം ചിത്രീകരിക്കപ്പെട്ടിട്ടുമുണ്ട്.

ബൈലാചെർക്കേവയിലെ ചോർബാഡ്ജിമാർക്കോകുടുംബത്തെയും പരിസരവാസികളെയും സ്ഥലത്തെ പോലീസധികൃതരെയും അമ്പരിപ്പിച്ചുകൊണ്ട് എങ്ങുനിന്നോ വന്നെത്തിയ ക്രാലിച്ച് എന്ന സ്വാതന്ത്ര്യസമരസേനാനിയെ വലംവെച്ചുകൊണ്ടാണ് കഥയുടെ വികാസം സാധിക്കുന്നതു്. ഓഗ്യനോവ് എന്ന ക്രിത്രിമപ്പേർ കൈക്കൊണ്ട പള്ളിയധികൃതരുടെയും ദേശാഭിമാനികളായ നാട്ടുകാരുടെയും ഒത്താശയോടെ, ആ യുവാവു് (അയാൾ ജീവപര്യന്തമുള്ള തടവിൽനിന്നു ചാടിപ്പോന്ന സാഹസികനാണ്) സ്ഥലത്തെ വിദ്യാലയത്തിൽ അധ്യാപകനായി ചേരുന്നതും രഹസ്യമായി നാട്ടുകാരെ സംഘടിപ്പിച്ചു വിപ്ലവവഹ്നി ഊതിക്കത്തിക്കാൻ ശ്രമിക്കുന്നതും വിദ്യാലയത്തിലെ വാഷികോത്സവനാടകത്തെക്കൂടി നാട്ടുകാരിൽ വിപ്ലവാവേശമുയത്താൻ ഉപയോഗിക്കുന്നതും കോൺവെൻറിലെ അധ്യാപികയായ റാഡയിൽ അനുരക്തനാകുന്നതും ഒന്നിലധികം കാരണങ്ങളാൽ അസൂയാകലുഷിതനായ സ്റ്റെഫ്കോവ് എന്ന ഉദ്യോഗസ്ഥൻെറ നേരിട്ടും വളഞ്ഞ വഴിക്കുമുള്ള പല ആക്രമണങ്ങൾക്കും ഇരയാകുന്നതും വായിച്ചുപോകുമ്പോൾ ഒരു വ്യക്തിയുടെ ജീവിതത്തിലൂടെ ചുരുളഴിഞ്ഞു വളന്നുനീളുന്ന ആ കഥയിൽ, നിങ്ങൾക്ക് ഒരേസമയത്തു് അഗാധമായ മാനസികാപഗ്രഥനവും സ്തംഭി

പ്പിച്ചുകളയുന്ന അനിശ്ചിതത്വവും പൊട്ടിച്ചിരിക്കുന്ന പരിഹാസവും ഉദാത്തമായ റൊമാൻസും ആസ്വദിക്കാം. രണ്ടു തുക്കിയുദ്യോഗസ്ഥന്മാരെ, സുഹൃത്തുക്കളുടെ പ്രതികാരതൃഷ്ണ ശമിപ്പിക്കാനായി, വെട്ടിനുറുക്കി, മഞ്ഞു തളംകെട്ടിക്കിടക്കുന്ന മലയിടുക്കുകളിലൂടെ എങ്ങനെയോ രക്ഷപ്പെട്ട് ഒരു താൽക്കാലികത്താവളത്തിലെത്തിച്ചേരുകമാത്രം ചെയ്യുന്ന ക്രാലിച്ചിന്റെ അനന്തരജീവിതവും അതുമായി കെട്ടുപിണഞ്ഞുകിടക്കുന്ന റാഡയുടെയും ബൽഗേറിയയുടെയും ഭാവിയും അറിയാൻ വെമ്പിക്കൊണ്ടല്ലാതെ, പരമാർത്ഥത്തിൽ, ഈ ഒന്നാംഭാഗം വായിച്ചു നിർത്തുക വയ്യാ.

തുക്കികളുടെ ഭാഗത്തു ചേർന്നുനിന്നു സ്വന്തം നാട്ടിനെ ഒററിക്കൊടുക്കുന്ന, നിതാന്തനിസ്തേജസ്സനും വഞ്ചകനും കാമുകനുമായ ഒരധ്യാപകനെ നിശ്ചിതസങ്കേതത്തിൽ സന്ദർശിക്കാൻ ഡോക്ടർ സോക്കലോവ് തന്റെ വളത്തുമൃഗമായ ക്ലിയോപാട എന്ന കരടിയെ ഏപ്പാടുചെയ്യുന്നതു്; വിദ്യാലയത്തിലെ നാടകാഭിനയാവസരത്തിൽ നാടകത്തിലെ കഥയും അഭിനയരഹസ്യങ്ങളും പാട്ടുകളുടെ അത്ഥവുമെല്ലാം ആവശ്യംപോലെ വളച്ചൊടിച്ചു തികച്ചും സംതൃപ്തിജനകമാംവിധം തുക്കിഗവണ്ണക്കു വ്യാഖ്യാനിച്ചുകൊടുക്കപ്പെടുന്നതു്; താൻതന്നെ ആദ്യമായി പിഴപ്പിച്ച ഒരു സാധുപ്പെൺകിടാവിന്റെ മുറിയിൽ അബദ്ധത്തിൽ പെട്ടുപോയ സ്റ്റെഫ്കോവ് എന്ന മാന്യനായ ഉദ്യോഗസ്ഥനെ ആളറിയാതെ അവളോടൊപ്പമിട്ടു പൂട്ടി നാട്ടുകാരെല്ലാം ഒത്തുകൂടി പലതരം കോലാഹലങ്ങളോടെ തുറന്നുവിടുന്നതു്—ഇങ്ങനെ ഈ നോവലിൽ ഉടനീളം കാണുന്ന ഒന്നാംതരം നാടകീയരംഗങ്ങൾ ഇതിന്റെ ഹൃദ്യതയ്ക്കു മാററു കൂട്ടുന്നു. വളരെയൊന്നും ക്ലേശിക്കാതെതന്നെ ഭാവനാശാലിയായ ഒരു സംവിധായകന്നു് ഈ നോവലിനെ മനോഹരമായ ഒരു നാടകമോ മഹത്തായ ഒരു സിനിമയോ ആക്കി മാററാൻ കഴിയും.

സ്നേഹസമ്പന്നനും വിശാലാശയനും ഉദാരചരിതനുമായ ചോർബാഡ്ജിമാർക്കോ, സാഹസികനും ത്യാഗശീലനും ദേശാഭിമാനിയുമായ ക്രാലിച്ച്, അല്പനും ഏഷണിക്കാരനും സ്വാത്ഥിയുമായ സ്റ്റെഫ്കോവ്, ഗ്രാമത്തിലെ ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിന്റെ ചുമതല പ്രകൃതിശക്തികളെയും കാലാവസ്ഥയെയും ഏല്പിച്ചു തന്റെ ക്ലിയോപാടയെന്ന കരടിയും അല്ലാല്ലം പ്രേമവും അകം നിറയേ ദേശാ

ഭിമാനവുമായി കഴിയുന്ന ഡോക്ടർ സൊക്കലോവ്, നാടകാഭിനയം കണ്ടു വില്ലൻെറ ഭാഗമഭിനയിച്ച ആളെ തൂക്കിക്കൊല്ലാൻ ശാഠ്യംപിടിക്കുന്ന ഗവർണ്ണർ, അപവാദവ്യവസായത്തിലേർപ്പെട്ട ഒരു പററം കന്യാസ്ത്രീകൾ, ദേശാഭിമാനികളായ സ്വാതന്ത്ര്യഭടന്മാൎക്കു രഹസ്യമായി വേണ്ട ഒത്താശകൾ ചെയ്തുകൊടുക്കുന്ന ക്രിസ്ത്യൻപാതിരിമാർ, ഒരിക്കലും തീരാത്തതും എടുത്താൽ പൊന്താത്തതുമായ വേദനകളുടെ ഭാണ്ഡമേററിക്കൊണ്ടു നീണ്ട ജീവിതപ്പാതയിലൂടെ നീങ്ങുന്ന റാഡ—ഒരിക്കലും മറക്കാനാവാത്ത ഉജ്ജ്വലകഥാപാത്രങ്ങളുടെ പട്ടിക ഇങ്ങനെ നീണ്ടു പോകുന്നു.

തട്ടും തരിയുമില്ലാതെ വായിച്ചുപോകാവുന്ന മട്ടിൽ തൎജ്ജമചെയ്തൊപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട് ശ്രീമതി സുഭദ്രാപരമേശ്വരന്നു്. എളുപ്പത്തിൽ ഒഴിവാക്കാവുന്ന കുറെ ശൈലീഭംഗങ്ങളും ക്ലിഷ്ടമായ വാക്യബന്ധങ്ങളും അവിടവിടെയായി കടന്നുകൂടിട്ടുണ്ട്. രണ്ടാംഭാഗം പ്രസിദ്ധീകരിക്കുന്നതിന്നുമുമ്പ് ഒന്നു പുനഃപരിശോധന ചെയ്യുന്നതു് ആവശ്യമാണെന്നു നിർദ്ദേശിച്ചുകൊള്ളട്ടെ.

സമകാലികരാഷ്ട്രീയത്തെ പശ്ചാത്തലമാക്കിവെച്ചു മഹോദാരങ്ങളായ മനുഷ്യകഥകൾ ആഖ്യാനംചെയ്യുന്ന നോവലിസ്റ്റായ യശ്പാൽ, 'രാജ്യദ്രോഹി', 'നിറംപിടിപ്പിച്ച നുണകൾ', 'പാർട്ടികോമ്രേഡ്'' മുതലായ വിവൎത്തനങ്ങളിലൂടെ മലയാളികൾക്കു സുപരിചിതനാണല്ലോ. ഇപ്പോൾ നമ്മുടെ മുമ്പിലിരിക്കുന്ന 'ദിവ്യ'യാകട്ടെ, യശ്പാലിൻെറ ഒരു ചരിത്രറൊമാൻസാണ്. രാഷ്ട്രീനോവലിലേതിനെക്കാൾ ഒട്ടും കുറയാത്ത ഉജ്ജ്വലമായ ആഖ്യാനശൈലി, ഹൃദയം കവരുന്ന കഥാഗ്രഥനം, പരിപക്വവും അഗാധവുമായ പാത്രസ്വഭാവോന്മീലനം, ചരിത്രസത്യങ്ങളുടെ സുന്ദരമായ അനാവരണം—ഇങ്ങനെ പലതുകൊണ്ടും എണ്ണപ്പെടേണ്ട ഒരു നോവലാണിതു്.

വൎണ്ണാശ്രമാദിഭേദങ്ങളിലും നാനാമുഖമായ ഉച്ചനീചത്വങ്ങളിലും നില്പുറയ്ക്കാതെ ഉഴലുന്ന ഹിന്ദുമത(ബ്രാഹ്മണാധിപത്യംതന്നെ)ത്തെ പുറകോട്ടു മാററി സമത്വത്തിലും സൗഭ്രാത്രത്തിലും അധിഷ്ഠിതമായ ബുദ്ധമതം മുന്നേറിവരുന്ന കാലം. ബ്രാഹ്മണർ തങ്ങളുടെ ആധിപത്യത്തെ നിലനിൎത്താനും അബ്രാഹ്മണരെ നിലയ്ക്കു നിൎത്താനും സാഹസപ്പെടുകയാണ്. രംഗം മദ്രരാജ്യത്തിലെ സാഗൽനഗരം. മഹാഭാര

ത്തിലെ പ്രസിദ്ധമായ ആയുധപരീക്ഷയെ അനുസ്മരിപ്പിക്കുന്ന ഒരു ശസ്ത്രപ്രദർശനരംഗത്തോടുകൂടി നോവൽ ആരംഭിക്കുന്നു. പ്രദർശനത്തിൽ ഏററവുമധികം വിദഗ്ദ്ധമായി വാൾപ്പയററ നടത്തിയ പൃഥുസേനൻ ഒരു ശ്രേഷ്ഠിയുടെ പുത്രനാകയാൽ അയാൾക്കു് ഒന്നാംസമ്മാനം നല്കുന്നതുതന്നെ ബ്രാഹ്മണാധിപത്യത്തിനു് ഒരടിയാണു്. പ്രദർശനത്തെത്തുടൎന്നു രാജനർത്തകിയുടെ ശിഷ്യത്തികളുടെ നൃത്തകലാപ്രകടനമുണ്ടു്. അതിൽ ഒന്നാംസ്ഥാനം നേടിയ ദിവ്യയുടെ പല്ലക്കു ചുമക്കാൻ ശൂദ്രനായ പൃഥുസേനനു് അവകാശം നിഷേധിക്കപ്പെടുന്നു. ഏററമുട്ടൽ കൂടാതെകഴിയുന്നുവെങ്കിലും, ബ്രാഹ്മണരുടെയും ബ്രാഹ്മണേതരരുടെയും ഹൃദയങ്ങളിൽ പരസ്പരവിദ്വേഷത്തിൻെറ അഗ്നി കത്തിക്കാളുകയായി; ദിവ്യയുടെയും പൃഥുസേനൻെറയും ഹൃദയത്തിൽ പ്രേമാഗ്നിയും. ഗാന്ധർവ്വവിവാഹത്താൽ ദിവ്യ ഗർഭിണിയാകുന്നതും ഛിന്നഭിന്നമായ ദേശീയ ശക്തികളെ സംഘടിപ്പിച്ചു പൃഥുസേനൻ നീണ്ടുനിന്ന യുദ്ധത്തിനു ശേഷം വിദേശീയാക്രമണത്തെ പരാജയപ്പെടുത്തി തിരിച്ചുവരുന്നതും ഒരേ കാലത്താണു്. അധികാരവാഞ്ഛയാലും അച്ഛൻെറ നിർബ്ബന്ധത്താലും ദിവ്യയെ ഉപേക്ഷിച്ചു മറെറാരു കുലീനകന്യകയെ വേട്ടു പൃഥുസേനൻ ഉയൎന്നുയൎന്നുപോയതോടെ, പരിത്യക്തയും അപമാനിതയുമായ ദിവ്യയുടെ ജീവിതത്തിനു വന്നുചേരുന്ന ഗതിവിഗതികളാണു് നോവലിൻെറ മുഖ്യഭാഗം. ദിവ്യയുടെ രൂപാന്തരപ്രാപ്തി എന്നുതന്നെ പറയാം.

ഒരേ ജന്മത്തിൽത്തന്നെ രണ്ടോ നാലോ ജന്മങ്ങളിലെ അനുഭവപരമ്പരകളിലൂടെ കടന്നുപോന്ന ദിവ്യ, അവസാനം ആചാര്യയായ മല്ലികാദേവിയുടെ നിർബ്ബന്ധമനുസരിച്ചു സ്വദേശത്തേയ്ക്കു രാജനർത്തകിയായി തിരിച്ചുവന്നു് അവിടെ വീണ്ടും അവമാനിതയായിത്തീൎന്നു് എങ്ങോട്ടെന്നില്ലാതെ പോകുമ്പോൾ, തന്നെ വഞ്ചിച്ച പൃഥുസേനനും തൻെറ മറെറാരു കാമുകനും അന്വേഷിച്ചു് അധികാരത്തിൽ വന്നവനുമായ രുദ്രധീരനും നീട്ടിക്കാട്ടുന്ന സഹായഹസ്തത്തെ തട്ടിക്കളഞ്ഞു്, മാരിശനെ കൈക്കൊള്ളുന്നു. ഓസ്കാർവൈൽഡിൻെറ നാടകങ്ങളിലെ ചില വിലക്ഷണതത്വചിന്തകരെ ഓൎമ്മിപ്പിക്കുന്ന ഈ മാരിശൻ മിക്കവാറും സംഘത്തിൽനിന്നു വിട്ടുനില്ക്കുന്ന, ഒററപ്പെട്ട, ഒരു ബുദ്ധമതക്കാരൻെറ മാതിരിയാണു്. അലഞ്ഞുനടക്കുന്ന, അശരണനായ, ഒരു

ഭിക്ഷു—ഈ കഥാപാത്രത്തിലൂടെ ദിവ്യയെ ലാക്കാക്കിക്കൊണ്ടു യശ്പാൽ നല്കുന്ന ജീവിതദർശനം ശ്രദ്ധേയമാണ്.

"ദേവികൾ കൊട്ടാരത്തിലെ ദേവിക്കുള്ള സ്ഥാനം നല്കാൻ മാരിശനെക്കൊണ്ടാവില്ല. നിർവാണത്തിലെ ശാശ്വതസുഖം പ്രദാനംചെയ്യുവാൻ മാരിശനു കഴിയില്ല. അയാൾ അനുഭവിക്കുന്നതു ലോകത്തിലുള്ള സുഖദുഃഖങ്ങളാണ്. അനുഭൂതിയും ചിന്തനവുമാണ് അയാളുടെ ശക്തി. ദേവിയുമായി ആ അനുഭൂതി കൈകാര്യംചെയ്യാൻ അയാൾക്കു സാധിക്കും. അയാൾ ലോകത്തിലുള്ള ധൂളീധൂസരമായ മാർഗ്ഗത്തിലെ യാത്രികനാണ്. ആ മാർഗ്ഗത്തിൽ, ദേവിയുടെ സ്ത്രീത്വത്തിനുള്ള വാഞ്ഛയിൽ അയാൾ പുരുഷത്വം അർപ്പിക്കുന്നു. അയാൾക്ക് അവലംബം നല്കാനും സ്വീകരിക്കാനും ആഗ്രഹമുണ്ട്. നശ്വരജീവിതത്തിൽ സന്തോഷത്തിൻെറ അനുഭൂതി പ്രദാനംചെയ്യാൻ അയാൾക്കു കഴിയും......സന്താനപരമ്പരയുടെ രൂപത്തിൽ മനുഷ്യൻെറ അമരത്വം പ്രദാനംചെയ്യാൻ അയാൾക്കു സാധിക്കും......"

വ്യക്തികൾ മാറി മാറി വന്നാലും സാമൂഹ്യബന്ധങ്ങളുടെ രൂപരേഖയിൽ മാററങ്ങൾ വന്നാലും അനന്തമായി, പരമ്പരയായി, തുടൎന്നു പോരുന്ന ഒന്നാണ് ജീവിതം; വെള്ളം മാറിമാറി ഒഴുകിവന്നാലും നാമരൂപഭേദമില്ലാതെ അനന്തമായി ഒഴുകിക്കൊണ്ടിരിക്കുന്ന നദിയെപ്പോലെ—എന്ന തത്ത്വത്തെ നിദർശനമാക്കിക്കൊണ്ടാണ് യശ്പാൽ ദിവ്യ രചിച്ചിരിക്കുന്നതു്. പ്രശസ്തരായ രണ്ടു മൂന്നു യൂനിവേഴ്സിററി ചരിത്രപ്രൊഫസ്സർമാരുമായി നീണ്ട കാലത്തെ ചർച്ചകൾ നടത്തിയും കഥാരംഗങ്ങൾ സന്ദർശിച്ചു ചരിത്രപശ്ചാത്തലത്തിൽ ശ്രമാവഹവും സുദീർഘവുമായ അധ്യയനങ്ങൾ നടത്തിയും രചിക്കപ്പെട്ട ഈ നോവൽ ഇന്ത്യൻഭാഷകളിൽ ചരിത്രറൊമാൻസ്‌രചനയ്ക്കു മാതൃകയായിരിക്കേണ്ടതാണ്.

തർജ്ജമയ്ക്കു സാരള്യം പോരാ എന്നു തോന്നി. ചരിത്രപരമായ സാങ്കേതികസംജ്ഞകൾക്കു വിവരണാത്മകമായ ഒരനുബന്ധം മൂലഗ്രന്ഥത്തിലുള്ളതു് എന്തിനാണ് വിട്ടുകളഞ്ഞതെന്നു മനസ്സിലാകുന്നില്ല; അതുപോലെതന്നെ, ശ്രദ്ധേയമായ യശ്പാലിൻെറ ആമുഖവും.

# കവിത

KOTTAYAM PUBLIC LIBRARY
KOTTAYAM

# ആത്മാവിൻെറ തീർത്ഥയാത്ര*

അഹങ്കാരത്തെ അലിച്ചലിച്ച് ഇല്ലാതാക്കുക; തൻെറ അല്പത്വത്തെപ്പററി ആഴത്തിലുമാഴത്തിൽ ബോധമുണ്ടാവുക; പ്രപഞ്ചശക്തിയുടെ പ്രബലമായ പ്രവാഹവേഗത്തിൽ തല കുനിച്ചു നില്ക്കുന്ന വെറും ഒരാററുവഞ്ഞിച്ചെടിയാണ് താനെന്ന് എപ്പോഴും ഓർത്തുകൊണ്ടിരിക്കുമാറാവുക——ഇതാണ് ജീവിതത്തിലെ പരമമായ നിർവൃതി. പക്ഷേ ഈ ജൈത്രയാത്രയുടെ മുമ്പിൽ ഉയർത്തിപ്പിടിച്ച കൊടി എൻെറ കൈയാണ് വഹിക്കുന്നത്, എൻെറ ആർപ്പുവിളികൊണ്ടാണ് ജനഗർജ്ജിതത്തിന് ഈ മുഴക്കം കിട്ടുന്നത്, എൻെറ കുതിരക്കുളമ്പടിയൊച്ചതന്നെയാണ് ഈ ലോകത്തിൻെറ ഹൃദയമിടിപ്പ് എന്ന അഹംബുദ്ധി ഒരിക്കലും നമ്മെ വിട്ടുമാറില്ല. നമ്മുടെയെല്ലാം സ്വഭാവഘടനയിൽ മുന്നിട്ടുനില്ക്കുന്ന ഒരംശമാണത്. അതു നമ്മെ കൊണ്ടുചാടിക്കാത്ത പടുകുഴികളില്ല, അഴുക്കുചാലുകളില്ല. നിത്യജീവിതത്തിലെ പല പല 'ഒഴിയാത്താത്തി'കളും ഈ അഹംബുദ്ധി വരുത്തിത്തീർക്കുന്നതാണല്ലോ. തെല്ലൊന്ന് ഇരുന്നാലോചിച്ചാൽ മതി, ഈ അഹംബുദ്ധിയുടെ ബാലിശത ബോധ്യപ്പെടാൻ. പറഞ്ഞിട്ടെന്താ, അതിൻെറ കരിനിഴൽ ഒരിക്കലും നമ്മെ വിട്ടുമാറുന്നില്ല. ബുദ്ധിയുടെ ഉപരിതലം എത്ര തവണ തുടച്ചു മിനുക്കിയാലും ശരി, ഹൃദയത്തിലെ ചളിക്കുണ്ടിൽ ആ പുഴു പിന്നെയും നുഴഞ്ഞുകളിക്കും. യോഗനിരതനായി ജീവപരാത്മൈക്യത്തിൻെറ തുംഗശൃംഗങ്ങളിൽ വിഹരിക്കുന്ന മുനിസത്തമനും കണ്ണു തുറക്കു

---

* ഗീതാഞ്ജലി — ടാഗോർ. വിവ: ജി.

മ്പോഠം കാണാകുന്ന തപോവിഘ്നത്തിന്നു നേരെ കലികൊണ്ടു തുള്ളുന്ന അഹംബുദ്ധിയുമായി അലറിക്കുതിക്കുകയല്ലേ ചെയ്യുന്നതു്? നമ്മുടെ പുരാണേതിഹാസങ്ങളിലെ തപോവിഘ്നശാപാദികഥകഠം ഇതുതന്നെയല്ലേ പേർത്തും പേർത്തും ഉദാഹരിക്കുന്നതു്?

മനുഷ്യമനസ്സിൻെറ ചിരംജീവിയായ ഈ തീവ്രപ്രവണത കുറച്ചു കൊണ്ടുവരാനാണു് ഉപനിഷത്തുകളും ഭഗവദ്ഗീതയും പുരാണേതിഹാസങ്ങളുമെല്ലാം ഉദ്ബോധിപ്പിക്കുന്നതു്. ഔപനിഷദവും ഐതിഹാസികവുമായ ഈ വിചാരധാരയ്ക്കു്, പരമമായ ജ്ഞാനത്താൽ ഉദ്ഭാസിതവും ഉദാത്തമായ ഭക്തിയാൽ പാവിതവും അഗാധമായ അനുഭൂതിയാൽ സാത്മ്യം സിദ്ധിച്ചതുമായ ഒരു മഹോന്നതാത്മാവു കാവ്യഭൂമികയണിയിച്ചതാണു് 'ഗീതാഞ്ജലി'. അല്ലെങ്കിൽ ഇങ്ങനെ പറഞ്ഞോളൂ—ഉദാരമായ അനുഭൂതികളാൽ സാന്ദ്രമായ ഒരു കവിഹൃദയത്തിൻെറ നിർവൃതിപ്രദമായ പ്രവാഹമാണു് ഗീതാഞ്ജലി.

'എപ്പോഴും അവിടുത്തെ നാമം ചൊല്ലുമാറാകണം, അതിൽക്കവിഞ്ഞൊന്നും പ്രാർത്ഥിക്കാനില്ല' എന്നു പറഞ്ഞ, അഹംബുദ്ധിയെ അലിച്ചലിച്ചുകളഞ്ഞ, ആ പഴയ ഭക്തബ്രാഹ്മണൻെറ പാവനഹൃദയംതന്നെയല്ലേ ഗീതാഞ്ജലിയുടെ പ്രഥമഗീതത്തിലെ ഈ വരികളിൽ നിഴലിച്ചു കാണുന്നതു്?

"തന്തിരുവടി നിജചരണതലങ്ങളി–
ലെൻതല കുനിയിച്ചാലും,
അന്തരഹന്തയെ നയനജലങ്ങളിൽ
മുഴുവൻ മുഴുകിച്ചാലും!
എന്നഭിമാനം മോഹിക്കുമ്പോഠം
വരുവതു വെറുമപമാനം,
എന്നെത്തന്നെ വലംവെച്ചനുകല–
മലയുന്നേനതിദൂനം"

"യസ്യ നാഹംകൃതോ ഭാവോ
ബുദ്ധിര്യസ്യ ന ലിപ്യതേ,

ഹത്വാപി സ ഇമാൻ ലോകാൻ
　　　　　　　　　　　　　　　　　　　　　　
ന ഹന്തി ന നിബധ്യതേ'' എന്നു തുടങ്ങിയ ഗീതാപദ്യങ്ങളുടെ ശ്രുതിമധുരമായ അനുരണനമത്രേ,

''നീയഹങ്കാരത്തിൻെറ മിത്ഥ്യയിൽനിന്നും നീക്കി
നിർത്തുക കനിഞ്ഞെന്നെ നിൽക്കേണ്ട ദിക്കിൽത്തന്നെ''

മുതലായ ഗീതാഞ്ജലിഗീതങ്ങളിലും കേൾക്കാകുന്നതു്.

ഇതുപോലെ,

''യോ മാം പശ്യതി സർവ്വത്ര
സർവ്വം ച മയി പശ്യതി,
തസ്യാഹം ന പ്രണശ്യാമി
സ ച മേ ന പ്രണശ്യതി'' എന്ന ഗീതാപദ്യത്തിൻെറ മാറെറാലിയല്ലേ 'പരിചിതരല്ലാത്തൊരെത്രയോ പേരുടെ പരിചയസൗഭാഗ്യമേകി' എന്നു തുടങ്ങുന്ന മൂന്നാംഗീതത്തിൽ മുഴങ്ങുന്നതു് ?

''അകലെയുള്ളോരെയടുപ്പിച്ചു ബന്ധു നീ-
യപരരെസ്സോദരരാക്കി....
അവിടത്തെ നന്നായറിവാൻ കഴിഞ്ഞവ-
ന്നപരനായ് പിന്നെയില്ലാരും.
എവിടെയുമില്ലാ കവാടനിരോധന-
മവനുററ ഭീതിയും തീരും....'' എന്നിങ്ങനെയുള്ള ഭാഗങ്ങൾ വിശേഷിച്ചും ഗീതയുടെ വ്യാഖ്യാനംപോലെ ഹൃദ്യമായിത്തോന്നും.

''ചഞ്ചലം ഹി മനഃ കൃഷ്ണ
പ്രമാഥി ബലവത്തരം
തസ്യാഹം നിഗ്രഹം മന്യേ
വായോരിവ സുദുഷ്കരം'' എന്നിങ്ങനെയുള്ള അർജ്ജുനൻെറ സംശയത്തിൻെറ അലകളല്ലേ,

''നിന്നഭിമുഖം മുഖം തിരിച്ചു നില്ക്കാൻ മോഹി-
ക്കുന്നു ഞാൻ; സഫലമാക്കേണമെന്നഭിലാഷം....

പോകയാണോരോ വഴിക്കെൻറയോരോരോ മോഹ-
മേകമീയഭിലാഷംമാത്രം ഹാ, ഫലിച്ചെങ്കിൽ....''

ഇത്യാദിഗീതാഞ്ജലിഗീതങ്ങളിൽ കോംക്കാകുന്നതു് ?

''ഉത്തമകല സംയോജനപരമത്രേ. അതു മനുഷ്യനെ മനുഷ്യനോടും പ്രപഞ്ചത്തോടും ഈശ്വരനോടും അടുപ്പിക്കുന്നു, സ്വപ്നങ്ങളിലൂടെയും ആദർശങ്ങളിലൂടെയും....'' എന്നു ശ്രീമതി ബാലാമണിയമ്മയും ''മനുഷ്യനു് അശനായാപിപാസകളാകുന്ന ശാരീരികാവശ്യങ്ങാം നിറവേറിയാൽപ്പിന്നെ ചക്ഷുഃശ്രോത്രാദിയായ ബഹിരിന്ദ്രിയങ്ങളെ പ്രീണിപ്പിക്കണം; അതും കഴിഞ്ഞു്, അതിനുമപ്പുറം, അന്തഃകരണസംബന്ധികളായ — ആധ്യാത്മികങ്ങളായ എന്നുതന്നെ പറയാം — ചില വികാരവ്യായാമങ്ങളും വിചാരചര്യകളും നടത്തി അവ്യക്തമായ — എങ്കിലും സുനിർണ്ണീതമായ — ഏതോ ഒരാദർശത്തിലേയ്ക്കു പുരോഗമിക്കുകയും വേണം....''* എന്നു ശ്രീ. കുട്ടികൃഷ്ണമാരാരും സൂചിപ്പിച്ച ഉദാത്തമായ കാവ്യലക്ഷ്യത്തിലേയ്ക്കാണു് ഗീതാഞ്ജലി നമ്മെ നയിക്കുന്നതു്. ഒരിക്കലും ഒരിത്തിരിയും ഇളവില്ലാത്ത അത്യന്തതുമുലമായ ജീവിതപ്പോരിന്നിടയ്ക്കു്ങാനും വ്രണിതാംഗമായി നൈമിഷികമായ വിജയമോ പരാജയമോ നേടി പാളയം പൂകുന്ന പടയാളികാംക്കെല്ലാം തെല്ലു നേരത്തേയ്ക്കെങ്കിലും മാനസികവ്രണങ്ങാംക്കു സുഖവിരോപണമായ ഒരു സിദ്ധൗഷധമാണിതു്. അതാണല്ലോ മഹാകവി ജി. തന്നെ ഈ കൃതിയുടെ മുഖക്കുറിപ്പിൽ ഇതിനെ സഞ്ജീവനമായ തീർത്ഥമെന്നും നിർവൃതിപ്രദമായ നിർഝരമെന്നും വിശേഷിപ്പിച്ചിരിക്കുന്നതു്. ജി. യുടെ അനുഭവോദ്ഗാരംതന്നെ നോക്കു — ''ഈ തീർത്ഥത്തിൻെറ തീരത്തു് ആർഷമായ സംസ്കാരത്തിൻെറയും ആധുനികപ്രകാശത്തിൻെറയും സങ്കലനത്തിൻെറ ഫലമായ ചൈതന്യം ശ്വസിച്ചു നില്ക്കുമ്പോാം പ്രപഞ്ചത്തിൽ സുന്ദരവും പാവനവുമല്ലാതെ ഒന്നുമില്ല. വീക്ഷണത്തെ വീണ്ടും വീണ്ടും വിശാലമാക്കുന്ന വികസ്വരചക്രവാളം; ഭാവനയെ വിടർത്തി പിന്നെയും പിന്നെയും പുതുക്കുകയും വർണ്ണശബളമാക്കുകയും ചെയ്യുന്ന അനുഭവമണ്ഡലം; വികാരങ്ങളെ ഉണർത്തുകയും ഉത്തേജിപ്പിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യുന്ന ഒരനിർവചനീയപ്രഭാവം; ഇരുളിൽനിന്നു വെളിച്ചത്തിലേയ്ക്കു്, അധികമധികം വെളിച്ചത്തിലേയ്ക്കു്, ആത്മാവി

*കവിതയുടെ ഭാവി — മാ. ഭൂ. ആഴ്ചപ്പതിപ്പു് 8-11-'59.

നെ നയിക്കുന്ന ഏതോ ഒരദൃശ്യഹസ്തത്തിൻെറ നിശ്ശബ്ദമായ ആംഗ്യം; ആശ്ലേഷിക്കുവാൻ അടുത്തടുത്തു വരുന്ന സ്നിഗ്ദ്ധഗംഭീരമായ വിശ്വാത്തിൻെറ കൂടുതൽക്കൂടുതൽ വ്യക്തമായി കേട്ടുതുടങ്ങുന്ന ഹൃദയസ്പന്ദം— ഇവിടെ ക്ഷുദ്രവും ചപലവുമായ ഒന്നുമില്ല.... അഹംബുദ്ധിയുടെ താമസരാജസഭാവങ്ങൾ ഈ തീർത്ഥാവഗാഹത്താൽ മാജ്ജനംചെയ്യുമ്പോൾ, സാത്വികഭാവം തെളിഞ്ഞു തെളിഞ്ഞു വരുന്നു.... ഈ അനുഭൂതി മററൊരു കവിതാപ്രവാഹത്തിൻെറ തടത്തിലും ലഭിക്കുമെന്നു് എനിക്കു തോന്നുന്നില്ല....''

സാഹിത്യജീവിതത്തിൻെറ പ്രഭാതംതൊട്ടു പ്രശാന്തമായ സായാഹ്നംവരെയും താൻ അനുഷ്ഠിച്ച ഗാഢദീർഘമായ സാധനയുടെ ഫലമായി മഹാകവി ജി. ക്കു ഗീതാഞ്ജലിയുടെ അന്തസ്സത്തയുമായി തികച്ചും ആത്മൈക്യം നേടാൻ കഴിഞ്ഞിട്ടുണ്ടെന്നു് ഈ വിവൎത്തനം വേണ്ടതുപോലെ തെളിയിക്കുന്നു. അവഗാഢമായ അനുശീലനംകൊണ്ടു്, ഉദാരമായ ആ വിചാരധാരയും ശാലീനമായ ആ ആവിഷ്ക്കാരശൈലിയും തനതാക്കിയിരിക്കുന്നു കവി. പരസഹായത്തോടുകൂടിയാണെങ്കിലും അവിടവിടെയായി ഞാൻ സാമാന്യേന ഗ്രഹിച്ചുവെച്ച ബംഗാളിഗീതങ്ങളും ജി. യുടെ വിവൎത്തനവുമായി ഇടതട്ടിച്ചു നോക്കുമ്പോൾ, രവീന്ദ്രനാഥഗുരുദേവൻെറ ഈ മഹാതീർത്ഥത്തിൽനിന്നു തൻെറ ഹൃദയത്തിൻെറ കുടന്നയിൽ കൊള്ളാവുന്നിടത്തോളം മുക്കിയെടുക്കാനുള്ള കവിയുടെ ഉദ്യമം സമ്പൂൎണ്ണവിജയമാണെന്നു ബോധപ്പെട്ടു.

ഗുരുലഘുവിന്യാസക്രമത്തിലുള്ള മാററങ്ങളാൽ ദ്രാവിഡവൃത്തങ്ങൾക്കു വരുത്താവുന്ന വൈചിത്ര്യവും രൂപസൗഭാഗ്യവും പല്ലവികളുടെ ആവൎത്തനത്താൽ നേടാൻ കഴിയുന്ന ഗാനാനുകൂലതയും നാതിപ്രസിദ്ധങ്ങളായ വൃത്തങ്ങളുടെ ഉപയോഗവും ഗാനോചിതവും ഭാവോജ്ജ്വലവുമായ പദബന്ധവിധാനവും ഒത്തുചേൎന്നു് ഈ മലയാളഗീതങ്ങൾ നമ്മുടെ കുടുംബങ്ങളിൽ പുതിയൊരു സന്ധ്യാനാമക്രമത്തിന്നു വഴി തെളിയിക്കാൻ അൎഹത നേടിയിരിക്കുന്നു എന്നതു ശ്രദ്ധേയമാണു്. ജാതിമതഭേദമില്ലാതെ, പ്രപഞ്ചനിയാമകമായ മഹാശക്തിടെ മുന്നിൽ പൂൎണ്ണമായി ആത്മാർപ്പണംചെയ്തുകൊണ്ടു കേരളീയജനത 'തന്തിരുവടി നിജചരണതലങ്ങളിലെൻതല കുനിയിച്ചാലും, – അന്തരഹന്തയെ നയനജലങ്ങളിൽ മുഴുവൻ മുഴുകിച്ചാലും' എന്നിങ്ങനെയുള്ള സാന്ധ്യ

സ്തോത്രങ്ങളിൽ ഇവിടുത്തെ ഗ്രാമനഗരാന്തരീക്ഷം മുഖരിതമാകുന്ന കാലം ഞാൻ സോത്കണ്ഠം പ്രതീക്ഷിക്കുകയാണ്. ഈ ഗീതങ്ങൾ ഒന്നോ രണ്ടോ നാലോ തവണ വായിച്ചു രസിക്കേണ്ട കാവ്യഖണ്ഡങ്ങളല്ല, നിത്യാനുശീലനത്താൽ രക്തത്തിലലിച്ചു ചേർക്കേണ്ട ആത്മാലാപങ്ങളാണ്. 'താമസമരുതേ നുള്ളാൻ താരിതിനെ കൈക്കൊള്ളാൻ' എന്നു തുടങ്ങുന്ന ഇതിലെ എൺപത്തേഴാം ഗീതം തിരുവനന്തപുരം റേഡിയോനിലയത്തിൽനിന്നു പാടിക്കേട്ടതു് ഇന്നും എന്റെ ചെവികൾ അയവിറക്കാൻ ശ്രമിക്കുകയാണ്. ആ പാട്ടിലൂടെ അനുഭവിച്ച ആത്മാർപ്പണഭാവം തണുത്ത ഈ അച്ചടിയിൽ വായിക്കുമ്പോഴും ഞാൻ അനുഭവിച്ചു.

ഓരോ ഗീതവും പുതിയ പുതിയ മുഖമുദ്രയും പുതിയ പുതിയ വെളിച്ചവുമായിട്ടാണ് നിങ്ങളെ സമീപിക്കുന്നതു്. വിൺനീലിമയിൽ ആരോ ഒഴുക്കിവിട്ട വെൺമുകിലാകുന്ന ചങ്ങാടത്തെ നോക്കി പരിസരമെല്ലാം മറന്നു സ്വൈരമായി ഓടക്കുഴലൂതി നേരം കളയുന്ന ഉച്ഛൃംഖലനായ രസികൻ, ബാഷ്പബിന്ദുക്കൾ സഞ്ചയിച്ച് അമ്മയുടെ പൊൻതളികയിൽ മുക്താഹാരം കോർത്തുവെയ്ക്കുന്ന ഭക്തൻ, ചിരപ്രതീക്ഷിതമായ കാമുകാഗമനത്തിൽ എല്ലാം മറന്നുല്ലസിക്കുന്ന കാമുകി, ഒളിച്ചുകളിക്കുന്ന കളിത്തോഴനെ പിടുത്തംകിട്ടാഞ്ഞു് ആവലാതിപ്പെടുന്ന ചങ്ങാതി, ഒരിക്കലും തിരിച്ചുവരാനാവാത്ത പുഴക്കടവിലേയ്ക്കു വെള്ളം കൊണ്ടുവരാൻ കുടവുമെടുത്തു് ഉഴറിപ്പുറപ്പെടുന്ന ഗൃഹനായിക, കാമുകനെ കാണാതെ കഠിനമായ മനോവ്യഥ സഹിക്കുന്ന—ആ മനോവ്യഥയെത്തന്നെ ആനന്ദമാക്കി മാററുന്ന—കാമുകി, 'ഗന്ധഭാരവിധുരസമീരവനങ്ങളിൽ' ആരെയോ തിരഞ്ഞലയുന്ന മിസ്റ്റിക്, 'മദീയജീവരഥത്തിൽ - വിശാലവിശ്വതലത്തിൽ - എന്നേകാന്തഗൃഹത്തിൽ ഭിത്തികൾ തകർത്തു ഞാനെത്തും, ഹാ—തകർത്തു ഞാനെന്നെത്തും' എന്നു കേഴുന്ന ബന്ധനസ്ഥമായ പക്ഷി, ഏകാന്തമൂകാന്ധകാരത്തിൽ പതുങ്ങിപ്പതുങ്ങി പിന്നാലെ വരുന്ന ആരെയോ വെട്ടിച്ചുപോകാൻ ചുററിത്തിരിഞ്ഞുകൊണ്ടു് അഭിസരിക്കാനിറങ്ങിയ കാമുകി—ഇങ്ങനെ നാനാവർണ്ണങ്ങളായ മുഗ്ദ്ധസങ്കല്പങ്ങളാലാണ് ഓരോ ഗീതവും നെയ്തെടുത്തിരിക്കുന്നതു്.

ഒരു കാര്യം ഇവിടെ എടുത്തുപറയേണ്ടിയിരിക്കുന്നു—മിക്കവാറും ആധ്യാത്മികതത്വത്തിന്റെ അവഗുണ്ഠനമണിഞ്ഞ ഈ വക സങ്കല്പങ്ങൾ

ജീവിതവൈമുഖ്യത്തിലേയ്ക്കല്ല, നിഷേധാത്മകതയിലേയ്ക്കല്ല, വിരൽ ചൂണ്ടുന്നതു്; പിന്നെയോ, ജീവിതാഭിമുഖ്യത്തിലേയ്ക്കാണ്, ആരോഗ്യാധായകമായ ജീവിതസമീപനത്തിലേയ്ക്കാണ്, എന്നു വെച്ചാൽ ഗീതയുടെ തത്ത്വശാസ്ത്രംതന്നെ. ചുരുക്കത്തിൽ, ഫലാനുസന്ധാനമില്ലാത്ത നിഷ്കാമകർമ്മത്തിൻെറ സന്ദേശമാണതു്. പൂജയും ഭജനയും ആരാധനയും സാധനയുമായി സ്വന്തം ദേവാലയത്തിൻെറ മൂലയിൽ വാതിലടച്ചു പൂട്ടി ധ്യാനിച്ചിരിക്കുന്ന സാധുവിനോടു്,

"മതി നിൻധ്യാനം, മാററു പൂജാപാത്രം,
വസ്ത്രം കീറിമുഷിഞ്ഞതു
മതി, നീയദ്ദേഹത്തോടു കർമ്മവ്രതിയായ്
ചേരു, വേർപ്പൊഴുകട്ടെ"

എന്നു പറയുന്ന സുപ്രസിദ്ധമായ ഗീതംപോലെതന്നെ മററു പല ഗീതങ്ങളും ഈ സന്ദേശമാണ് മാറെറാലിക്കൊള്ളിക്കുന്നതു്. 'ആററിന്നക്കരെയാഷാഢത്തിലെയരിമപ്പുലർകാല'ത്തെ സ്വന്തം പ്രാണനിലേയ്ക്കു വലിച്ചെടുക്കാനും 'പ്രപഞ്ചസാഗരതീരപഥത്തിൽക്കൂടി നടക്കുമ്പോൾ—പ്രഫുല്ലമാകും മലരുകളെല്ലാമിറുത്തെടു'ക്കാനും ആ പൂവുകൾ സ്വകീയചൈതന്യത്തിൽ ചേർത്തു കോർക്കാനും മനസ്സിനെ ആഹ്വാനംചെയ്യുന്ന നൂററിപ്പതിമൂന്നാം ഗീതത്തിലും മററും ഈ വിചാരധാര വിശദോജ്ജ്വലമായിത്തന്നെ കാണാം.

വർണ്ണാശ്രമാദിധർമ്മങ്ങളുടെ പേരിൽ ജനതയെ കാററു കടക്കാത്ത പല തട്ടുകളിൽ നിർത്തി ഐക്യബോധത്തിൻെറ മുരട്ടിനു മഴു വെച്ചു പാരതന്ത്ര്യത്തിൻെറ നുകവും പേറി കിതയ്ക്കുന്ന മാതൃഭൂമിയോടു്,

"നീഹതഭാഗ്യമാം മദീയരാജ്യമേ,
നിതരാം നിന്നാലാരപമാനിതരായ്,
മികുമവമാനമവരുമായ്, സമം
പകുത്തിടേണ്ടതായ് വരുമെല്ലാവരും" എന്നിങ്ങനെ സ്വകർമ്മഫലോദ്ബോധനം ചെയ്യുന്ന നൂറെറട്ടാം ഗാനം, രാഷ്ട്രീയപാരതന്ത്ര്യത്തിൻെറ കാലഘട്ടത്തിലെന്നതുപോലെ, സ്വാതന്ത്ര്യത്തിൻെറ ഈ കാലഘട്ടത്തിലും നമ്മുടെ നാവുകളും ഹൃദയവും വിടാതെ ഉരുവിടേണ്ടതത്രേ. അതുപോലെത്തന്നെ,

"ധീരമുണരുകെൻഹൃത്തേ,
പുണ്യമാമിത്തീർത്ഥസ്ഥലേ
ഭാരതമഹാമാനവ-
സാഗരതീരേ!" എന്നു തുടങ്ങുന്ന നൂററിയാറാം ഗീതത്തിലെ സംസ്കാരസമന്വയത്തിൻെറയും ഐക്യബോധത്തിൻെറയും ദേശീയതയുടെയും സന്ദേശം നമ്മൾ ഇന്നു്, മറെറന്നത്തെക്കാളുമേറെ, ഉയർത്തുകയും ഉണർത്തുകയും വേണ്ടതാണു്.

സ്വന്തം അല്പതയെപ്പററി എത്രമാത്രം ബോധമുണ്ടാകുന്നുവോ, അത്രയുമാണു് ഒരാൾക്ക മഹത്ത്വം സിദ്ധിക്കുന്നതു്; അത്രയും അഗാധമായിരിക്കും അയാളുടെ ഹൃദയനിർവൃതി. നമ്മിലെല്ലാം കുടികൊള്ളുന്ന, ഒരിക്കലും പത്തി താഴ്ത്താൻ കൂട്ടാക്കാത്ത, അഹംബുദ്ധിയെ, ഗുരുദേവനോടൊപ്പം ഈ ഗീതമാലപിച്ചുകൊണ്ടു്, അലിച്ചുകളയാൻ ശ്രമിക്കുക—

"ഊരി ദൂരേയെറിഞ്ഞിതെൻഗാഥ
ഭൂരിയാമലങ്കാരങ്ങൾ നാഥ!
നിൻെറ മുൻപിനി നിന്നലങ്കാരം-
കൊണ്ടു ഭാവിക്കകില്ലഹങ്കാരം.

സംഗമത്തിൽ തടസ്ഥമായ്ത്തീരു-
മംഗവർത്തിയാമീയലങ്കാരം.
നിൻമൊഴിയെ ഗ്രസിക്കയും ചെയ്യും
തൻമധുരമുഖരഝംകാരം.

എന്നിലെക്കവിഗർവ്വവിടത്തെ-
സ്സന്നിധിയിങ്കലെങ്ങനെ നില്ക്കും?
ഞാൻ മഹാകവേ, നിൻെറ തൃപ്പാദ-
സേവ ചെയ്യുവാൻമാത്രമാശിക്കും.

ജീവിതം മേ സയത്നം സരള-
വേണുവാകുവാൻ, ഹാ, കഴിഞ്ഞെങ്കിൽ!
നിൻെറ രാഗങ്ങളാലതിൻസർവ്വ-
രന്ധ്രവും പരിപൂർണ്ണമായെങ്കിൽ!"

# ക്രൂരതയാൽ കരുത്തുനേടിയ കവിത*

അതേ, ക്രൂരതയാൽ കരുത്തുനേടിയ കവിതതന്നെ. അന്യരുടെ നേരെ അകം നിറഞ്ഞ അനുകമ്പയും അവനവനോടു വിട്ടുവീഴ്ചയില്ലാത്ത ക്രൂരതയും പുലർത്തുക—ഇതാണ് ഇടശ്ശേരിയുടെ മുദ്രാവാക്യം. കേൾക്കുള:

"ചോരക്കൈ വാളിന്നൂണാമരിയൊരജകിശോ-
രത്തെ മീളാൻ കുനിച്ചു-
ള്ളോരക്കണ്ഠത്തിൽനിന്നൂറിന മൃദുകരുണാ-
വായ്പിലാഴുമ്പൊഴെല്ലാം
'ഹാ, രക്ഷയ്ക്കാത്മകർമ്മം ശരണ,മിതരമി,-
ല്ലില്ല മാപ്പെ'ന്ന ഗീരിൻ-
ക്രൂരത്വാലുയർത്തപ്പെടുക ഹൃദയമേ,
പിന്നെയും പിന്നെയും നീ."

ആട്ടിൻകിടാവിനെ മീളാൻ കുനിച്ച കണ്ഠംതന്നെയാണ്, 'ആത്മകർമ്മമേ രക്ഷയ്ക്കു ശരണമുള്ളൂ, മാപ്പില്ല' എന്ന ക്രൂരമായ പരമാർത്ഥം പറഞ്ഞതും. ഹൃദയത്തിലെ കരുണാജലാശയം അങ്ങനെത്തന്നെ അന്യജീവികളിലേയ്ക്കു ചാലുകീറിത്തുറന്നുവിടുക; തന്നോടാകട്ടെ, നിശിതമായ ക്രൂരത കാണിക്കുക, ആത്മാവിനെ കൃശിക്കുക—ഈ പരു

*ലഘുഗാനങ്ങൾ—ഇടശ്ശേരി ഗോവിന്ദൻനായർ

ക്കൻതത്ത്വശാസ്ത്രത്തെ ഒരു കവി തൻെറ കവിതയുടെ—ഒരുപക്ഷേ ജീവിതത്തിൻെറയും—അന്തസ്സത്തയുടെ ആകത്തുകയായി നമ്മുടെ മുമ്പിൽ വെയ്ക്കുമ്പോൾ അസാരം ആലോചിക്കാതെ വയ്യാ. പൊതുവേ നാമെല്ലാം നമ്മോടു കരുണ കാട്ടുന്നു, നമ്മുടെ പുറം തലോടാൻ കൈ നീട്ടുന്നു, സഹജീവികളുടെ 'അയ്യോപാമേ' നമ്മുടെ നേരെ തിരിഞ്ഞു കിട്ടുണമെന്നാഗ്രഹിക്കുന്നു. 'സ്വനിർമ്മിതത്വപ്രണയ'വും മററും പ്രസിദ്ധമാണല്ലോ. ഈ സാധാരണത്വത്തിൽനിന്നുയൻ സ്വകർമ്മങ്ങളെ ക്രൂരമായി വീക്ഷിക്കാനും വിമർശിക്കാനുമൊരുങ്ങുന്ന—മമതാബന്ധത്തിൻെറ മാദകസംസ്പർശം മടിക്കൂടാതെ തട്ടിനീക്കുന്ന—ഇടശ്ശേരി ശ്രദ്ധേയനാണ്.

കുറച്ചുകാലംമുമ്പ്, 'പുത്തൻകലവും അരിവാളും' നിരൂപണം ചെയ്യുമ്പോൾ, ശ്രീ. എൻ. വി. കൃഷ്ണവാരിയർ ഇടശ്ശേരിയുടെ കവിതയെ ശക്തിയുടെ കവിതയെന്നു വിളിക്കുകയുണ്ടായി. എൻ. വി. എഴുതി: "ഇടശ്ശേരിയുടെ കവിതയുടെ കൊടിക്കൂറയിൽ, സൂക്ഷിച്ചു നോക്കിയാൽ, നിങ്ങൾ കാണുക ഈ വരികളാണ്:

'കുഴിവെട്ടി മൂടുക വേദനകൾ,
കുതികൊൾക ശക്തിയിലേയ്ക്കു നമ്മൾ.'

വേദനകൾ കുഴിവെട്ടി മൂടി ശക്തിയിലേയ്ക്കു കുതിക്കണമെങ്കിൽ, സ്വയം ക്രൂരത കാണിക്കാതെ പററില്ല. നവനീതകോമളങ്ങളായ അംഗങ്ങളോടു നിയമേന ക്രൂരത കാണിച്ചിട്ടല്ലേ ശരീരത്തിന്നു കരുത്തു നേടുന്നതു്? ആത്മാവിനെ കൃശിച്ചിട്ടല്ലേ അന്തശ്ശക്തി സംഭരിക്കുന്നതു്? അപ്പോൾ, ശക്തി നേടണമെങ്കിൽ ക്രൂരത വേണമെന്നു വരുന്നു. പക്ഷേ ക്രൂരതയെ പടക്കോപ്പണിയിച്ചു പുറമേയ്ക്കു വിടുകയല്ല, ആത്മവിമർശക്ഷമമാക്കി ആത്മോന്നതിക്കു് ഉതകുമാറു സ്വന്തം കരളിൻെറ കരളിലേയ്ക്കു തിരിച്ചുവിടപ്പെട്ട ക്രൂരത അദമ്യവും അധൃഷ്യവുമായ ശക്തിയായി മാറും; അതു ലോകസംഗ്രഹത്തിന്നു സമർത്ഥമാകയും ചെയ്യും. ഇത്തരത്തിൽ കരുത്തു നേടി ഉയൻ ഒരു ഹൃദയത്തിൻെറ സമീകൃതവും ശാന്തസുന്ദരവുമായ സ്പന്ദനമാണ് ഈ ലഘുഗാനങ്ങളിലും നാം കേൾക്കുന്നതു്.

ആനന്ദവാദികളും പ്രയോജനപരായണന്മാരുമായ വിമർശകന്മാർ ഇരുചേരിയായിപ്പിരിഞ്ഞു സാഹിത്യലക്ഷ്യത്തെപ്പററി തലകാഞ്ഞു വാദിക്കുമ്പോൾ ഇടശ്ശേരി തൻെറ വക ഒരു പ്രസ്താവനയുമായി ഈ 'ലഘുഗാനങ്ങ'ളവതരിപ്പിക്കുന്നു:

"ആനന്ദമല്ലി ലക്ഷ്യം
കാവ്യകല;-യ്യെന്തു നീ ധരിപ്പീലാ?"

എന്നു ചോദിക്കുന്ന ആനന്ദവാദിയോട്— ആ 'സഞ്ചിതവിജ്ഞാനലത പ്പിഞ്ചിത'ളിനോട്— ചുണ്ടിൻതുഞ്ചൊരു ലേശം വളച്ചുകൊണ്ടു പറ യുകയാണ്:

"താങ്കൾ, മഹാപണ്ഡിതരേ,
വിരയുന്നൂ കാവ്യലക്ഷ്യ,മെന്നാലോ
ഇത്തിരികൂടിക്കാക്കണെ,-
മവസാനിക്കാത്തതല്ലയോ കാലം!"

താനൊരു കരിമ്പുകൃഷിക്കാരനാണെന്നും 'കൂലി കുറച്ചുതെതിക്കാനും നിലമുഴവോനാകുവാനുമായി' കൂക്കിവിളിച്ചുനടക്കുന്ന 'അശ്ലീലക്കാര സഭ്യരാഭാസർ' തൻെറ തോപ്പിലെ 'വളർമധുരത്തണ്ടൊടിച്ചു ചാറീമ്പി വരളം തൊണ്ട നനയ്ക്കുകയാണെ'ന്നും വയർ നിറയുന്ന ഒരു കാലം വന്നാൽ ഈ കൂക്കുവിളിയും നിർത്തി 'സഞ്ചിതമധുവാം തദ്ഗളമഞ്ചിതമായ് പാടുമെന്നെനിക്കു മതം' എന്നും ഈ മുടിയന്മാർ തൻെറ കരിമ്പിൻതോപ്പു മുച്ചൂടും ആസ്വദിച്ചാലും 'തണ്ടു പഴുത്തിതിലൊന്നോ രണ്ടോ നാളേയ്ക്കു നിന്നു കുലകളിട്ടും' എന്നും പറയുമ്പോൾ, ഇടശ്ശേരി കാവ്യലക്ഷ്യത്തെപ്പററിയുള്ള കരുത്തേറിയ ഒരു ചിന്തയാണ് ചുണ്ടു വളച്ചു പുച്ഛച്ചിരി ചിരിച്ചുകൊണ്ട് ആവിഷ്കരിക്കുന്നത്. ശാശ്വത കാലികപ്രശ്നങ്ങൾകൊണ്ടു ചെപ്പും പന്തും കളിക്കുന്ന സാഹിത്യവിമർശകന്മാരുടെ നേരെ തൊടുത്തുവിടുന്ന ആ ചിരിക്ക് എന്തൊരു മൂർച്ചയാണ്!

ഇനി ലഘുഗാനങ്ങൾ.

സാമൂഹ്യസാമ്പത്തികാദിപരിവർത്തനങ്ങളെല്ലാം സാധിച്ചുകഴി ഞ്ഞു്, 'നല്ല നാളെ' എന്നു പറയുന്നതു 'നല്ല വർത്തമാന'മായി അനുഭവ

പ്പെട്ടതുടങ്ങിയതിന്നുശേഷം പാടേണ്ട 'നാളത്തെപ്പാട്ട്' നിങ്ങാംക്ക നീട്ടിപ്പാടി രസിക്കാം, മുൻകൂറായിത്തന്നെ. തൊട്ടടുത്തുവരുന്ന 'കാളയോ കലപ്പയോ' അത്ര ലഘുവായ ഒരു ഗാനമല്ല, ഭാവഗംഭീരമായ ഒരു മനോഹരകവിതയാണ്. കാര്യത്തിൻെറ കാതൽ കാണാതെ, തുച്ഛമായ ബാഹ്യോപാധികളിലെങ്ങാനും കടന്നുപിടിച്ച വാദപ്രതിവാദവും വക്കാണവും വഴക്കുമായി നാം അകർമ്മണ്യതയുടെ പാഴ്ച്ചളിക്കണ്ടിലേക്കു വഴുതി വീണുപോകുന്നതിൻെറ അനാശാസ്യതയാണ് ഈ കവിതയിലെ പ്രമേയം. 'കഷ്ടപ്പാടുകളിന്മേൽ കഷ്ടപ്പാടുകാം പാവി ജ്യേഷ്ഠനമനുജനും' കൂടി കെട്ടിപ്പൊക്കിയ മാളികയുടെ ചുമരിന്മേർ എന്തു പ്രതിരൂപമാണ് വരക്കേണ്ടതു്, കാളയോ കലപ്പയോ?—ഇതാണ് തക്കം. ഇരുവശത്തേയ്ക്കും സുശക്തമായ യുക്തികാം കെട്ടിപ്പൊക്കുന്നതു നോക്കുക:

"മൂർത്തിമദ്ധർമ്മം പണ്ടു കാളയായല്ലോ നിന്നു,
മൂപ്പിന്നു മറെറാന്നായാൽപ്പോരതാൻ മുഖചിത്രം.
തറവാടുകാം മുറകൊണ്ടല്ലോ നിലനില്പൂ,
മുറയ്ക്കൊന്നെരുതോളമന്തസ്സുള്ളടയാളം.
എളമയ്ക്കാട്ടേ വാദം, മർത്ത്യസംസ്കാരത്തിൻെറ
മുളതാൻ കലപ്പയാ,ണാലേഖ്യമതേ വേണം.
കർമ്മങ്ങാംകൊണ്ടേ നേടീ മർത്ത്യത നാടും വീടും
കർമ്മത്തിൻമായക്കൂററി നിശ്ചയം കരിമാത്രം."

ഇങ്ങനെ നല്ല അന്തസ്സിൽ അടിയുറപ്പോടെ ആരംഭിച്ച ആ തക്കം വ്യക്തിപരമായ ആക്ഷേപഹാസ്യമായി പുളിച്ചുനാറാൻ താമസമില്ല.

"കന്നൂട്ടിക്കുള്ളുക്കെന്യേ തോന്നുമോ സമുന്നത—
സുന്ദരമിതിൽച്ചേക്കാൻ പാഴ്ക്കരിക്കോലിൻകോലം.:
കാളയോടനാര്യമിക്കമ്പെങ്ങളൊരു വിത്തു—
കാളയ്ക്കേ യോജിക്കുന്നു—"

ഇങ്ങനെ വാക്കുകാം ചീറിപ്പായുകയായി. ദ്യോവിൻെറ അദൃശ്യകണ്ഠത്തിൽനിന്നു കർമ്മത്തിനുള്ള കാഹളംവിളി ഉയന്നപ്പോഴും ആ

തക്വും വഴക്കം അവസാനിച്ചിട്ടില്ല. ഒടുക്കം ജന്മി വന്നു്, ചത്തുമണ്ണടിഞ്ഞ കാളയുടെ മുതുകെല്ല് ചിതൽപിടിച്ചുപോയ കരിക്കുപകരം ഉപയോഗിച്ച ജ്യേഷ്ഠാനുജന്മാരെ നുകത്തിനു കെട്ടി നിലം പൂട്ടി ഉഴുതു. ജന്മിയുടെ കൈയിലെ മുടിങ്കോലു് ഇടംവലം ചീററിയപ്പോഠം,

"പാററിത്തുപ്പിയ താംബൂലത്തിനാൽപ്പോലേ ചോന്നു
കാട്ടുള്ളിത്തെളിപ്പൂക്കഠം ചെന്നിണം ചിന്നിച്ചിന്നി."

അന്തിക്കു് അഴിച്ചിടപ്പെട്ട ആ ഇരുക്കാലിമാടുകഠം നേരെ കോണിവെച്ചു മാളികമുകളിൽക്കയറി സ്വന്തം മുതുകത്തു് ഒപ്പിയെടുത്ത ഒന്നാംതരം മഷിക്കൂട്ടാൽ വെളുത്ത ചുമരിന്മേൽ മുടിങ്കോലടയാളം വരച്ചു. കാളയെയും കലപ്പയെയും പിടിച്ചുള്ള തക്കം നമ്മുടെ പുറത്തു മുടിങ്കോലു മുറുക്കിത്തുപ്പിയേ നില്ക്കൂ എന്നു വന്നാലത്തെ ദയനീയത നമ്മുടെ കണ്ണു തുറപ്പിക്കാൻ പര്യാപ്തമാണു്.

ഇടശ്ശേരി ലഘുഗാനങ്ങളെന്നു മേൽവിലാസം തെററി എഴുതിയ ഈ കനമുള്ള കവിതകളുടെ അകത്തേയ്ക്കിങ്ങനെ ഇറങ്ങിച്ചെന്നുതുടങ്ങിയാൽ അത്ര വേഗം കയറിപ്പോരാൻ പററില്ല. എന്നാലും ഈ 'മുള്ളൻ ചീര'ക്കൂടി ഒന്നു നോക്കിപ്പോകാം.

കൊടുമഴക്കോളിനുമുമ്പു നടുതലത്തയ്യുകഠം നടാൻവേണ്ടി നിലം കൊത്തിനിരത്താനുള്ള അച്ഛൻെറ ആജ്ഞയുമായി പറമ്പിലെത്തിയ മകൻ 'ഇളവെയിൽ മോന്തിത്തുടുത്തുനില്ക്കുന്ന' ഒരു തളിരണിച്ചീരയുടെ ചന്തം കണ്ടു നോക്കിനില്ക്കുകയായി. 'പുതുമഴയ്ക്കാകവേ പൂട്ടിമറിച്ചിട്ട പുതിലിറങ്ങിക്കൊണ്ട' ആ പറമ്പിൽ 'ഉണർവിൻെറ കൊച്ചു ചിറകു വിടർത്തിയ ഉയിരുകഠം' ആനന്ദലാസ്യമാടുകയാണു്.. അവയുടെ സ്വൈരവിഹാരത്തിന്നു് അവിഘ്നതം നേർന്നിട്ടെന്നപോലെ മഞ്ഞുഴങ്ങഠം വെയിലിൻെറ തുടുമുഖം പൊത്തുന്നു. ആ പ്രകൃതിസൗഭാഗ്യത്തിൻെറ പ്രകടോജ്ജ്വലരംഗം കണ്ടു്, മണ്ണു മുറിയാത്ത കൈക്കോട്ടുപോലെ മൂച്ച്യററ ഹൃദയവുമായി മകൻ മിഴിച്ചുനില്ക്കേ, 'നടുതലത്തയ്യുകഠം കയ്യിലും പെയ്യുന്ന ശകാരങ്ങഠം തൻനാവിലുമായ്" വന്നെത്തിയ അച്ഛൻ, ജീവൻ തുടിക്കുന്ന ആ മുള്ളൻചീര മുരടോടെ കിളച്ചുമറിച്ചിട്ടു. ആ കൊച്ചുജീവൻ കഴുത്തു കുഴഞ്ഞു പൊടിമണ്ണിൽ ചാഞ്ഞപ്പോഠം

അച്ഛന്റെ തഴമ്പുപിടിച്ച കൈയ്യുപോലും അതിനെ കുനിഞ്ഞെടുത്ത് 'എന്തു വളച്ച്' എന്നോമനിക്കാൻ തോന്നിപ്പോയി........നട്ടതല നട്ടുന നച്ച സന്ധ്യയ്ക്കു മുൻതലമുറയുടെ കാല്പാടിലൂടേ സങ്കേതത്തിലേയ്ക്കു മടങ്ങുമ്പോൾ, ലോകാസ്സമസ്താസ്സുഖിനോ ഭവന്തു' എന്നു പാടിപ്പഠിച്ച മകന്റെ കണ്ണും പാടി.

> "വിജയിക്ക മേല്ക്കുമേൽ ക്രൗര്യമേ, സംസ്കാര–
> വിഭവത്തിലെന്നുടെ പൈതൃകം നീ."

നടേ നാം കണ്ട ആ ക്രൂരതയുടെ മറെറാരു മുഖമാണ് ഇവിടെ കാണുന്നതെന്നു തോന്നുന്നു. സൗന്ദര്യസമ്പന്നമെങ്കിലും നിഷ്പ്രയോജനമായ (മനുഷ്യദൃഷ്ട്യാ) ഒരു വസ്തു ജീവസന്ധാരണത്തിന്നത്യാവശ്യമായ മറെറാന്നിന്നു വഴിമാറിക്കൊടുക്കുന്നതല്ലേ ഈ കവിതയിൽ കാണുന്നത്? അഥവാ, സൗന്ദര്യാരാധകനായ കവിക്കു സംസ്കാരസമ്പത്തിൽ പൈതൃകമായി കിട്ടിയ ക്രൗര്യം ജീവസന്ധാരണത്തിന്നു സഹായമായിത്തീരുകയാണോ? അതോ, അഹന്തയേറിയതിനെ അതിജീവിക്കാൻ മനുഷ്യൻ അരുനിന്നു നടത്തുന്ന കൈക്രിയയെ കവി അപഹസിക്കുകയായിരിക്കുമോ? തികച്ചും വ്യക്തമല്ല. അതുകൊണ്ടു പരിഭ്രമമില്ല. മേലേക്കിടക്കവിത നൂറുശതമാനവും ബുദ്ധിഗോചരമല്ലല്ലോ. അഗാധങ്ങളും അനന്തങ്ങളുമായ ധ്വനികൾ അതുണർത്തിവിടുന്നു. ആ ധ്വനികളെല്ലാം അപ്പാടേ നമ്മുടെ ബുദ്ധിയുടെ അരപല്ലകൾക്കിടയ്ക്കു് അമന്നരഞ്ഞുകൊള്ളണമെന്നില്ലല്ലോ.

'ഇടിമിന്നൽ', 'ഋഷിയുടെ ധേനു', 'കൈക്കോട്ടിന്റെ ചിരി' 'ലവണാസുരവധത്തിലെ ഹനുമാൻ' മുതലായ കവിതകൾ പലതും പരസ്പരം മത്സരിച്ചുകൊണ്ടു കൈനീട്ടി വെമ്പിക്കുതിച്ചു പാഞ്ഞണയുമ്പോൾ ഞാനെന്തു ചെയ്യാനാണ്! ഒരഭ്യർത്ഥനയുണ്ട്, ഇടശ്ശേരിയുടെ പ്രേയസിയോട്; എന്നിട്ടു് മതിയാക്കിക്കളയാം. 'പി. സി. യും പൊറേറക്കാട്ടും പറഞ്ഞുപരത്തുന്ന വേശപ്പെൺമണിമാ'രുടെ കഥകളിൽ മുഴുകി, സാധുവായ ഇടശ്ശേരിയെ ചായ കൊടുക്കാതെയും കുളിക്കാനൊരുക്കാതെയും കഷ്ടപ്പെടുത്തുന്ന അല്ലയോ കവിപത്നീ, നാളെ ഭാഷാസാഹിത്യക്കോടതിയിൽ കൂട്ടിൽക്കേറിനിന്നു സമാധാനം ബോധിപ്പിക്കാൻ ഒരുങ്ങിയിരുന്നുകൊള്ളുക, അല്ലെങ്കിൽ, ഇങ്ങനെയുണ്ടോ ഒരു 'ഗൃഹച്ഛിദ്ര'വാസന!

# രാജാവിന്റെ കവിത*

കുളി പല തരത്തിലാവാം. സ്നാനം പഞ്ചവിധമെന്ന പ്രമാണമനുസരിച്ചല്ല, പുതിയ മട്ടിൽത്തന്നെ. കുളിമുറിയിലെ കോരിക്കുളി, കുളത്തിലെ മുങ്ങിക്കുളി, ആററിലെ നീന്തിക്കുളി, ഇതിന്നൊക്കെപ്പുറമേ തീർത്ഥസ്നാനവും. ഈ ഓരോ തരം കുളയുടെയും അനുഭവങ്ങൾ തമ്മിൽ എന്തൊരു വ്യത്യാസമാണ്! ഓരോരുത്തനും ഓരോ തരമാണ് ഇഷ്ടപ്പെടുക—പലപ്പോഴും ഇഷ്ടത്തിനൊത്തു തരപ്പെട്ടെന്നു വരില്ലെങ്കിലും. ചിലർ കോരിക്കുളികൊണ്ടു സംതൃപ്തരാകുമ്പോൾ, മററു ചിലർക്കു മുങ്ങിക്കുളിച്ചാലേ മതിയാവൂ; വേറെച്ചിലർക്ക് ആററിലെ കുളിരലകളുടെ കോൾമയിർക്കൊള്ളിക്കുന്ന തലോടലനുഭവിക്കുകയും അവയോടു കളിവട്ടമായി ഒരു ഗുസ്തി നടത്തുകയും ചെയ്താലേ സുഖമുള്ളൂ. ദുർല്ലഭം ചിലരാകട്ടെ, ഈ വകയിൽനിന്നെല്ലാം ഉയർന്നു ഭൗതികാതീതമായ ഒരു ലക്ഷ്യം സങ്കല്പിച്ചു പാവനങ്ങളായ തീർത്ഥങ്ങളിലാണ്ടുമുങ്ങി ആത്മസംതൃപ്തി നേടുന്നു. ശരീരമാലിന്യം കളയാനും ആരോഗ്യം വളർത്താനുമല്ല തീർത്ഥസ്നാനമെന്നല്ലേ? അതു ശരിതന്നെ. എന്നാലും അതു സ്നാനമല്ലാതാകുന്നില്ലല്ലോ. ഇന്ന് അർദ്ധനാഗരികത്വത്തിന്റെ വികൃതവേഷം കെട്ടിയ നമ്മുടെ നഗരങ്ങളിലെ കുടിപാർപ്പുകാരിലധികംപേരും കോരിക്കുളിയെ ശരണം പ്രാപിച്ചിരിക്കയാണ്—ഇഷ്ടപ്പെട്ടിട്ടായാലും അല്ലെങ്കിലും. സാമാന്യേന ഗ്രാമവാസികളോ നാട്ടിൻപുറത്തിന്റെ

---

* മണ്ണും വിണ്ണും—കെ. കെ. രാജാ.

KOTTAYAM PUBLIC LIBRARY KOTTAYAM.

മധുരസ്വപ്നം നുണഞ്ഞുറങ്ങുന്ന ദുർല്ലഭം നാഗരികരോ മാത്രമേ മുങ്ങിക്കുളിയുടെയും നീന്തിക്കുളിയുടെയും പ്രത്യേകസുഖമനുഭവിക്കുന്നുള്ളു. തീർത്ഥസ്നാനമാകട്ടേ, കാലഹരണപ്പെട്ട ഒരു ഫ്യൂഡൽസങ്കല്പംമാത്രം.

കുളിയുടെ കാര്യത്തിലുള്ള ഈ രുചിഭേദങ്ങളും തരഭേദങ്ങളും കവിതയുടെ കാര്യത്തിലും ശരിയാണെന്നു തോന്നുന്നു. ശ്രീ. കെ. കെ. രാജാവിൻെറ കവിത വായിക്കുമ്പോഠം ഒരു തീർത്ഥസ്നാനത്തിൻെറ നിർവൃതിയാണു് എനിക്കനുഭവപ്പെടാറുള്ളതു്. ഇന്നു് അധികവും 'കോരിക്കുളിക്കവിത'കളുടെ കാലമാണു്. അങ്ങുമിങ്ങും കുറെ വെള്ളം മുക്കിയൊഴിച്ചു സോപ്പു പതച്ചു ഒന്നു കുതിർത്തുവിടൽ—കഴിഞ്ഞു. മുങ്ങിക്കുളിക്കാനും നീന്തിത്തുടിച്ചു രസിക്കാനും ഉടലിലാകെ കുളിർകോരിയിടുന്ന അടിയൊഴുക്കുകളുടെ മാദകസ്പർശമേല്ക്കാനും സാധിക്കുമാറാക്കുന്ന കവിതകളില്ലെന്നില്ല. നന്നെ ചുരുക്കമാണെന്നുമാത്രം. തീർത്ഥങ്ങളാകട്ടെ, അതിദുർല്ലഭംതന്നെ. അധികം പേക്കു് അവ ആവശ്യവുമില്ലല്ലോ. എന്നാലും തീർത്ഥങ്ങഠംക്കു ചുററും അന്തരീക്ഷത്തിൽ അലിഞ്ഞുചേൻറ ഉദാരസുരഭിലങ്ങളായ വിശുദ്ധസങ്കല്പങ്ങളുമായി ആത്മൈക്യം നേടാൻ കഴിവുള്ള ഒരു ന്യൂനപക്ഷത്തിന്നു് അവ നല്കുന്ന അഭൗമമായ നിർവൃതി അനുഭവൈകവേദ്യമത്രേ. അത്തരം നിർവൃതിയാണു് രാജാവിൻെറ കവിത നല്കുന്നതു്. എന്നുവെച്ചു രാജാവിൻെറ കവിതയെല്ലാം ആധ്യാത്മികാനുഭൂതിയും മിസ്റ്റിസിസവുമാണോ? അല്ലെന്നതിന്നു 'മണ്ണും വിണ്ണു'മെന്ന ഈ പേരും ഈ സമാഹാരത്തിലെ പാതിയോളം കവിതകളും തെളിവു നല്കും. തൻെറ കവിതയ്ക്കു മണ്ണിനെക്കാഠം വിണ്ണിനോടാണു് അടുപ്പം എന്നു സ്വയം തോന്നീട്ടോ ആസ്വാദകന്മാർ അഭിപ്രായപ്പെട്ടിട്ടോ ആയിരിക്കാം രാജാവു് ഈ സമാഹാരത്തിന്നു്, ആ ധാരണയെ തകിടം മറിക്കുമാറു്, മണ്ണിന്നു മുൻഗണന കൊടുത്തു പേരിട്ടതും 'മണ്ണിൻെറ മാധുരി'യെന്ന കവിത ആദ്യംതന്നെ ചേർത്തതും. ഏതായാലും മണ്ണിനെക്കുറിച്ചുള്ള കവിതകളിലുമുണ്ടു് ഞാൻ നടേ പറഞ്ഞ ആ തീർത്ഥസ്നാനാനുഭവം. ഇതു തൻെറ കവിതയ്ക്കു് ഒരപകർഷമായി അദ്ദേഹം കരുതേണ്ടതില്ല.

നമുക്കു് ഏറെക്കുറെ അനഭിഗമ്യനെങ്കിലും കണ്ടു പരിചയമുള്ള രാജാവിലെ മിസ്റ്റിക്കു് ഈ സമാഹാരത്തിൽ മിക്കവാറും ചുരുണ്ടുകൂടി

ക്കിടക്കുകയാണ്. 'ശക്തരിൽശ്ശക്തൻ', 'നിതൃതയോടു്' എന്നിങ്ങനെ ചുരുക്കം കവിതകളിൽ ആ മിസ്റ്റിക്കിൻെറ ശാന്തഗംഭീരമായ മുഖം തെളിഞ്ഞു കാണാം. ചില കവിതകളിൽ ഭാഗികമായി ആ മിസ്റ്റിക് കടാക്ഷവുമില്ലെന്നില്ല. ('വിശപ്പകാവ്യം,' 'കളി കണ്ടിട്ടു്' മുതലായവ ഉദാഹരണം). താനുൾക്കൊള്ളുന്ന പ്രാപഞ്ചികാനുഭവങ്ങൾക്ക തൻേറതായ ആ അസുലഭശൈലിയിലൂടെ ആവിഷ്കാരം നല്കുന്ന ലളിതമധുരങ്ങളായ പല കവിതകളും തികച്ചും പുരോഗമനാത്മകങ്ങളാണെന്നുകൂടി പ്പറയാം — പുരോഗമനത്തിൻെറ വിപുലമായ അർത്ഥത്തിൽ. 'പടവാളുകൾ' എന്ന കവിത ഒന്നു പരിശോധിക്കാം. തൻെറ തറവാട്ടിലെ നിലവറയിൽ എമ്പാടും തുരുമ്പുപിടിച്ചു് ഒരുമളി പിണഞ്ഞ മട്ടിൽ ചുമരിന്മേൽ പതിഞ്ഞു നില്ക്കുന്ന നീളൻവാളുകളോടു രാജാവു പറകയാണ്:

"അഭിജാതവംശജനെന്നുള്ള പൊള്ളയാ—
മഭിമാനം പോററിയ കൂട്ടമ്മാമൻ
പടനിലത്തരികളെ വെന്നു പലപ്പൊഴും
പടഹമടിപ്പിച്ച പണ്ടു കാലം.
അതുകൊണ്ടു നിങ്ങൾക്ക ലാഭമെന്തുണ്ടായി?
പുതുനിണമധുരസം മോന്തിയെന്നോ?"

പണിയെല്ലാം ചെയ്തിട്ടും ഒരു ലഭ്യവുമില്ലാതെ പണവും പദവിയുമെല്ലാം മററുള്ളവർ തട്ടിയെടുത്ത നിലയിൽ നിലവറക്കുണ്ടിലൊളിക്കേണ്ടിവന്ന ആ നീചഖഡ്ഗങ്ങളോടു രാജാവു രൂക്ഷമായ ആക്ഷേപഹാസ്യസ്വരത്തിൽ പറയുന്നതു കേൾക്കു:

"പല ദിനം ചെല്ലുമ്പോൾ പാപങ്ങൾ തീൎന്നാലോ—
തലകീഴായ് നിന്നു തപസ്സു ചെയ്വിൻ!"

ലോകത്തിലെ എല്ലാ പടയാളികളുടെയും എല്ലാ സമരസന്നാഹങ്ങളുടെയും എല്ലാ യുദ്ധക്കൊതിയന്മാരുടെയും പിരടിക്കു് ഊക്കോടെ ചെന്നു തട്ടുന്ന ഒരു പൂഴിക്കടകനടിയാണ് ആ പഴഞ്ചൻവാളുകളോടുള്ള നിശിതമായ ഹാസ്യഭാഷണത്തിലൂടേ അടിക്കുന്നതു്. ഉടൽ കുറുകി കുറുകി, പൊരുൾ പെരുകിപ്പെരുകി കൂർപ്പും കൂറടക്കവും തികഞ്ഞ

രാജാവിൻെറ കാവ്യശൈലിക്കു് ഈ ലഘുകവിതയും ഇതരകവിതകളോടൊപ്പം മികച്ച ഉദാഹരണമാണു്.

പരദേശത്തു പോയതിനാൽ പാതിത്യം വന്ന ശ്രീശങ്കരൻ പ്രതിജ്ഞാനുസാരം അമ്മയുടെ മരണഘട്ടത്തിൽ നാട്ടിലെത്തി. പക്ഷേ വൈദികാധികാരം ആ പതിതൻെറ ഇല്ലത്തേയ്ക്കു് ആരും കയറിപ്പോകരുതെന്നു് ആജ്ഞാപിച്ചിരുന്നു. അമ്മയുടെ ശവദാഹച്ചടങ്ങുകൾ മുഴുവൻ ശങ്കരന്നു് ഒററയ്ക്കു ചെയ്യേണ്ടിവന്നു. അമ്മയുടെ ദേഹത്തോടൊപ്പം മാമൂലിൻെറ മൂഢാഭിമാനവും ചിതാഗ്നിയിൽ ഹോമിച്ചു നില്ക്കുമ്പോൾ,

"എരിയും ശ്മശാനത്തെ നോക്കി നില്ക്കവേ, മെല്ലെ
വിരിഞ്ഞു സാകൂതമാം പുഞ്ചിരിയൊന്നാച്ചുണ്ടിൽ:
കത്തിയ ശവമൊന്നും നഷ്ടമായ്പ്പോകുന്നില്ല;
മൃത്യുവിൽപ്പദാൎത്ഥത്തിനൊന്നിനുമില്ലാ നാശം.
മരണത്തിലും ജന്തുജീവിതം; ജഗത്തേതോ
പരമജ്യോതിസ്സിൻെറ പാലലക്കടൽമാത്രം."

അന്നു ശ്രീശങ്കരൻെറ ചുണ്ടിൽ വിരിഞ്ഞ ആ മൃദുഹാസത്തിൻെറ ആകൂതം ഇങ്ങനെ വ്യക്തമാക്കിയതിന്നുശേഷം, കാലം എപ്പോഴും ഊതിക്കളയാൻ ശ്രമിച്ചിട്ടും, അതു് ഇന്നും കാലടിയുടെ മണ്ണിൽ ചിന്നിക്കാണാം എന്നു പറഞ്ഞു കവിത അവസാനിക്കുമ്പോൾ, അനശ്വരവും അത്യുജ്ജ്വലവുമായ ഒരു വിപ്ലവസന്ദേശമാണു് നാം കേൾക്കുന്നതു്.

ആരിയൻകോതയെന്നു പ്രസിദ്ധനായ മാപ്രാണത്തു മൂപ്പീന്നു തൻെറ പ്രാഭവത്തിൻെറ വളക്കോട്ടമുടിയിൽനിന്നു്, കാലഗതിക്കനുസരിച്ചു്, വയലിലെ ചളിക്കുണ്ടിലിറങ്ങി കരിയും നുകവുമായി കൃഷിവൃത്തി കൈക്കൊണ്ടതായി വരച്ചുകാട്ടുന്ന 'കഥ മാറി' എന്ന കവിത അവസാനിക്കുന്നേടത്തെ ആ തിരിച്ചൽ ഒന്നു മനസ്സിരുത്തി നോക്കുക:

"കനത്ത ജന്മിത്തത്തിൻകാരമുൾക്കിരീടത്തെ
കനിവാന്നകററിയ ദൈവത്തിൻമഹത്ത്വത്തെ
നവകൎഷകൻ നീട്ടിപ്പാടുമ്പോളാ നാദം പോയ്—
സ്സവിധക്ഷേത്രത്തിലെശ്ശംഖിലും മുഴങ്ങുന്നു!"

പാടത്തെ ചേക്കുഴിയിലിറങ്ങി പ്രയത്നത്തിന്റെ സുഖം അനുഭവിച്ചറിഞ്ഞപ്പോഠം— വാലിയക്കാരന്നു പകരം വായുദേവൻ വീശി വിയപ്പാററുന്നതും വാളകമ്പടിക്കു് ആളില്ലാതെ വരരുതെന്നു കരുതി വാർമുകിൽ വളർമിന്നലിളക്കിയെത്തുന്നതും അനുഭവപ്പെട്ടപ്പോഠം—ജന്മിത്തത്തിന്റെ മുഠംക്കിരീടം ഒഴിവാക്കിത്തന്ന ദൈവത്തിന്റെ മഹത്ത്വത്തെ തന്റെ കൃഷിപ്പാട്ടിലൂടെ വാഴ്ത്തിപ്പാടാൻ മാപ്രാണത്തു മൂപ്പീന്നു് സന്നദ്ധനായി. ആ കൃഷിപ്പാട്ടിലെ സന്ദേശംതന്നെയാണു് അടുത്തുള്ള ക്ഷേത്രത്തിലെ ശംഖനാദത്തിലും മാറെറാലിക്കൊള്ളുന്നതു് എന്നു പറയുന്നതിലെ പരിവൎത്തനാത്മകമായ വിചാരഗതി ആരെയും രസിപ്പിക്കാതിരിക്കില്ല.

കൊള്ളക്കാരനെന്നു മുദ്രയടിക്കപ്പെട്ട കായംകുളംകൊച്ചുണ്ണിയുടെ മഹത്തായ ഔദാര്യം ഒരു കഥയിലൂടെ വിശദീകരിക്കുന്ന 'കൊള്ളക്കാര'നും ആധുനികശാസ്ത്രത്തിന്റെ അത്ഭുതാവഹങ്ങളായ നേട്ടങ്ങളെ ഭംഗിയായി പ്രതിപാദിച്ചു്, അതിനോടു സ്വന്തം അവലംബമായ സംസ്കാരത്തെ മദം പൂണ്ടു് അവഗണിക്കരുതെന്നു് അഭ്യൎത്ഥിക്കുകയും അതിന്റെ ഉച്ചണ്ഡാത്ഭുതവിക്രമങ്ങഠം ജഗന്മംഗളം വിളയിക്കട്ടെ എന്നാശംസിക്കുകയും ചെയ്യുന്ന 'ശാസ്ത്രത്തിനോടും' മനോഹരങ്ങളായ കവിതകളാണു്. ഒടുക്കം പറഞ്ഞതിലെ ഒരു പദ്യമെങ്കിലും ഉദ്ധരിക്കാതെ മുന്നോട്ടു പോകാൻ മനസ്സു വരുന്നില്ല. ശാസ്ത്രം പ്രകൃതിയെ കീഴടക്കിയതായി തെളിഞ്ഞു്, കുതികുതിച്ചു പാഞ്ഞു് എവിടെയെത്തിയിരിക്കുന്നു എന്നു രാജാവു് എത്ര എളുപ്പത്തിലും എത്ര ശക്തിയിലുമാണു് പറയുന്നതെന്നു കേട്ടോളു:

"കാലത്തിന്റെ പരന്ന പാരിനിയലും
ദൂരം കണക്കാക്കുമാ
നീളച്ചങ്ങലതന്റെ കണ്ണി കുറതാ–
ക്കീടും നഖത്തുമ്പിനാൽ
മേലത്തിൽ പരമാണു കീറി,യവിടെ
സ്വൈരം തുയിർക്കൊണ്ട തീ–
യാളിക്കത്തി നടം തുടന്നലറി നി–
ല്ക്കുമ്പോഠംച്ചിരിക്കുന്നു നീ!"

ചക്രവാളത്തോളമെത്തുന്ന വിപ്ലവാകാംക്ഷ തനിക്കുണ്ടെങ്കിലും, ഹിംസാത്മകമായ വിപ്ലവപ്രസ്ഥാനത്തോടു രാജാവിനു തെല്ലും ആഭിമുഖ്യമില്ല. അതു വെട്ടിത്തുറന്നു പറയുന്നു, അദ്ദേഹം 'ചോരത്തിളപ്പിനോടു'' എന്ന കവിതയിൽ. കേന്ദ്രീകൃതാധികാരമുള്ള ഒരു മർദ്ദകഭരണകൂടത്തോടും ഉറച്ചു കട്ടിയായ ഊക്കൻജന്മിമുതലാളിവ്യവസ്ഥയോടും ഹിംസാകലുഷമായ സമരം നടത്തി സമത്വാധിഷ്ഠിതമായ ഭരണവ്യവസ്ഥ നടപ്പാക്കാൻ നിർബ്ബന്ധിതമായിത്തീർന്ന റഷ്യനാടശം, പരിതസ്ഥിതികളിൽ പ്രകടമായ വ്യത്യാസമുള്ള നമ്മുടെ നാട്ടിൽ അങ്ങനെ ത്തന്നെ പ്രായോഗികമാക്കാൻ വെമ്പുന്നതിന്റെ അപാകതയാണ് ഈ കവിതയിൽ ചൂണ്ടിക്കാട്ടുന്നതു്. മനുഷ്യസ്നേഹത്തിന്റെ പേരിൽ പുലിവേട്ടയാടുന്നതു മനസ്സിലാക്കാം; എന്നാൽ ഗതികെട്ടു കൂട്ടിൽക്കിടക്കുന്ന പുലിയെ തച്ചു കൊല്ലാൻ ശ്രമിക്കുന്നതു മണ്ടത്തരമല്ലേ എന്നു കവി ചോദിക്കുമ്പോൾ പുലിവേട്ടക്കാരന്റേതിനെക്കാൾ ഉദാരമായ മനുഷ്യസ്നേഹം ആ ചോദ്യത്തിൽ മാറെറാലിക്കൊള്ളുന്നു. ഇവിടുത്തെ ജന്മിത്തമുതലാളിത്തങ്ങളുടെ സ്ഥിതിയെന്താണ് ?

'കുറവന്റെ കയ്യാൽ വിഷപ്പല്ലു പോയവൻ പറയുംപടിക്കുലഞ്ഞാ'ടുകയാണ് ആ നിരുപദ്രവിയായ പാമ്പു്. ഇവിടെ, ഈ പറയുംപോലെ നിരുപദ്രവിയാണോ ഈ പാമ്പ് എന്നു സംശയം തോന്നുന്നവരുണ്ടാവും; അതിലധികമുണ്ടാവും ഈ പുലിയെങ്ങനെ പെട്ടന്നു വിഷക്കല്ലു പോയ പാമ്പായി മാറി എന്നു സംശയിക്കുന്നവർ. ഏതായാലും, കാര്യത്തിന്റെ കിടപ്പു ശരിക്കു മനസ്സിലാക്കാതെ, വർഗ്ഗസമരത്തിന്റെ പേരിൽ, നിരുപദ്രവിയായ ആ പാമ്പിന്റെ നേരെ മുട്ടൻ വടിയുമായി പാഞ്ഞടുക്കുന്നതു മൂഢത്വമാണെന്നു രാജാവ് അഭിപ്രായപ്പെടുന്നു. തുടർന്നു ചോരത്തിളപ്പിനോടു് അദ്ദേഹം പറയുന്നു:

''അറിയുന്നില്ലല്ലി നീ ജീവലോകത്തിൽ നിൻ-
ത്വരിതഗതിയുണ്ടാക്കും യാതനകൾ?'' ത്വരിതഗതിയായ യുവസിരയിലെ ചോരയോട്ടം ലോകത്തിനു യാതനയാണെന്നു പറയുമ്പോൾ ഇളംതലമുറയ്ക്കു് എന്തു തോന്നും, ആവോ! ആക്കു് എന്തു തോന്നിയാലും ശരി, രാജാവു പറയാനുള്ളതു നേരെ പറയും, ഉറച്ചു പറയും—അതൊരു സമാധാനമാണ്.

അർത്ഥം മനസ്സിലാവില്ലെങ്കിലും അത്ഭുതരൂപവും അഭിരാമവുമായ പ്രപഞ്ചമഹാകാവ്യത്തിലെ അഞ്ചിതങ്ങളായ ഗോളാക്ഷരങ്ങൾ കണ്ടു കോൾമയിർക്കൊള്ളുകയും നൂറു നൂറു തരത്തിൽത്തിരിയുന്ന ഏറുപമ്പരം ആകാശത്തെറിഞ്ഞും എണ്ണമററ മൺകോലങ്ങൾ പടച്ച് ഊതി നടത്തിയും മുൻമട്ടിലാക്കിയും കൂരിരുട്ടു വെളിച്ചമായിക്കാട്ടി കൂമനെക്കൊണ്ടു തൃപ്തിമൂളിച്ചും കളിയാടുന്ന ദിവ്യകുമാരനെക്കണ്ട് ആനന്ദക്കോളിൽ നീന്തിത്തുടിക്കുകയും ചെയ്യുന്ന രാജാവിൽ ഭക്തനും പ്രകൃത്യാരാധകനുമായ ഒരു സഹൃദയനെ നമുക്കു കാണാം.

വേദസൂക്തത്തിൻെറ തേൻതുള്ളികൾ തുളിച്ച 'ശക്തരിൽശ്ശക്തൻ', ക്ഷണികമായ ജീവിതത്തിൻെറ വേദനാജനകമായ 'അന്ത്യത്തെ നിത്യതയായിക്കണ്ട് അതിനെ സ്വാഗതംചെയ്യുന്ന 'നിത്യതയോട്'' തുടങ്ങിയ കവിതകൾ ഇത്തരമൊരു നിരൂപണത്താൽ പോററലേല്പിക്കരുതാത്തവയാണെന്നു തോന്നുന്നു. അതുകൊണ്ട് ആ കവിതകളിലേയ്ക്കു ഞാൻ കടക്കുന്നില്ല; അവ വിവരണമോ വ്യാഖ്യാനമോ അല്ല, ആസ്വാദനമാണ് ആവശ്യപ്പെടുന്നതു്. ആ ആസ്വാദനമാകട്ടെ, പലപ്പോഴും അരുപല്ലുകളുടെ സഹായം തേടാതെ വേണ്ടിവരുംതാനും.

# പാട്ടിലൊഴുകുന്ന കവിത*

പാട്ടും കവിതയുമായുള്ള കൂട്ടുകെട്ടിനെപ്പററി പലതും പറഞ്ഞു കേൾക്കാറുണ്ട്, അനുകൂലമായും പ്രതികൂലമായും. ഇതിനെസ്സംബന്ധിച്ച വിശദവും നിഷ്കൃഷ്ടവുമായ ഒരു ചർച്ച നടത്തിയതിൻെറ ഫലമായി ശ്രീ. കുട്ടികൃഷ്ണമാരാർ എത്തിച്ചേരുന്ന നിഗമനം ശ്രദ്ധേയമാണ്. "സംഗീതസ്പർശമില്ലാത്ത സാഹിത്യാസ്വാദമാണ് ഏററവും ഉത്തമമായ സാഹിത്യാസ്വാദം; അതുപോലെ അർത്ഥാവബോധരഹിതമായ സംഗീതാസ്വാദമായിരിക്കണം ഏററവും ഉത്തമമായ സംഗീതാസ്വാദവും." സംഗീതത്തിലെ സാഹിത്യവും സാഹിത്യത്തിലെ സംഗീതവും ഒരുതരം കൂട്ടുകൂട്ടലാണ് എന്നാണദ്ദേഹത്തിൻെറ വാദം. കവിതാസ്വാദനത്തിൽ ശ്രുതിമാധുര്യവും ഗാനലയത്തിൽ അർത്ഥാവബോധവും പലപ്പോഴും ഒരു ചതിയായിത്തീരാമല്ലോ. കവിതയുടെ ഭാവവൈരൂപ്യം ഗാനമാധുര്യത്തിൻെറ വർണ്ണോജ്ജ്വലമായ പട്ടുസാരിയാൽ മൂടുന്നതും സംഗീതത്തിൻെറ ശ്രുതിലയക്കുറവ് ആശയചമൽക്കാരത്തിനു് അവഗുണ്ഠനമിട്ടു മറയ്ക്കുന്നതും ഒരു ചതിതന്നെ, സംശയമില്ല. എന്നുവെച്ച് ഈ കലകൾ രണ്ടും ശുദ്ധം മാറാതെയും കൂടിക്കഴിയാതെയും ഇരുന്നുകൊള്ളണമെന്നുണ്ടോ ? ഇല്ല. ശ്രീ. മാരാർ വിശദീകരിക്കുന്നു: "ഇടത്തരത്തിലുള്ള കലകളെ യഥോചിതം മേളിപ്പിച്ചാൽ അവ പരസ്പരം പുഷ്ടികരങ്ങളാകുന്നുണ്ട്, തീർച്ച". അങ്ങനെ ഇടത്തരത്തിൽപ്പെട്ട

* (1) അഞ്ചു നാടോടിപ്പാട്ടുകൾ — അക്കിത്തം അച്യുതൻ നമ്പൂതിരി

38183



കവിതയും പാട്ടും പരസ്പരസൗഭാഗ്യാധായകങ്ങളായി സമ്മേളിച്ചിരിയാണ് അക്കിത്തത്തിന്റെ നാടോടിപ്പാട്ടുകളിൽ. കവിതയെ പാട്ട് ഒഴുക്കിക്കളയുകയല്ല, കവിത അതിന്റെ പാട്ടിനൊഴുകുകയാണ്. അക്ഷരാർത്ഥഗ്രഹണത്തിന്നു തടസ്ഥമുണ്ടാക്കുന്ന ശ്രുതിലയമില്ല; ഗാനാസ്വാദനത്തിന്നു മുമ്പിൽ ഇടത്തടിച്ചുനില്ക്കുന്ന ക്ലിഷ്ടമായ ആശയസംവിധാനവുമില്ല. കവിതയും പാട്ടും ഒരനാക്രമണസന്ധിയിലൊപ്പുവെച്ചു കൂട്ടുരക്ഷാവ്യവസ്ഥയേർപ്പെടുത്തി പരസ്പരാശ്ലേഷത്തിൽ പുളകച്ചാർത്തണിയുകയാണ് ഈ പാട്ടുകളിൽ എന്നു പറയാം. അവയ്ക്കു തികച്ചും അവയുടേതായ ഒരു ചന്തമുണ്ട്. ഭാവാസ്വാദഭംഗംവരാതെ നിർത്തിനിർത്തിച്ചിന്തിച്ചു വായിച്ചോളൂ, ഒട്ടും മുഷിയില്ല. 'മുക്കിലിരിക്ക'ണ്ണ മുത്തശ്ശ്യമ്മോ— ടങ്കംവെട്ടും ചെഞ്ചീര—' എന്ന താളവട്ടത്തിൽ അസാരം നീട്ടിപ്പിടിച്ചു പാടിനോക്കിക്കോളൂ; മുഷിയില്ലെന്നല്ല, ഒരു കൊഴുപ്പു കൂടിവരുന്നപോലെ തോന്നുകയും ചെയ്യും.

ശ്ലഥബന്ധവും ശ്രുതിമധുരവുമായ താളാത്മകവൃത്തങ്ങൾ, അതിർവരമ്പറിയാത്ത അതിഭാവുകത്വം, ആത്മാവിലേയ്ക്കു് ആണ്ടിറങ്ങുന്ന നാടൻശൈലീസംവിധാനം, അക്ലിഷ്ടവും ഉദാത്തവുമായ ഭാവാനുരണനപ്രവണത—ഏതാണ്ടിങ്ങനെ ചിലതാണല്ലോ നാടോടിപ്പാട്ടുകളുടെ സവിശേഷതകൾ. അജ്ഞാതനാമാക്കളായ പഴയ നാടൻകലാകൃത്തുക്കളുടെ ഇപ്പറഞ്ഞ കലാശില്പമർമ്മമെല്ലാം കണ്ടറിഞ്ഞു് ഉപയോഗപ്പെടുത്താൻ അക്കിത്തം വിട്ടുപോയിട്ടില്ല. അദ്ദേഹം നാടൻപാട്ടുകളുടെ ബാഹ്യശൈലിയെ അനുകരിക്കുകയല്ല; അകൃത്രിമസുന്ദരമായ ആ ഭാവസംവിധാനശില്പവുമായി ആത്മൈക്യം പ്രാപിച്ച കവിയിൽനിന്നു കവിത പാട്ടായി പ്രവഹിക്കുകയാണ്.

ഈ ഗാനകാവ്യസമാഹാരത്തിൽ ഒന്നാമത്തേതായ 'മുത്തച്ഛ'നും ഒടുവിലത്തേതായ 'കണ്ടവരുണ്ടോ' എന്നതും നമ്മുടെ സവിശേഷശ്രദ്ധയർഹിക്കുന്നു. ഉൾത്തുടിപ്പുള്ള ജീവിതം ഈ മണ്ണിൽ കൂമ്പെടുത്തുവന്നതുതൊട്ടു മനുഷ്യഹൃദയത്തെ മഥിച്ചുപോരുന്ന വിയോഗക്ലേശ(ഇഷ്ടവസ്തുനാശജന്യമായ ക്ലേശം)മത്രേ 'മുത്തച്ഛ'നിലെ പ്രമേയം.

പാതിരനേരത്തു പാതയിൽനിന്നൊരു പാട്ടു കേൾക്കുകയാണ്:

"ഇട്ടുണ്ണൂലിക്കൊരുണ്ണി പിറന്നു
പൊട്ടിച്ചിരിച്ചു ഞാൻ മുത്തച്ഛൻ!

38153



പെട്ടന്നുണ്ണി കഴിഞ്ഞുപോലും
പൊട്ടിച്ചിരിപ്പു ഞാൻ മുത്തച്ഛൻ!''

ഇങ്ങനെ പിറക്കുമ്പോഴും മരിക്കുമ്പോഴും ചിരിക്കുന്ന സമചിത്തതയാന്ന് ആ പാട്ടുകാരൻ മുത്തച്ഛൻ ഉണ്ണി മരിച്ച വിഷാദവൈക്ലബ്യം മൂത്തു ഭ്രാന്തുപിടിപെട്ട ഒരു പാവമാണെന്നു കവി സൂചിപ്പിക്കുന്നു.

"ചത്തിട്ടില്ലവ,നെന്തെന്തു വന്നാലും
ചാവുകയില്ലാക്കെങ്കേമൻ....''

എന്നിങ്ങനെ പാട്ടു തുടരുന്നതോടെ ആ വിഷാദോന്മത്തൻ നമ്മുടെ സഹാനുഭൂതി നേടുന്നു.

പാടത്തെ ഈറൻമഞ്ഞിലലിഞ്ഞും അമ്പലമുററം കമ്പിതമാക്കിയും പൊട്ടിയ നെഞ്ചു ചിലമ്പി കാക്കശ്യം ചേന്നും തുടരുന്ന പാട്ടു വൃദ്ധഹൃദയത്തിലെ വാത്സല്യപ്രതീക്ഷാഭാണ്ഡമാകെ നമ്മുടെ മുമ്പിൽ തുറന്നു കാട്ടുന്നു. നോക്കു:

"ഞാനാക്കുഞ്ഞിക്കുള്ളനെ മാറൊട്ടു
പൂണ്ടും, പൂണ്ടു ചിരിപ്പിക്കും.
വെയ്ക്കില്ലവനെ ഞാൻ താഴത്തെ,ന്നല്ല
വെണ്ണയും പാലും കൊടുക്കും ഞാൻ....
'കാക്കുകുക്കു' കളിപ്പിക്കും ഞാൻ,
'കൊട്ടത്തുലാംപോമ്പാ'ടിക്കും....
മണ്ണിലും വെയ്ക്കില്ല, കല്ലിലും വെയ്ക്കില്ല
നിണ്ണയും ഞാനിപ്പൂവിത്തു്:
ഇത്തിരി ചട്ടം വേണം, വിരുതനെ
മെത്തപ്പുറത്തേ കിടത്താവൂ....
എണ്ണും പറഞ്ഞൊരു പൊട്ടിടുവിക്കണം,
കണ്ണെഴുതിക്കണം കാതോളം;
കാച്ചിയതാവണമെണ്ണയും വെള്ളവും;
തേച്ചു കുളിക്കണമെന്നെന്നും;
തോന്നുകൊണ്ടേ തോർത്തേണം; മുടി
തോളിൽച്ചുരുണ്ടു കിടക്കേണം....''

ആ പാർവ്വണത്തിങ്കളിന്നുവേണ്ടി താൻ പണ്ടൊരു കാലത്തു പെട്ട പാടൊക്കെ വൃദ്ധൻ അനുസ്മരിക്കുന്നു. ശ്രദ്ധിക്കു:

‘തെങ്ങും കവുങ്ങും ഞാൻ വെച്ചല്ലോ, കയ്യിൽ-
ത്തേവിത്തഴമ്പു പിടിച്ചല്ലോ.
ഇന്നാ ശൃംഗാരക്കൂട്ടുകളെല്ലാ-
മൊന്നിന്നൊന്നോക്കോണമായല്ലോ.
തിരളാറായും തിരണ്ടുകുളിച്ചും
തീണ്ടാരിക്കുളി തെററീട്ടും
തുമിഴിത്തുമ്പത്തു കാമുകസ്വപ്നത്താ-
ലോമൽത്തരളത മിന്നുമ്പോഴും
തലമുടി ചിക്കും രംഭകളാമി-
ക്കുലനാരിമാരെക്കണ്ടിട്ടില്ലേ?’’

തൻെറ മുററത്തെ തുമുല്ലയും നാലുപുരയിലെ ദീപവും തറവാട്ടിന്റെ താസ്സേരുമായ ആ കുഞ്ഞിക്കള്ളനെ കണ്ടിട്ടില്ലെങ്കിലെന്താ? കിഴവന്നറിയാം, അതൊരനർഘനിധിയാണെന്നു്, പൂവമ്പഴത്തിനെപ്പോലിരിക്കും ആ പൂമെയ്യെന്നു്, പൂവിട്ട മുല്ലക്കാടുപോലെയാണു് ചങ്ങാതി പുഞ്ചിരി തൂകുകയെന്നു്. തന്തക്കൊരണ്ടിയാണെങ്കിലും അന്തസ്സുള്ളവനായി മാറിയ കിഴവൻ, എന്തു വന്നാലും, ‘കരിയും നുകവും ചുമന്നു് ആ പിഞ്ചുചുമലിൽ കട്ടിക്കരിന്തഴമ്പുണ്ടാവാനും’ ‘ചേറും ചളിയും ചവുട്ടിയാച്ചേവടിത്താരിൽ കുഴിനഖം കുത്താനും’ സമ്മതിക്കില്ലത്രേ!

പതുക്കെപ്പതുക്കെ ആ പാട്ടു പാതിരയെ വിറകൊള്ളിക്കുകയും ഭൂമിയിൽനിന്നു ധൂമികപോലെ ഉയന്നുകലുകയും ചെയ്യുന്നു:

‘‘രാജാവിൻെറ നിരപ്പിനാക്കേമൻ
രാജിച്ചു കണ്ടിട്ടല്ലാതെ
ഭൂമിയിലേയ്ക്കു മടങ്ങുകയില്ലി-
ത്തീയേ തിന്നും മുത്തച്ഛൻ....’’

ഒടുവിൽ ആ പാട്ടു ‘ലോകാലോകമരിച്ചു കടന്ന’പ്പോഴും മൂകത വീണ്ടും തേങ്ങുകയാണു്:

"ചത്തിട്ടില്ല കിറുക്കന്മാരേ,
ചാവുകയില്ലാദ്ദേവൻ!"

സ്വജീവിതത്തിൽ സാക്ഷാത്കരിക്കാൻ സാധിച്ചിട്ടില്ലാത്ത അഭിലാഷങ്ങളെല്ലാം പിൻതലമുറയിലേയ്ക്കു പകൎന്നു് അവിടെ സഫലീകരിച്ചു കാണാൻ കൊതിക്കുക എന്നതു മനുഷ്യസഹജമാണു്. അനവാപ്തങ്ങളായ ഈ ആയിരമായിരം അഭിലാഷങ്ങളുടെ ശൃംഖലതകൾ ഒരിളംകൂമ്പിന്മേൽ പടർത്തിക്കിളിപ്പിക്കലാണു് മനുഷ്യന്റെ ജന്മസാഫല്യം തന്നെ. ആ ഇളംകൂമ്പു പെട്ടെന്നു വാടിക്കരിഞ്ഞുപോയാലത്തെ കഥ ഓർക്കുക വയ്യാ. അപ്പോഴാണു്, ആ അഭിലാഷങ്ങളുടെ ഗതിവരാത്ത പ്രേതങ്ങൾ ലോകവിദ്വേഷനൈരാശ്യങ്ങളുടെ വാലും മൂട്ടമില്ലാത്ത അപസ്വരാകുലമായ ശോകഗാനങ്ങൾകൊണ്ടു് അന്തരീക്ഷത്തെ മാന്തിമുറിവേല്പിയ്ക്കുക! ഭീകരങ്ങളും ദയനീയങ്ങളുമായ ആ ശോകഗാനങ്ങളുടെ ഭാവം ആത്മാൎത്ഥമായും തികഞ്ഞ തന്മയതയോടെയും ആവിഷ്ക്കരിക്കുകയാണു് അക്കിത്തം ഈ പാട്ടിലൂടേ ചെയ്യുന്നതു്. തകൎന്ന ആ അഭിലാഷങ്ങളുടെ അനിയന്ത്രിതമായ തേങ്ങൽ ശ്ലഥബന്ധവും ഭാവോജ്ജ്വലവുമായ നാടൻപാട്ടിലൂടെ മുഴങ്ങിക്കേൾപ്പിക്കുന്നതിൽ അദ്ദേഹം തികച്ചും വിജയിച്ചിരിക്കുന്നു.

'അ് ആ്, ഇത്രയേ ഉള്ളൂ?' എന്ന ഒരു സംശയം ഇവിടെ ഉയൎന്നുവരാനിടയുണ്ടു്. ഇത്രയുമല്ല ഉള്ളൂ എന്നു് എനിക്കു ബലമായി തോന്നുന്നു. ഇടയ്ക്കിടയ്ക്കു കവി നല്കുന്ന ഏണിക്കമ്പുകളിലൂടെ പതുക്കെപ്പതുക്കെ പിടിച്ചു കയറി നോക്കുമ്പോൾ കുറച്ചുകൂടി ഉണ്ടോ എന്നു സംശയം തോന്നും. ഭാവോജ്ജ്വലമായ ഒരു മധുരഗാനകാവ്യംകൊണ്ടു് — അതിന്റെ യഥാശ്രുതാൎത്ഥംകൊണ്ടുതന്നെ — തൃപ്തിപ്പെട്ടുകൂടേ എന്നാണെങ്കിൽ പറയാം. തൃപ്തിപ്പെട്ടുകൂടായ്കയില്ല. മാത്രമല്ല, ഉള്ളതു തികച്ചും രുചികരമാണു്, തൃപ്തികരവുമാണു്. മഹാകവി ഉള്ളൂരിനോടു മാപ്പു ചോദിച്ചുകൊണ്ടു് അദ്ദേഹത്തിന്റെ നല്ല രണ്ടു വരി അല്പം മാററി ഇവിടെ കുറിക്കട്ടെ:

'കേട്ടതിലുണ്ടേറെക്കൗതുകം; മറെറന്തോ
കേൾപ്പതിലൂത്കണ്ഠയുണ്ടു പക്ഷേ'

അപൂർണ്ണനായ മനുഷ്യന്റെ പൂർണ്ണതാഭിമുഖമായ തപശ്ചര്യയെയാണ് ആ മുത്തച്ഛൻ കുറിക്കുന്നതെന്നു ഞാൻ വിചാരിക്കുന്നു. ചെയ്ത്താൻ കൊന്നെന്നും പെററ ഉടനെ കഴിഞ്ഞുപോയെന്നും മററും പറയപ്പെടുന്ന ആ പൊന്നുണ്ണിയുണ്ടല്ലോ, അവൻ സങ്കല്പപൂർണ്ണതയുടെ പ്രതീകമാണ്. കൈനീട്ടിയാൽ തൊടാമെന്നു തോന്നും. എത്ര കൈനീട്ടിയാലും അടുക്കുകയുമില്ല—ഇങ്ങനെ മൃഗതൃഷ്ണയെപ്പോലുള്ള ആ പൂർണ്ണതയെ അണച്ചു പുല്കാനുള്ള മാനുഷ്യകത്തിന്റെ ഉത്കടമായ ഉത്കണ്ഠയാണ് മുത്തച്ഛൻ. ആയുഷ്കാലത്തിന്റെ അവസാനഘട്ടമാകുന്നതോടുകൂടി സ്വപ്നങ്ങളൊന്നും സാക്ഷാത്കരിച്ചുകാണാൻ കഴിയാത്ത ആദർശവാദിയായ മനുഷ്യൻ സാധാരണക്കാരുടെ പരിഹാസത്തിന്നു പാത്രമാകുന്നു. ആദർശവാദി അമർഷഭാരാന്ധനായി അലറുന്നു:

> "പെട്ടന്നുണ്ണി കഴിഞ്ഞുപോലും
> പൊട്ടിച്ചിരിപ്പു ഞാൻ മുത്തച്ഛൻ!
> ചത്തിട്ടില്ല, കിറുക്കന്മാരേ,
> ചാവുകയില്ലാക്കെങ്കേമൻ"

അവൻ ഒരവതാരപുരുഷനാണെന്നും ദേവനാണെന്നും വലിയ പണക്കാർ വാലു മടക്കുകയും പണ്ഡിതമാനികൾ പത്തി ചുരുക്കുകയും കന്യകമാർ കൊത്തിവലിക്കുകയും ചെയ്യുമാറു സൗഭാഗ്യകേദാരമായ ആ ദേവകുമാരൻ ചാവുകയില്ലെന്നും വൃദ്ധൻ പേർത്തും പേർത്തും ആണയിടുമ്പോൾ, അതു ഭൗതികാതീതമായ പൂർണ്ണതയിലേയ്ക്കു കൈചൂണ്ടിക്കൊണ്ടല്ലേ എന്നു സംശയിക്കുകയാണ്. ഭൗതികശരീരം തകർന്നാലും തകരാത്ത പൂർണ്ണതാഭിലാഷം 'ശൂന്യാന്തരീക്ഷത്തിൽ വലവീശുന്ന ആയിരം മുകുളങ്ങളിൽ വിരിയാറായുള്ള ഒന്നിൽ' കടന്നുകൂടി വീണ്ടും ഇവിടെ പ്രത്യക്ഷപ്പെടുന്നു. 'ചത്തിട്ടില്ല, കിറുക്കന്മാരേ, ചാവുകയില്ലാദ്ദേവൻ!' എന്ന മൂകതയുടെ തേങ്ങലിൽ ആ പുനരുത്ഥാനമാണ് മുഴങ്ങിക്കേൾക്കുന്നതു്. ഇങ്ങനെ നോക്കുമ്പോൾ, മധ്യായുസ്സിന്റെ (ആദർശങ്ങളുടെ അസാധ്യതയെപ്പററി നൈരാശ്യം തോന്നുന്ന കാലഘട്ടം) പ്രതീകമായ പാതിരതൊട്ടു 'ചാവുകയില്ലാദ്ദേവൻ!' എന്ന മൂകതയുടെ തേങ്ങൽ വരെ ഇതിലെ എല്ലാ ഭാഗവും പ്രതീകങ്ങളായി ഉയിർക്കൊണ്ടു പുതിയൊരു സന്ദേശവുമായി നിങ്ങളെ സമീപിക്കുന്നതുപോലെ തോന്നും. ക്ലിഷ്ടമാണ് അല്പം, അല്ലേ? എന്നാലും രസമുണ്ട് എന്നെനിക്കു തോന്നുന്നു.

വാത്സല്യഭാജനത്തിൻെറ ആത്യന്തികവിയോഗത്താൽ ഉന്മത്തനായിത്തീൎന്ന മുത്തച്ഛൻെറ തേങ്ങിക്കരച്ചിലാണ് ഒന്നാംപാട്ടിൽ നാം കേൾക്കുന്നതെങ്കിൽ, കാണാതായിപ്പോയ ഉണ്ണിപ്പേരക്കിടാവിനെ തേടിപ്പോകുന്ന മുത്ത്യേമ്മയും അവനെ ഒളിച്ചുവെച്ച കുസൃതിക്കുട്ടക്കളായ കന്നാലിപ്പിള്ളരും തമ്മിലുള്ള ഹാസ്യം തുളുമ്പുന്ന ഒരു സരസസംവാദമാണ് 'കണ്ടവരുണ്ടോ?' എന്ന അഞ്ചാമത്തെ പാട്ടിൽ നാം കേൾക്കുന്നതു്. മുത്ത്യേമ്മ വാഴനാരുകൊണ്ടു ചന്തിക്കൊന്നു കൊട്ടത്തപ്പോൾ അഭിമാനിയായ പേരക്കിടാവു കൂട്ടുകാരുടെ സഹായത്തോടെ മാവിൻ കൗളിയിലൊളിച്ചു. അനുതാപാൎത്തയായ മുത്ത്യേമ്മ 'ചാത്തുനെക്കണ്ടോ കുട്ട്യോളേ?' എന്ന അന്വേഷണവുമായെത്തി. ചാത്തുവിനെ അറിയാത്ത ഭാവത്തിൽ കുട്ടികൾ അവൻെറ അടയാളങ്ങൾ ചോദിക്കുകയായി:

"ഓനെത്ര വയസ്സായി, മുത്ത്യേമേ?
ഓനഞ്ചു വയസ്സായി, കുട്ട്യോളേ.
കൂരച്ച നെഞ്ഞോ പുഴപ്പല്ലോ?
അഴകുററ നെഞ്ഞാ,ണരിപ്പല്ലും.
കറുത്തിട്ടോ വെളുത്തിട്ടോ ചോന്നിട്ടോ?
അമ്പാടിക്കണ്ണൻെറ നിറമാണേ....
അരയിൽക്കിങ്ങിണിയുണ്ടോ, മുത്ത്യേമേ?
വെള്ളിത്തുരട്ടുണ്ടല്ലോ, കുട്ട്യോളേ....
കുങ്കമക്കുറിയുണ്ടോ, മുത്ത്യേമേ?
ചുണ്ടത്തു തേഞ്ചിരിയുണ്ടല്ലോ."

ആ അവസാനഭാഗത്തെ ചോദ്യോത്തരങ്ങളുടെ മട്ടൊന്നു ശ്രദ്ധിച്ചു നോക്കൂ. നാടൻപാട്ടുകളുടെ മൎമ്മമായ കുസൃതിവാസന അങ്ങനെ കൂമ്പെട്ടുത്തുവരികയാണ്. അതു് 'ഇല മൂത്തു പൂവുണ്ടായി കായ് വിരിയുന്നതു്' കണ്ടോളൂ:

"പിന്നെന്തേ കുഞ്ഞിക്കു വന്നീലാ?
ചന്തിക്കൊന്നു കൊട്ടത്തേ ഞാൻ.
എന്തിനു ചന്തിക്കൊന്നു കൊട്ടത്തു?
കന്നിനെ മേയ്ക്കാൻ പോവാഞ്ഞിട്ടു്

പോവാതിരിക്കാനെന്തേ ചാത്തു ?
കഴവേറിത്തരമില്ലാഞ്ഞിട്ട്.
കഴവേറിത്തരമേറാനെന്തേ ?
തലയിൽക്കേററിയിരുത്താഞ്ഞിട്ട്....''

ആ കുസൃതി നിറഞ്ഞ ചോദ്യോത്തരങ്ങളങ്ങനെ മുറുകിവരികയാണ്. ചാത്തുവിൻെറ അമ്മ ഒന്നാമതായി 'ദൈവം വന്നു വിളിച്ചിട്ടും' രണ്ടാമതായി 'നടപ്പിൻെറ ദെണ്ണം പിടിച്ചിട്ടും' മരിച്ച കഥയെല്ലാം വിവരിച്ചുകേട്ടശേഷം, കുട്ടികൾ, അവനെ എവിടെയെല്ലാം തിരഞ്ഞു എന്നു ചോദിക്കുകയാണ്:

''കൊളത്തിലും കെൻറിലും നോക്കിലേ?
പെട്ടീലട്ടപ്പിലും കണ്ടില്ല.
കൊടത്തിൻറള്ളിലും നോക്കീലേ ?
കോഴിക്കൂട്ടിലും കണ്ടില്ല....
കിണ്ടിമുരലിലും നോക്കീലേ ?
തുശിത്തുളയിലും കണ്ടില്ല....''

തൻെറ ഊന്നുവടി പോയ്പ്പോയതിനെപ്പററി സങ്കടപ്പെടുന്ന വൃദ്ധയോടു കുട്ടികൾ 'പോയയോ? പോയതു കിട്ടില്ല' എന്നു കളിയായി പറയുമ്പോഴെയ്ക്കും ഭാവം മാറിയ മുത്ത്യേമ 'തിയ്യോണ്ടമ്മാനമാടല്ലേ!' എന്നു കയർക്കുന്നു. വാശികേറിയ ആ വാത്സല്യത്തിന്നുമുമ്പിൽ ചൂളിപ്പോയ കുട്ടികൾ ചാത്തുവിനെ കണ്ടെന്നു പറഞ്ഞു സമാശ്വസിപ്പിക്കുന്നു. പിന്നെയും അനവധി കുസൃതിച്ചോദ്യങ്ങൾക്കും ഉത്തരങ്ങൾക്കും ശേഷം, ഇനി തല്ലില്ലെന്നു സത്യം ചെയ്യിച്ചിട്ടേ മാവിൻെറ കൗളിയിലൊളിച്ചിരിക്കുന്ന പേരക്കിടാവിനെ മുത്ത്യേമയ്ക്കു കാട്ടിക്കൊടുക്കുന്നുള്ളൂ. കാണണ്ട താമസം, 'അമ്പട കള്ള, വാടാ താഴെ' എന്നായി മുത്ത്യേമ. കുട്ടികൾ വിടുമോ? 'തല്ലില്ലെന്നൊരു സത്യവുമുണ്ടേ' എന്നായി അവർ. 'തച്ചിട്ടില്ലാ പണ്ടും' എന്നു മുത്ത്യേമ മൊഴിയുമ്പോൾ 'ചന്തിക്കൊന്നു കൊടുത്തില്ലേന്നും?' എന്നു ചോദിക്കാൻ കുട്ടികൾ വിടുന്നില്ല. മുത്ത്യേമ്മയുടെ മറുപടിയല്ലേ കേൾക്കേണ്ടതു്—'റാഴടെ നാരോണ്ടാണേ!'

'എൻെറ മകനുണ്ണികൃഷ്ണൻ കൃഷ്ണാട്ടത്തിന്നു പോകേണം' എന്നു തുടങ്ങുന്ന ഭക്തിവാത്സല്യഭരിതമായ ആ പഴയ നാടൻപാട്ടു പാടിക്കേൾ

കുമ്പോഴുള്ള അനുഭവസാമ്രാജ്യത്തിൽനിന്നു് ഒട്ടും താഴെയല്ല അക്കിത്തത്തിൻെറ 'കണ്ടവരുണ്ടോ?' എന്ന പാട്ടിൻെറ അനുഭൂതിസാമ്രാജ്യവും. പരമാത്മാവിനെ തേടിപ്പോകുന്ന ജീവാത്മാവിൻെറ പ്രതീകമാണ് ഇതിലെ മുത്തേ്യമ എന്നൊരു വ്യാഖ്യാനം കേട്ടിട്ടുണ്ട്. സാമാന്യം വ്യക്തമായ സൂചനകൾകൊണ്ടും വാച്യാർത്ഥത്തിൻെറ ഭാഗികമായ അനുപപത്തികൊണ്ടും 'മുത്തച്ഛ'നിലാരോപിക്കുന്ന വ്യംഗ്യാർത്ഥംപോലെ യുക്തമായിത്തോന്നിയില്ല എനിക്കീവ്യാഖ്യാനം.

കേരളത്തിലെ ഇളംചുണ്ടുകൾക്കു നുകരാൻ പററിയ, ദേശപ്രേമാരോഗ്യാധായകമായ 'അമ്മിഞ്ഞപ്പാലു്' മധുരമായ ഒരു ഗാനമാണ്. 'കാളി' 'തൊയിരംമേണം' എന്ന രണ്ടു പാട്ടുകളാകട്ടെ, നാടൻശൈലികളുടെ അനുകരണംകൊണ്ടും ഗാനാത്മകതകൊണ്ടും സരളതകൊണ്ടും ഗ്രാമീണരംഗങ്ങളിൽ ശ്രദ്ധിക്കപ്പെടുകയും ആസ്വാദിക്കപ്പെടുകയും ചെയ്യുമെങ്കിലും, കവിതയുടെ ഭാവഭംഗിയെ അടിസ്ഥാനപ്പെടുത്തി നോക്കുമ്പോൾ വളരെ താണ തരമാണെന്നു തോന്നുന്നു. തൻെറ മകനാൽ ഗർഭിണിയായ കാളിപ്പെണ്ണിൻെറ ചെക്കനെ വലിയതമ്പുരാൻ പടിവാതില്ക്കൽവെച്ചു ചവിട്ടി മണ്ണിലരച്ചുകളയുന്ന കഥ, നിറക്കൂട്ടു് അധികമായതുകൊണ്ടായിരിക്കാം, ഉള്ളിലേയ്ക്കു തട്ടുന്നില്ല.

'എടവും വലവും പെണ്ണതിനേഷം തിരിഞ്ഞിട്ടില്ല;
കടലിലെ ക്ണ്ണൻ മോളുടെ കണ്ണില് ചാടീട്ടില്ല....'
'പോക്ണ പോക്ക്ന് നീലിയൊരോട്ടക്കണ്ണെറിഞ്ഞേ;
നീലക്കാക്ക പറക്കുന്നെന്നു് നെനച്ചേ ചക്കൻ....'

എന്നിങ്ങനെ പല രസികൻവരികളും ഈ പാട്ടുകളിലുണ്ട്.

KOTTAYAM PUBLIC LIBRARY
KOTTAYAM.

# കാവ്യപ്രപഞ്ചം*

ഒളപ്പമണ്ണയുടെ 'പാഞ്ചാലി', കുററിപ്പുറത്തിൻെറ 'ഓണം കഴിഞ്ഞു' എന്നീ രണ്ടു കാവ്യങ്ങഠം നവാവതാരങ്ങളാണു്; ജി. യുടെ 'നവാതിഥി', ഇടശ്ശേരിയുടെ 'അളകാവലി', എൻ. വി. യുടെ 'കുറേക്കൂടി' എന്നിവ പുനരവതാരങ്ങളും. വിരിപ്പോ മുണ്ടകമോ എന്നൊന്നും നമുക്ക നോക്കേണ്ടതില്ല. വിള നന്നോ, നമുക്ക സന്തോഷമായി. കാഴ്ചയിൽ 'ഒരുമേനി'യല്ലെങ്കിലെന്താ, കാലമേനിയ്ക്കു മോശം വരില്ല, തീച്ച. നമുക്കൊന്നു നടന്നു നോക്കാം.

പത്തിരുപതു കൊല്ലം മുമ്പു നാട്ടിൻപുറത്തു പള്ളിക്കൂടത്തിൽ പഠിച്ചുകൊണ്ടിരുന്നപ്പോഠം ഞങ്ങളിൽച്ചിലർ സതീൎത്ഥ്യരായ തണ്ടാന്മാരുകുട്ടികളെ പാഞ്ചാലിയെന്നു വിളിച്ചു കളിയാക്കിയിരുന്നു. പെൺകുട്ടികളെയല്ല കേട്ടോ, ആൺകുട്ടികളെത്തന്നെ. അവരുടെ ഇടയിൽ നടപ്പുണ്ടായിരുന്ന—ഇന്നും അപൂൎവ്വമായെങ്കിലും നടപ്പുള്ള—ബഹുഭൎത്തൃത്വത്തെ തോണ്ടിക്കൊണ്ടുയന്നതായിരുന്നു ആ പരിഹാസം. അതു് ഈ 'പാഞ്ചാലി'വിളിയിൽ വിരമിക്കാതെ, ഞങ്ങളുടെ ദൃഷ്ട്യാ വിലക്ഷണമായ ആ സാമൂഹ്യാചാരത്തിൻെറ ഉള്ളറകഠം മാന്തിത്തുരന്നു

---

* പാഞ്ചാലി—ഒളപ്പമണ്ണ; ഓണം കഴിഞ്ഞു—കുററിപ്പുറത്തു് കേശവൻനായർ; നവാഥിതി_ജി. ശങ്കരക്കുറുപ്പു്; അളകാവലി-ഇടശ്ശേരി ഗോവിന്ദൻനായർ; കുറേക്കൂടി നീണ്ട കവിതകഠം_എൻ. വി. കൃഷ്ണവാരിയർ.

പല അശ്ലീലങ്ങളും പുറത്തിടുക പതിവായിരുന്നു. അതിന്റെ ഫലമായ മനോവേദനകളെപ്പററിയോ അതുൾക്കൊള്ളുന്ന പ്രശ്നങ്ങളെപ്പററിയോ വീണ്ടുവിചാരം ചെയ്യാൻ നില്ക്കുന്നതല്ലല്ലോ കൗമാരത്തിന്റെ കുസൃതി. ഞങ്ങളുടെ അന്നത്തെ പരിഹാസവസ്തു ഇന്നിതാ, ഒളപ്പമണ്ണയുടെ കൈയിൽ ഭാവോജ്ജ്വലമായ ഒരു കൊച്ചുഖണ്ഡകാവ്യമായി പൊട്ടിവിരിഞ്ഞിരിക്കുന്നു — തണ്ടാന്മാരുടെ വിവാഹച്ചടങ്ങുകളുടെയും ദാമ്പത്യത്തിന്റെയും പശ്ചാത്തലത്തിൽ, ആ ആചാരത്തിന്റെ അനിവാര്യമായ വികാരസംഘർഷത്താൽ നിറംപിടിപ്പിച്ച ഒരു മനോഹരകാവ്യം.

മനുഷ്യന്റെയെന്നല്ല, മൃഗങ്ങളുടെയും സ്വഭാവഘടനയിലെ ഒരു മുഖ്യാംശമാണല്ലോ 'ഇണക്കുത്തു്.' തന്റെ ഇണയെ അന്യൻ അനർഹമായൊന്നു ചെരിഞ്ഞു നോക്കുന്നതുപോലും ആണൊരുത്തനു സഹിക്കാനാവില്ല. ഒന്നിലധികം സഹോദരന്മാർകൂടി ഒരു പെണ്ണാളെ കെട്ടിയാലത്തെ കഥ പിന്നെ പറയണോ ? എന്തെല്ലാം കുടുംബഭദ്രതകളുടെ പേരിലായാലും വേണ്ടില്ല, എത്രയെത്ര സാമ്പത്തികപദ്ധതികളുടെ അടിസ്ഥാനത്തിലായാലും വിരോധമില്ല, അവിടെ ഇണക്കുത്തു വരാതിരിക്കയില്ല. തന്റെ സ്നേഹവിഷയത്തെ തികച്ചും തനതാക്കുവാനുള്ള ജന്തുസഹജമായ ഉൽക്കടാഭിലാഷം സാഹോദര്യത്തെയും കുടുംബസ്നേഹത്തെയുമെല്ലാം അടിച്ചമർത്തിക്കളയും. വേദവ്യാസമഹർഷിയുടെ പാഞ്ചാലി അഞ്ചു ഭർത്താക്കന്മാരോടും ഒത്തിണങ്ങിപ്പെരുമാറി, എടുത്തു പറയത്തക്ക ഒരിണക്കുത്തിന്നിടയാക്കാതെ ജീവിച്ചു എന്നാണു് പറയുന്നതു്. നന്നായി, മിടുക്കിതന്നെ! പക്ഷേ ഛിദ്രവാസനകളുടേതായ ആധുനികയുഗത്തിലെ പാഞ്ചാലിക്കു് ആ അടവുകളത്ര വശമുണ്ടാവുമെന്നു കരുതിക്കൂടാ. ഈ സ്ഫുട്നിക്യുഗത്തിലെ മനുഷ്യർ അന്നത്തെ പാണ്ഡവരുമല്ല. അപ്പോൾ ബഹുഭർത്തൃത്വാധിഷ്ഠിതമായ ദാമ്പത്യം ഒരു തീക്കുടുക്കതന്നെയാണു്. തിരി മുറിച്ചെറിയാതെ പററില്ല. ഇതാണു് 'പഞ്ചാലി'യിലെ പ്രമേയമർമ്മം.

നാല്പത്തിനാലു പേജിൽ പത്തു ഖണ്ഡങ്ങളുൾക്കൊള്ളുന്ന ഈ ലഘുകാവ്യത്തിൽ കൃത്യമായി ഇരുപത്തിരണ്ടു പേജു വരുന്ന ആദ്യത്തെ അഞ്ചുഖണ്ഡങ്ങളിലായി ആ വിവാഹച്ചടങ്ങുകൾ വിശദമായി വർണ്ണിക്കപ്പെട്ടിരിക്കുന്നു. മക്കളായ പങ്ങുണ്ണിയെയും കുഞ്ചുണ്ണിയെയും വിളി

ച്ച് അവക്ക ലക്ഷണമൊത്ത പെണ്ണാളെ കണ്ടെത്തിയ വിവരം പറഞ്ഞു താൻ അച്ചാരക്കല്യാണത്തിന്നു് അങ്ങോട്ടിറങ്ങുന്നതായി മുണ്ടൻ പ്രഖ്യാപിക്കുന്നതാണ് ഒന്നാം ഖണ്ഡത്തിൽ. (അച്ചാരക്കല്യാണത്തിന്നു് അച്ഛന്റെ കൂടെപ്പോയ 'ആങ്ങളമാരു്' ആരാണെന്നു മനസ്സിലായില്ല.) ആ യുവകർഷകരുടെ മുമ്പിൽ സായൂജ്യമണ്ഡലം പൊന്തിവരികയായി, ചുററിലും കൂരിരുട്ടാണെങ്കിലും. (ഉംം, എന്തേ അവിടെ ഇത്ര കൂരിരുട്ടുണ്ടാവാൻ!) ഇത്തിരി ദൂരേ ദാമ്പത്യസങ്കല്പങ്ങൾ പൂത്തിരി കത്തി നില്ക്കുകയാണ്.

"എന്തു മട്ടാകുമത്തണ്ടാത്തി?
കണ്ടാലത്തണ്ടാത്തി നന്നല്ലേ?
കണ്ണു കറുത്തുകൊണ്ടാവില്ലേ?
കണ്ണും കുളിർത്തുകൊണ്ടാവില്ലേ?
വെള്ളരിപ്പൂവലാ മാറിന്മേൽ
('മാറത്തു്' ആയാലോ?)
തുള്ളിക്കളിപ്പതുണ്ടാവില്ലേ?
'കാണട്ടെ'യെന്നു പിടിക്കുമ്പോൾ
നാണം കാണുങ്ങിലേ തണ്ടാത്തി?
കളിയായിട്ടൊന്നു തിരുമ്മുമ്പോൾ
കവിളത്തു തെച്ചിപ്പൂ വിരിയില്ലേ?"

('മുട്ടോളം പാടത്തെച്ചേറോടെ' അച്ഛന്റെ മുമ്പിൽ വന്നു നിന്നു കല്യാണവാർത്ത കേൾക്കുന്ന പ്രയത്നധനരായ ആ കർഷകയുവാക്കളുടെ ദാമ്പത്യസങ്കല്പത്തിന്റെ സ്വരം എന്തിനേ ഇങ്ങനെയാക്കിയതു്? സ്വന്തം കുടുംബത്തിലും അയൽപക്കങ്ങളിലും കണ്ടു ശീലിച്ച ദാമ്പത്യബന്ധങ്ങളുടെ വെളിച്ചത്തിലല്ലേ അവരുടെ സങ്കല്പങ്ങൾ വിരിയുക? തുള്ളിക്കളിക്കുന്ന വെള്ളരിപ്പൂവലിനെപ്പററിയും തെച്ചിപ്പൂ വിരിയുന്ന കവിളിനെപ്പററിയും ഇത്ര കുതൂഹലാകുലരാകണോ അവർ? ഇണക്കത്തിന്റെ മർമ്മത്തിൽ ചെന്നുകൊള്ളാനാണെങ്കിലും, ഇവിടെ ഇത്ര നഗ്നമായ ലൈംഗികം അധികപ്പററല്ലേ എന്നു സംശയം തോന്നി.)

ചാണകംപോലെ മങ്ങിക്കറുത്ത പങ്ങുണ്ണി മുറുക്കിച്ചുവപ്പിച്ചു വരുമ്പോൾ മേചകഗന്ധർവ്വനാകും. നന്നായി. കൈക്കോട്ടെടുക്കുമ്പോൾ കാലനായ കുഞ്ചുണ്ണി 'കാതിൽ കടുക്കനിട്ടെത്തുമ്പോൾ' കാമ

നെപ്പോലെ പൊന്നാരമാകുന്നതും കൊള്ളാം. പക്ഷേ കുഞ്ഞുണ്ണി കാലനെപ്പോലെ മുൻകോപിയായതു നല്ല പന്തിയായോ? കൈക്കോട്ടെടുക്കുമ്പോഴും കുഞ്ഞുണ്ണിക്കു മുൻകോപത്തിനു പ്രസക്തിയില്ല; കാലൻെറ മുൻകോപം അത്ര പ്രസിദ്ധമാണെന്നും തോന്നിയില്ല. (ആ തുഞ്ചിക്കിടക്കുന്ന 'മുൻകോപി'യെ തട്ടിക്കളഞ്ഞാലെന്താ?)

അമ്മയച്ഛന്മാരില്ലാത്ത കാളു തൻെറ അച്ചാരക്കല്യാണത്തിനു മുണ്ടൻ വരുന്ന വിവരം മുത്തശ്ശിയിൽനിന്നു ഗ്രഹിക്കുന്നതാണ് അടുത്ത ഖണ്ഡത്തിൽ. മുത്തശ്ശിയുടെ ചിത്രവും ആ ഗൃഹാന്തരീക്ഷകല്പനയും ഒക്കെ ഒന്നാംതരമായി. കാളുവിൻെറ ദാമ്പത്യസങ്കല്പത്തിലാണ്, ആ തണ്ടാൻയുവാക്കളുടേതിലെന്നപോലെ, തെല്ലൊരസ്വാരസ്യം തോന്നിയതു്. ഭർത്താക്കന്മാരുടെ സ്നേഹത്തെപ്പററിയും അവരെ ഒരുപോലെ പ്രീണിപ്പിക്കാൻ വേണ്ടിവരുന്ന വിഷമത്തെപ്പററിയും ഭയാശങ്കകളോടെ സങ്കല്പിക്കുന്നതല്ലേ അധികം നല്ലതു്? ബഹുഭർത്തൃത്വത്തിൻെറ മുൾക്കിരീടം ചൂടിയ സജാതീയവധുക്കളുടെ ജീവിതാനുഭവങ്ങളിലല്ലേ ആ സങ്കല്പവല്ലി പടൎന്നു കേറേണ്ടതു്? ഒളപ്പമണ്ണയുടെ പാഞ്ചാലിയുടെ സങ്കല്പം, ഏതായാലും, ആ വഴിക്കല്ല പോകുന്നതു്. നോക്കൂ:

"എന്തു മട്ടാകുമത്തണ്ടന്മാർ?
കണ്ടാലത്തണ്ടന്മാർ നന്നല്ലേ?
വല്ലിയുമായിപ്പുരയ്ക്കലേ-
യ്ക്കല്ലിൽ പണി കഴിഞ്ഞെത്തുമ്പോൾ
തളരാത്തോരാവില്ലേ തണ്ടാന്മാർ
തടിമിടുക്കുള്ളോരാത്തണ്ടന്മാർ?
ചൂടുള്ള കഞ്ഞിയൊഴിക്കുമ്പോൾ,
ചൂരുള്ള മീൻകറി പാരുമ്പോൾ,
ഊതിക്കുടിക്കുന്ന തണ്ടാന്മാർ
ഓതുകയില്ലയോ പൊന്നാരം?"

തണ്ടാന്മാരുടെ സൗന്ദര്യം, ആരോഗ്യം, സഹൃദയത്വം എന്നിവയെക്കുറിച്ച് ഉയരുന്ന ഈ സങ്കല്പങ്ങളുടെ കൂട്ടത്തിലെങ്കിലും മുഴങ്ങിക്കേൾക്കേണ്ടതല്ലേ പല ഭർത്താക്കന്മാരെ തൻെറ സ്നേഹച്ചരടിലിണക്കിക്കോർക്കുന്നതിനെപ്പററിയുള്ള ഉത്കണ്ഠയുടെ സ്വരം?

തുടന്നു മൂന്നു ഖണ്ഡങ്ങളിലായി അച്ചാരക്കല്യാണത്തിന്റെയും സാക്ഷാൽകല്യാണത്തിന്റെയും (കുടിവെപ്പു) ചടങ്ങുകളുടെ യഥാതഥവും സുന്ദരവുമായ വർണ്ണനയാണ്. നാടൻശീല്, മർമ്മമറിഞ്ഞുള്ള പ്രയോഗങ്ങൾ, തന്മയത്വത്തിന്നു യോജിച്ച ചില ആവർത്തനങ്ങൾ, രസികൻവർണ്ണന - മൊത്തത്തിൽ ഈ ഭാഗം പൊടിപൊടിച്ചിരിക്കുന്നു.

ഇതിലിടയ്ക്കു നാലാം ഖണ്ഡത്തിൽ കാവ്യമർമ്മമായ വൈകാരികസംഘർഷത്തിന്നു ബീജാവാപം ചെയ്തിട്ടുള്ളതു നാം കാണാതിരുന്നുകൂടാ. പെണ്ണിനെ കൂട്ടിക്കൊണ്ടുവരാനുള്ള ആലോചനയാണ്. മൂത്ത ആളാണു് പോകേണ്ടതു്. പക്ഷേ ഇവിടെ നാറപ്പൊരുത്തം അധികമുള്ളതു് അനുജനാണ്. ഒരു യാദൃച്ഛികസംഭവം. എങ്കിലും ഏട്ടന്നു് അതങ്ങനെ വിടാൻ വയ്യാ.

"പങ്ങുണ്ണിതൻമുഖമിത്തിരെ
മങ്ങിത്തുടങ്ങുകയാകുന്നു.
മാമൂലുരചെയ്തതായാലും
മങ്ങിത്തുടങ്ങുകയാകുന്നു.
ചിന്തിച്ചു: നാളിന്റെ ചേർച്ചയ്ക്കോ
ചിത്തത്തിൻചേർച്ചയ്ക്കോ പ്രാധാന്യം?"

ഒടുക്കം സ്വയം സമാധാനപ്പെടാനുള്ള വിശാലഹൃദയവുമുണ്ടു് പങ്ങുണ്ണിക്കു്.

"എന്തിനിച്ചിന്തകൾ? കുഞ്ചുണ്ണി
കൊണ്ടെന്നാലെന്താപ്പെണ്ണാളെ?
കാളക്കിടാത്തിയെ രണ്ടാളും
കൂടിയിട്ടാണല്ലോ കെട്ടുന്നു"

ഈ നിസ്സാരസംഭവത്തിൽ നിഴലിച്ചുകാണുന്ന പങ്ങുണ്ണിയുടെ സവിശേഷസ്വഭാവമുണ്ടല്ലോ—അവഗണനയുടെ സംശയം തോന്നിയാൽ കുണ്ഠിതപ്പെടുകയും താമസിയാതെ പൊരുത്തപ്പെടുകയും ചെയ്യുന്ന സ്വഭാവം —അതിന്റെ വികസിതരൂപമാണ് ഒടുക്കം നാം കാണുന്നതു് എന്നതു ശ്രദ്ധേയമാണ്. (ഒടുക്കം, "മററൊരു പെണ്ണാളെക്കെട്ടുന്നുണ്ടേട്ടൻ, കുഞ്ചുണ്ണി പോകേണ്ട" എന്നു പറയുന്നേടത്തു തെളിഞ്ഞു കാണുന്ന ആ

ത്യാഗോദാരമായ സഹവർത്തിത്വമനോഭാവം ശ്രദ്ധിക്കുക) ഏതായാലും ആകസ്മികമായ ഈ അവഗണന പങ്ങുണ്ണിയുടെ കരളിൽ കുത്തി വരച്ച കറുത്ത പുള്ളിയാണ് ഒടുക്കം 'ചീത്ത് വിധുന്നുദ'രൂപമേന്തുന്നത്.

തണ്ടാന്മാരുടെ വിവാഹസമുദായാചാരങ്ങളുടെ വർണ്ണശബളമായ ഈ പശ്ചാത്തലത്തിലാണ് മിഴിവുള്ള ചിത്രം വരുന്നതു—പിടയുന്ന മൂന്നാത്മാക്കളുടെ ചിത്രം. കാളുവിന്നു കുഞ്ചുണ്ണിയോടല്ലേ അധികം സ്നേഹം എന്നൊരു സംശയം വരികയാണ് പങ്ങുണ്ണിയുടെ ഹൃദയത്തിൽ. പിന്നെ നോക്കുമ്പോൾ ആ സംശയത്തിന്നു വളംവെയ്ക്കുന്ന മട്ടിലാണ് കാണുന്നതെല്ലാം. ആ സംശയകുഡ്മളം ഇതളിതളായി വിടർത്തിക്കൊണ്ടുവരുന്നേടത്ത് ഒളപ്പമണ്ണയുടെ കാവ്യകലാകൗശലം നമുക്കു തെളിഞ്ഞു കാണാം.

പുതുപ്പെണ്ണായ കാളു ഭർത്തൃഗൃഹത്തിലെ കൃഷികജീവിതത്തിൽ അലിഞ്ഞുചേർന്നു. തോലും വളവും കൊണ്ടുവരിക, കട്ട തല്ലുക, കിളികളെ ആട്ടുക, അങ്ങനെ. അപ്പോൾ വരുന്നു ആ സംഭവം. ഒരു ദിവസം കുഞ്ചുണ്ണി അവളെ വിളിച്ചു:

"കിളികളെയാട്ടാനിത്രോളം
കിറുണിപ്പെണ്ണേ, വന്നാട്ടെ."

കുഞ്ചുണ്ണി കിളികളെയാട്ടുന്ന പെണ്ണാളിന്റെ കവിളത്തൊരു നുള്ളു വെച്ചുകൊടുത്തു. ഈ പൊന്നാരം അപ്പുറത്തു വരമ്പത്തു കന്നിനെ മേയ്ക്കുന്ന പങ്ങുണ്ണി കാണാനിടയായി. കഴിഞ്ഞില്ല, കിളികളെയാട്ടാൻ എറിഞ്ഞ കവിണക്കല്ലിലൊന്നു പങ്ങുണ്ണി മേയ്ക്കുന്ന കന്നിന്റെ കൊമ്പത്താണ് ചെന്നുകൊണ്ടതു്. ഓ, ഇങ്ങനെ വിട്ടാൽ പററില്ലല്ലോ. പങ്ങുണ്ണിക്ക് അസാരം ശുണ്ഠി വന്നു:

"കാളൂ, എന്തോ, മോത്തെന്തി
കണ്ണില്ലേ കിളികളെയാട്ടുമ്പോൾ?"

എന്തിനെന്നറിഞ്ഞില്ല, ഏട്ടന്റെ ശുണ്ഠി കണ്ടപ്പോൾ, കുഞ്ചുണ്ണിയുടെ ചുണ്ടിന്മേൽ "ഇത്തിരെ പുഞ്ചിരി" വന്നോ എന്നൊരു സംശയം.

കഞ്ഞിയൊഴിക്കുമ്പോഴും മീൻകറി പാരുമ്പോഴുമെല്ലാം കുഞ്ചുണ്ണി കാളൂവിനോടു പൊന്നാരം പറയുന്നു. പങ്ങുണ്ണിയോ, മൗനം. സംശയത്തിൻെറ ഉമിത്തീ കിടന്നു നീറുകയാണ്.

"കൊഞ്ചിക്കുഴഞ്ഞവളിന്നാദ്യം
കുഞ്ചുണ്ണിക്കെന്തേ വിളമ്പീടാൻ?
ഇങ്ങു വിളമ്പുന്ന നേരത്തും
കണ്ണുകളോൻെറ മോത്തല്ലേ?......"

പങ്ങുണ്ണിക്കു കറിയിൽ ഉപ്പില്ല, മുളകില്ല എന്നു തോന്നുന്നു. കുഞ്ചുണ്ണിക്ക് ആക്ഷേപമില്ല. കഞ്ഞി വിളമ്പുമ്പോഠം ഇത്തിരി നിലത്തു പോയി. പങ്ങുണ്ണി കലശലായി ശുണ്ഠിയെടുത്തു. എന്തിനോ, കുഞ്ചുണ്ണിയുടെ ചുണ്ടോളം വന്നു ഒരു ചിരി. പങ്ങുണ്ണിയുടെ ശുണ്ഠി ആളിക്കത്തുകയായി.... കാളൂവും കുഞ്ചുണ്ണിയുംകൂടി താലപ്പൊലിക്കു പോയ ഒരു രാത്രി പങ്ങുണ്ണി ചിന്തകളുടെ ചുരുളും നിവൎത്തി കോലായിൽ കിടക്കുന്നു. കാളുവെ സ്നേഹിക്കാൻ ആ കരഠം നെമ്പുകയാണ്. പക്ഷേ തൻെറ സ്നേഹത്തിന്നു പ്രതികരണം കാണാനില്ല. കടുത്ത നിരാശത, 'പെയ്യത്തും മഴപോലെ' കാവിൽനിന്നു കേഠക്കാകുന്ന തായമ്പകഘോഷത്തിൻെറ പശ്ചാത്തലത്തിൽ ഒരു സ്വപ്നാനുഭവംപോലെ പങ്ങുണ്ണി കാണുന്നു —കാളുവും കുഞ്ചുണ്ണിയും കൈകോൎത്തുപിടിച്ചു തിരിക്കിനിടയിലൂടെ നടക്കുന്നതും വളക്കാരൻചെട്ട്യാരുടെ മുമ്പിലിരിക്കുന്നതും ഉറിയപ്പം വാങ്ങി പൊന്നാരം പറഞ്ഞുകൊണ്ടു തിന്നുന്നതും എല്ലാം........

ഒടുക്കം പായവിരിക്കലിൻെറ ഊഴവും തെററിത്തുടങ്ങി. കരുതിക്കൂട്ടീട്ടാകണമെന്നില്ല. നീറിപ്പുകഞ്ഞിരുന്ന പങ്ങുണ്ണിയുടെ കരഠം ആളിക്കത്തുകയായി. നാട്ടിലും കുറേശ്ശ പാട്ടായിത്തുടങ്ങി. ഒരു ദിവസം പങ്ങുണ്ണി കാളുവിനെ വിളിച്ചു പുല്പായും ചിമ്മിനിയും കോലായിലേയ്ക്കു കൊണ്ടുവരാൻ പറഞ്ഞു. എന്നിട്ടു മണ്ണെണ്ണയൊഴിച്ച് ആ പായ അവഠം കത്തിക്കണമെന്നായി. കാളു നിന്നു കിടുകിടെ വിറക്കുകയാണ്. കുഞ്ചുണ്ണി സമാധാനിപ്പിക്കാൻ നോക്കുന്നു—'എന്തിന്നണ്ണാ പെണ്ണാളോ—ടന്തകവേഷം കെട്ടുന്നു?' പങ്ങുണ്ണിയുടെ ഹൃദയത്തിൽ പതുക്കെപ്പതുക്കെ മാററം വരികയായി—സ്നേഹവും നൈരാശ്യവും തമ്മിൽ, വിദ്രോഹവും വിഷാദവും തമ്മിൽ, ഏററുമുട്ടുകയായി.

"കവിളത്തൊഴുകും മിഴിയോടെ
കാളപ്പെണ്ണങ്ങനെ നില്ക്കുമ്പോൾ
നോക്കാത്ത പങ്ങുണ്ണിക്കൾക്കണ്ണാ–
ലോക്കാതിരിപ്പാൻ കഴിഞ്ഞീലാ,
വിടരുന്ന വിടരുന്ന തുനീല–
മലരുപോലുള്ളാ നേത്രങ്ങൾ.
പങ്ങുണ്ണിതൻമുഖമന്നേരം
മങ്ങുന്നു മഴമുകിലെന്നോണം.
കാണെക്കാണെച്ചീക്കുന്നു
കാലവഷാംബുദമെന്നോണം.
ഇപ്പോൾപ്പെയ്യും കണ്ണിൽനി–
ന്നിപ്പോളിപ്പോൾ പേമാരി!"

(മനഃപരിവത്തനത്തിൻെറ ഒന്നാം ഘട്ടം. എന്തു ലോലമായ സൂചന! ആ ഹൃദയം ഉരുകിത്തിളച്ചു മറിയുകയാണു്. എങ്ങനെ വേണമെങ്കിലും രൂപപ്പെട്ടുവരും. അനുജൻെറ ഒരു വാക്കു്—'എന്തിന്നണ്ണാ വെണ്ണാളോ–ടന്തകവേഷം കെട്ടുന്നു'—അതിനെ വേണ്ടുംപോലെ രൂപപ്പെടുത്തി.)

അനുജനും കാളവും ഉമ്മറവാതിലടച്ചു കിടന്നു; പങ്ങുണ്ണി കോലായിലും. കോരിത്തരിക്കുന്ന മധുവിധുസ്മരണകൾ പങ്ങുണ്ണിയുടെ കരളിലൂടെ ഇഴഞ്ഞു നീങ്ങുകയാണു്. ഇന്നത്തെ സ്ഥിതിയോ!....അകത്തു നിന്നു വാതില്പഴുതിലൂടെ അരിച്ചുവന്ന ചില വാക്കുകൾ—

'വയനാട്ടിൽപ്പെണ്ണേ, പണിയുണ്ടോ
വയനാട്ടിലേക്കു ഞാൻ പോകുന്നു'.
'പനിയില്ലേ, വയനാട്ടി,ലിവിടെയും
പണിയില്ലേ? പിന്നെ ഞാനൊററയ്ക്കും?'
'പനി വന്നങ്ങു ഞാൻ ചത്താലു–
മിനി വയ്യിങ്ങനെ പൊറുത്തീടാൻ.'
'പോകാൻതന്നെയുറപ്പെങ്കിൽ—
പോരുന്നുണ്ടീ ഞാൻകൂടി.'

'മലയമ്പനിയുണ്ടോ വയനാട്ടിൽ —
മലയമ്പനി, പെണ്ണേ, പോരണ്ടാ.'
'ചാവാം പനിപിടിച്ചെന്നാകിൽ—
ചത്താലെന്തിയുള്ളോളും?'

ഇറയത്തു കിടക്കുന്ന പങ്ങുണ്ണിയുടെ മനസ്സിൽ ഒരഴിച്ചുകൂട്ടൽ നടക്കുകയായി. വിവാഹത്തിനു മുമ്പും പിമ്പുമുള്ള രംഗങ്ങൾ അവിടെ അണിനിരന്നു മറയുന്നു. സ്നേഹശീലനും ഭ്രാതൃഭക്തനുമായ കുഞ്ചുണ്ണി നടുക്കതന്നെയുണ്ട് എല്ലാ രംഗത്തിലും....പങ്ങുണ്ണിയുടെ കണ്ണിൽ തങ്ങിനിന്ന വലിയ കണ്ണീർത്തുള്ളിപോലെ വിണ്ണിൽ വെള്ളി പൊട്ടി. പുതിയ ഒരു വെളിച്ചം. അനുജനും കാളവും പങ്ങുണ്ണിയുടെ അടുക്കലേയ്ക്കു വരുന്നു. 'നീരാലൊന്നും കാണാത്ത നീലപ്പൂവിതൾക്കണ്ണോടെ—പിടയുന്ന കരളുമായ് കരിയുന്ന ലതപോലെ' കാളു ഒരററത്തു നില്ക്കുമ്പോൾ, കുഞ്ചുണ്ണി ഏട്ടനോടു വയനാട്ടിലേയ്ക്കു പോകാൻ അനുവാദം ചോദിക്കുന്നു. ഏട്ടനോ, ആളാകെ മാറിയിരിക്കുന്നു. പറയുകയാണ്:

"മറെറാരു പെണ്ണാളെക്കെട്ടുന്നു–
ണ്ടേട്ടൻ, കുഞ്ചുണ്ണി പോകണ്ടാ".

ഇണക്കത്തിൻെറ പടിപ്പടിയായുള്ള കേററവും അതോടൊപ്പം വന്നുപെടുന്ന ഹൃദയസങ്കോചവും ഒരു വഴിത്തിരിവിലെത്തുന്നതോടെ, ഇണക്കത്തിന്നിടയാക്കിയ സാഹചര്യങ്ങൾ തട്ടിനീക്കി പുതിയൊരു വെളിച്ചത്തിൽ ആ ഹൃദയം നേടുന്ന ഉജ്ജ്വലവികാസവും നല്ല മർമ്മജ്ഞതയോടെ വരച്ചു കാട്ടിയിരിക്കുന്നു ഒളപ്പമണ്ണ. മറെറാരു പെണ്ണാളെ ക്കെട്ടാനുള്ള പങ്ങുണ്ണിയുടെ തീരുമാനം എളുപ്പത്തിൽ കണ്ടുകിട്ടിയ ഒരൊററ മൂലികയൊന്നുമല്ല. ഈ തീരുമാനം പ്രഖ്യാപിക്കുമ്പോഴും ആ ഹൃദയം കാളുവിനെക്കുറിച്ചുള്ള പ്രേമവായ്പാൽ ഉദ്വിഗ്നമാണ്. എന്നാലും സ്നേഹമില്ലാത്തിടത്ത് അതു കുത്തിവെച്ചുണ്ടാക്കാനൊന്നും കഴിയില്ലല്ലോ. അതുകൊണ്ടു സാഹോദര്യത്തിന്നും ദാമ്പത്യത്തിന്നും ഭംഗം വരാതെകഴിക്കാൻ ഒരു സൂത്രമെന്ന നിലയ്ക്കേ പങ്ങുണ്ണി തൻെറ പുതിയ തീരുമാനത്തെ കൈക്കൊള്ളുന്നുള്ളൂ. ആ തീരുമാനം അയാളെ അത്യധികം വേദനിപ്പിക്കുന്നുണ്ട്. അവിടെയാണ് ആ ഹൃദയം തികച്ചും ഉദാത്തമായി വളരുന്നതു്.

കവി ഉദ്ദേശിച്ചാലും ഇല്ലെങ്കിലും, ബഹുഭർത്തൃത്വമെന്ന സമുദായാചാരം അനർത്ഥകാരിയാണെന്ന സന്ദേശത്തിലാണ് കവിത ചെന്നവസാനിക്കുന്നതു്. അതുകൊണ്ടു് ഇതിനെ, വേണമെങ്കിൽ, ഒരു വിപ്ലവകാവ്യമെന്നു വിളിക്കാൻ വിരോധമില്ല.

*  *  *  *

'ഗ്രാമീണകന്യക'യുടെ കവി ഇപ്പോഠം 'ഓണം കഴിഞ്ഞു' എന്നാണ് പറയുന്നതു്. പതിനേഴു ലഘുകവിതകളുടെ ഈ സമാഹാരത്തിൽ ഒരുതരം ഓണം കഴിഞ്ഞ ശ്രുതി മുഴങ്ങിക്കേഠംക്കുന്നില്ലേ എന്നു സംശയം തോന്നുന്നു. പേരിൽനിന്നു സ്ഫുരിക്കുന്നതും അതുതന്നെയാണല്ലോ. കർമ്മവ്യഗ്രമായ ജീവിതാദ്ധ്യായങ്ങഠം വിജയപൂർവ്വം പിന്നിട്ട ഒരു സഹൃദയൻ പിൻതിരിഞ്ഞുനോക്കുകയായാലും പുറമം നോക്കുകയായാലും, ഒരു പക്ഷേ, നിരാശതയുടെയോ അസംതൃപ്തിയുടെയോ മൂടൽമഞ്ഞു വീണ ഒരു ലോകമാണ് മുന്നിൽ കാണാകുന്നതെന്നു വന്നേക്കാം. അതിൽ അത്ഭുതപ്പെടേണ്ടതില്ല. എന്നാലും ആധുനികയുഗത്തിൻെറ സങ്കീർണ്ണപ്രശ്നങ്ങഠം കണ്ടു നൈരാശ്യതിമിരം ബാധിക്കാനൊന്നും കുററിപ്പുറം അനുവദിക്കുന്നില്ല. അലസമോ ഉദാസീനമോ ആണ് അദ്ദേഹത്തിൻെറ നിലപാടു് എന്നു പറയാം. കാർഡിനൽ ന്യൂമാൻെറ സുപ്രസിദ്ധമായ ആ 'മാന്യ'നിർവ്വചനമുണ്ടല്ലോ—ഒരു തരത്തിലും ഒരു കാരണത്താലും അന്യനെ വേദനിപ്പിക്കാതിരിക്കുക മുതലായതു് — അതിന്നു നൂറുശതമാനവും യോജിക്കുന്ന ഒരു മാന്യവ്യക്തിയുടെ ആത്മസത്തയാണ് ഈ കവിതകളുടെ അടിയൊഴുക്കു്. അനിയന്ത്രിതമായ വികാരോദ്വേഗമോ തല തിരിച്ചുകളയുന്ന വിചാരവൈലക്ഷണ്യമോ ഈ കവിതകളിലെങ്ങുമില്ല. മിതസ്വരത്തിലുള്ള ചില വിചാരധാരകഠം വർത്തമാനകാലത്തിലെ ക്ലേശാകുലമായ ജീവിതത്തിലേയ്ക്കും അതിൻെറ കൊള്ളരുതായ്മകളിലേയ്ക്കും കണ്ണോടിക്കുന്ന കവിയുടെ ചിന്ത ഏതു വഴിക്കാണ് തിരിയുന്നതെന്നു നോക്കുക:

"വനമേ, ബാല്യംതൊട്ടു നിന്നുടെ മാഹാത്മ്യത്തെ
മനസാ കൊണ്ടാടി ഞാനാവുംപോൽ മൊഴിയാലും.
ഉലകിന്നുൽകൃഷ്ടമാം ചിന്തകളുളവാക്കാൻ
ഉടയോൻ ചമച്ചതായ് നിന്നെ ഞാൻ കരുതുന്നു."

വനമാഹാത്മ്യം വർണ്ണിക്കുന്ന ഈ 'കാടേ ഗതി'മനോഭാവം മററു ചില കവിതകളിലും നിഴലിച്ചു കാണാം.

"ഇനിയ ഗുണങ്ങളാൽ നോക്കുകിലൊരു പക്ഷേ
വനിയാണവനിയിൽക്കൂടിയുമിന്നും ഭേദം"....
"വന്ദ്യരാം തപോധനർ വാണരുളിയമൂലം
ധന്യങ്ങൾ മനോജ്ഞങ്ങൾ പുണ്യങ്ങളരണ്യങ്ങൾ."

ഇതു പലായനമനോഭാവമാണെന്നു പരാതിപ്പെടുന്നവരുണ്ടാകാം. അതു സാരമില്ല. കവിത എപ്പോഴും കർത്തവ്യാനുഷ്ഠാനത്തിനുള്ള പടഹധ്വാനമാകണമെന്നു നിയമമില്ലല്ലോ.

'ഓണം കഴിഞ്ഞു' എന്ന കവിതയാണ് ഈ സമാഹാരത്തിൽ വെച്ച് എന്നെ ഏററവുമധികം ആകർഷിച്ചതു്—മരിച്ചുപോയ സഹധർമ്മിണിക്കു സമർപ്പിക്കുന്ന കരുണാമധുരമായൊരു സ്മരണോപഹാരം.

"ഓണമെൻപിറന്നനാൾക്കൂടിയാകയാലന്നു
കാണുമാറുണ്ടവൾക്കൊരുത്സാഹം വിശേഷിച്ചും.
എത്രയും കാലത്തെന്നെയെഴുനേല്പിച്ചു പുണ്യ-
ക്ഷേത്രദർശനത്തിന്നായ് യാത്രയാക്കാറുണ്ടവൾ.
അതിന്നു വന്നിട്ടില്ലാ, കണ്ണെഴുതിക്കാനായി
മുതിരും ചിരിച്ചുകൊണ്ട,തിനും വന്നില്ലവൾ.
ഇരവിലവൾ വരാറുണ്ടിങ്ങു പലപ്പോഴു-
മരികിലിരിക്കാറുമുണ്ടതു കിനാവാമോ?"

ഇങ്ങനെ പ്രാണപ്രേയസിയുടെ വിരഹത്താൽ ആകുലനായിത്തീരുന്ന കവിയുടെ സങ്കല്പം വഴി മാറി ഉയരാൻ പോകുന്നതാണ് ഇതിലെ രസം. നോക്കൂ:

"കാലത്തിൻപിതാവായ ദേവൻെറ വരുതിക്കു
വേലയിൽ നില്പാണവൾ പകലെങ്ങിളവെന്നാൽ?"

(തൻെറ ഗൃഹനായികയായിരുന്നപ്പോളത്തെ കർത്തവ്യങ്ങളൊക്കെ ഇപ്പോഴും അവൾക്കവിടെ നിർവ്വഹിക്കാനുണ്ടാവില്ലേ?)

"പൂലരിപ്പൂവിൻമണം കറന്നു നല്ലാനവ_
ളലസനായ കാററിന്നാജ്ഞ നല്ലണമാല്ലും."

(മടിയനായ വേലക്കാരനെ വിളിച്ചു പയ്യിനെക്കറക്കാനേല്പിക്കേണ്ടേ?)

"കിളികളുന്നില്ലേ? കീത്തനം മുടക്കരു,_
തളികാം തേനുണ്ണുവാൻ കാലമായ് വന്നീലല്ലീ!
നട്ടുച്ചവെയ്‌ലിൽ പാഞ്ഞു വന്നെത്തും പഥികക്കു
കിട്ടിയോ വിശറികളാലിലയിളക്കത്താൽ?
വാനമാം പൂമുററത്തിന്നടിച്ചുതളിയുടെ
മേൽനോട്ടംതൊട്ടു സവ്വമീവണ്ണമവരംക്കാകാം."

ഇങ്ങനെ തൻെറ സഹധമ്മിണി സ്വഗൃഹഭരണവ്യഗ്രതയിലേയ്ക്കുയരുന്നതായി കാണുന്ന ആ സങ്കല്പത്തിൽ നാം മഹാനായ ഒരു കവിയെ കാണുന്നു.

'സഹകാരത്രയം', 'മേഘം' തുടങ്ങിയ അന്യാപദേശച്ഛായയുള്ള കൃതികളും പ്രകൃതിവൈചിത്ര്യാസ്വാദനത്തിലൂടെ ജീവിതവൈചിത്ര്യനിരീക്ഷണം നടത്തുന്ന നമ്മബോധസുരഭിലങ്ങളായ 'പുതുമഴ' തുടങ്ങിയ കൃതികളും രസകരങ്ങാതന്നെ.

*   *   *   *

"ഉറക്കമിളച്ചിരുന്നീടും ഞാൻ നക്ഷത്രത്തി,_
ലുറക്കെക്കേണുംകൊണ്ടു പോകും ഞാൻ കൊടുങ്കാററിൽ,
സോമലേഖയിൽക്കൂടിക്കാമിക്കും കടലിനെ,_
സ്സോമലേഖയെത്തന്നെ മുകരും കടലായ് ഞാൻ.
കൂടു വിട്ടേവം കൂടു മാറിയീ പ്രകൃതിയി_
ലോടുവനെന്താനന്ദമാണെന്നോ, ക്ഷമിക്കുക."

നാളേറെയായി നാമീ വരികാം കേട്ടിട്ട്—ക്ഷുഭിതനായ ഒരു റൊമാൻറിക്കവിയുടെ സുധീരമായ ആത്മോദ്ഗാരം. രണ്ടു പന്തീരാണ്ടു കഴിഞ്ഞിട്ടുണ്ടാവും, മഹാകവി ജി. ഇങ്ങനെ ഹൃദയം തുറന്നു

പാടിയിട്ടു്. ഇന്നും ആ വരികൾ മലയാളത്തിൻെറ ചെവികളിൽ മാറെറാലിക്കൊള്ളുന്നുണ്ടു്. റൊമാൻറിക്കകാവ്യപ്രപഞ്ചത്തിൻെറ കാതലാണീ വരികൾ. ജി. യുടെ 'നവാതിഥി'യുടെ മൂന്നാം പതിപ്പ കൈയിലെടുക്കുമ്പോൾ വീണ്ടും അതിനെപ്പററി ചിലതു പറയാൻ തോന്നുകയാണു്. കവികൾക്കു വസ്തുനിർദ്ദേശംചെയ്യൽ നിത്തിയിട്ടില്ലല്ലോ നിരൂപകന്മാർ. വിചിത്രവും നിത്യയൗവനവും നാനാമുഖവുമായ മർത്ത്യജീവിതത്തിൻെറ ചെറുതോ വലുതോ ആയ ഇതിഹാസം രചിക്കുന്ന കവികൾക്കു വസ്തുനിർദ്ദേശംകൊണ്ടു കടിഞ്ഞാണെറിയാൻ എന്തിനു വെമ്പണം? അവിടെ ധീരമായ സമരാഹ്വാനത്തിന്നെന്നതുപോലെ തന്നെ മൂകമായ മുഗ്ദ്ധരാഗത്തിനും സ്ഥാനമുണ്ടു്.

"പോവുക പോവുക!' ധീരത ഭാവിച്ചു
നാവുകൊണ്ടോമൽ തിട്ടക്കിയെന്നെ.
ചാരത്തുനിന്നുമകലും നിഴലുമേ
'നേരം പോയ്' നേരം പോ'യെന്നുഴറി.
ഓമനക്കൺമുന പിന്നെയും പിന്നെയും
താമസിപ്പിച്ചതിലാക്കു കുററം?"

എന്ന 'മുഗ്ദ്ധരാഗ'വും

"ഇന്നലത്തേതാം ജീർണ്ണഭീകരസ്വപ്നം ഹൃത്തിൽ
വന്നടിഞ്ഞടിഞ്ഞതിൻഭാരത്താൽ ഞരങ്ങാതെ
ജീവൻെറയാവേശത്തോടെൻെറ നാട്ടുണർന്നേല്ലാ-
റാവണം; സ്വാതന്ത്ര്യത്തിൻകീർത്തനം പാടാമെന്നാൽ"

എന്ന സ്വാതന്ത്ര്യഗാനവും ('കനകത്താക്കോൽ')

"കാലത്തെ തരിപ്പിച്ചു കടിഞ്ഞാണേന്തിദ്ധീരാ-
കാരയാം ഭരതാംബ ഭാവിയെയടക്കുമ്പോൾ,
ഗംഗയാം ജയമാല്യമൂന്നിട്ടും ഹിമശൃംഗ-
തുംഗകോടീരം കണ്ടു പൂർവ്വദിക്കച്ചിക്കുമ്പോൾ,
അംബരമവളുടെ വെൺകൊററക്കുടത്തുമ്പിൽ
ചുംബനംചെയ്തതാരാമാലിക ചാർത്തീടുമ്പോൾ,
കുരപ്പു നൈസാമിൻെറ പോററുനായയാം 'റസ്വി'
കുതികാലിന്മേൽ കടിച്ചീടുവാൻ ചാടീടുന്നു"

ഴ്എന്ന ബന്ധനസ്ഥനായ കവിയുടെ ധർമ്മരോഷവും ('കവിയുടെ കത്തു്'') ഒരുപോലെ വിചിത്രോജ്ജ്വലമായ ജീവിതചിത്രങ്ങളല്ലേ? ആദ്യം ഉദ്ധരിച്ച കവിയുടെ ആത്മോദ്ഗാരത്തിനൊത്ത വിധത്തിൽ, കൂട്ട വിട്ടു കൂട്ടമാറുന്ന ഒരുദാത്തനായ റൊമാൻറിക്കവിയുടെ ഉച്ചാവചങ്ങളായ ജീവിതഗാനതരംഗങ്ങളാണ്് ഈ സമാഹാരത്തിലുടനീളം. 'ക്ഷമിക്കുക' എന്നോ? ഇതിലെന്തിരിക്കുന്നു ക്ഷമിക്കാൻ? ജീവിതത്തിലെ മാറാവ്യാധികളുടെ ശമനത്തിന്നു കവിത നല്ലന്ന ഒററമൂലികകൾ ബഹുജനങ്ങളന്വേഷിച്ചുവരുന്ന കാലത്തു് ആലോചിക്കാം ക്ഷമിക്കേണ്ട കാര്യം.

*    *    *    *

പതിനേഴ കൊല്ലത്തിനുശേഷമാണ്് ഇടശ്ശേരിയുടെ 'അളകാവലി' രണ്ടാം പതിപ്പിലെത്തുന്നതു്. ഏററയൊന്നും അറിയപ്പെടാത്ത ഇരുപത്തൊന്നു കവിതകളുണ്ടു് ഈ സമാഹാരത്തിൽ. അടുത്ത കാലത്തെ മലയാളകവിതയുടെ കണക്കെടുക്കുകയും നിലവാരം നിർണ്ണയിക്കുകയും ചെയ്യുന്ന നിരൂപകന്മാരുടെ ശ്രദ്ധ ഈ കളകാവലിയിൽ പതിഞ്ഞിട്ടില്ലെന്നു തോന്നുന്നു. കറ കളഞ്ഞ ക്ലാസ്സിക്രചനാശില്പവും ചേതോഹരമായ കുസൃതിത്തം കളിയാടുന്ന റൊമാൻറിക്ഭാവശില്പവും ഇങ്ങനെ താളം പോകാതെ ഇടഞ്ഞു കൊട്ടുന്നതു് ഇന്നത്തെ മലയാള കവിതയിൽ നന്നെ അപൂർവ്വമായേ കാണൂ.

ഈ സമാഹാരത്തിലെ 'കാളവണ്ടി' എന്ന കവിത മതിയാകും ഇതു തെളിയിക്കാൻ. ഒഴിഞ്ഞ നാട്ടിൻപുറത്തു ചെത്തുവഴിക്കുവക്കിൽ മേല്ക്കൂര പൊളിഞ്ഞു് അരുകുററി പോയി തുടരററ തുടങ്ങി അസ്ഥികൂടമായി ശേഷിച്ച ഒരു കാളവണ്ടി. അതിൻെറ നല്ലപ്പൻകാലത്തിൻെറ വർണ്ണനയിലൂടെ ഉടമസ്ഥൻെറ സുഖസംതൃപ്തമായ ജീവിതംകൂടി അവതരിപ്പിച്ചു് അതിന്നു കാലാന്തരത്തിൽ വന്ന ദയനീയമായ ദശാപരിണാമംകൂടി സൂചിപ്പിച്ച ക്ലാസ്സിക്കൽമട്ടിൽ എണ്ണം പറഞ്ഞ വർണ്ണനകളും സുന്ദരകല്പനകളുമായി അടിവെച്ചടിവെച്ചു പോയി വണ്ടിക്കാരൻെറ സാകൂതമായ മധുരഗാനവും പാടിക്കേൾപ്പിച്ചു് അവസാനിക്കുന്നതിന്നുപകരം അവിടെ ഒരു കഴുത്തുതിരിക്കലാണ്്.

"വിഴുങ്ങിയപ്പാട്ടെതിരേ കുതിച്ചു-
വന്നോരു കാറിൻശ്രുതിഭേദിശബ്ദം;

KOTTAYAM PUBLIC LIBRARY KOTTAYAM

ഉദ്യദ്രജസ്സായതു പാഞ്ഞുപോയി-
തവന്റെ പാഴ്‌വണ്ടിയ്യാതുങ്ങിനില്ക്കേ''

ദയനീയമായ ഒരു പരമാൎത്ഥം. നവോഢദമ്പതികൾക്കു് അഭിമാനകരമായിരുന്ന—പാൎശ്വങ്ങളിൽ പാന്ഥരൊതുക്കി നിന്നു വിരികണ്ണയച്ചു നോക്കിയിരുന്ന—'പട്ടിൻഞെറി പാളിവെച്ച വക്കത്തലുക്കിൻമഴവില്ലു ദിച്ചിരുന്ന' ആ മനോഹരമായ കാളവണ്ടിയുടെ യുഗം കഴിഞ്ഞു. യന്ത്രയുഗം പുലൎന്നു. അതിന്റേതായ പ്രശ്നങ്ങളും ഉയൎന്നു. ഇതെല്ലാം എത്ര ഭംഗിയായി, എത്ര മിതാക്ഷരമായി, ആ ഒരൊററക്കഴുത്തുതിരിക്കൽ കൊണ്ടു സാധിച്ചിരിക്കുന്നു. ഈ കവിതയിലും ഈ സമാഹാരത്തിലെ മററു പല കവിതകളിലും ഓളംവെട്ടുന്ന കവിയുടെ ശബ്ദസംഗീതബോധത്തെപ്പററി ഇവിടെ വിവരിക്കുക വയ്യാ. അതു നിങ്ങൾ ചൊല്ലി ആസ്വാദിക്കേണ്ടതാണു്.

''അക്ഷാഗ്രപഞ്ചൽഫണകിങ്കിണീക-
ച്ചിലമ്പലോടൊത്തുരുളുന്ന ചക്രം
കയത്തെറിഞ്ഞാളൊളി ചിന്തിനീളം
കൺകോണിനാലുല്പലശില്പദാമം''

എന്നാദിയായ ഭാഗങ്ങൾ ഉദാഹരിക്കാമെന്നുമാത്രം. മേല്പത്തൂരിന്റെയും ഉണ്ണായിയുടെയും നമ്പ്യാരുടെയും ശബ്ദബോധസംസ്കാരപാരമ്പൎയ്യമാണു് ഇവിടെ കാണപ്പെടുന്നതു് എന്നു പറയാം.

''സങ്കല്പിച്ചതുപോലെ പൂൎണ്ണമുലകം
തീൎക്കുന്നു, തദ്വൃംഷ്കൃത-
ത്തിങ്കൽദ്ദുഃഖമേററിയേററിയതിലുൾ-
ച്ചേൎക്കുന്നു വൈരൂപ്യവും,
എങ്കിൽത്താദൃശനാമൊരീശ്വര,നലം
തച്ചിന്തു; ഞാനാ ക്ഷത-
ത്തിങ്കൽത്തേനിട്ടമൻപിനെത്തിരകയാം
മന്നിന്നെഴും മാൺപിനെ''

.... .... .... .... .... .... .... .... .... ....

"മർത്ത്യൻ സുന്ദരനാണു; കാരണമുയിർ-
ക്കൊള്ളും വികാരങ്ങൾതൻ-
നൃത്യത്തിന്നു മുതിക്കുവാൻ സ്വയമണി-
ഞ്ഞിട്ടോരരങ്ങാണവൻ;
അത്യന്തം കമനീയമേ, മഹിതമാ-
യാലും മറിച്ചാകിലും
തദ്ഭാവങ്ങ,ളപൂർണ്ണമാണളവുകോ-
ലെന്നുള്ള കാലംവരെ"

എന്നിങ്ങനെയുള്ള പദ്യങ്ങൾ കവിയുടെ ജീവിതവീക്ഷണത്തെ വിശദീകരിക്കുന്നു. മർത്ത്യതയുടെ മഹിതവും അല്ലാത്തതുമായ ഭാവങ്ങൾ ഒട്ടകലെ മാറിനിന്നു സൂക്ഷിച്ചു വീക്ഷിച്ച് ഒരു നറുപുഞ്ചിരിയോടെ ആവിഷ്കരിക്കയാണ് ഇടശ്ശേരി. ആ പുഞ്ചിരിയാകട്ടേ, ഒരിക്കലും ഒരു പൊട്ടിച്ചിരിയായി വിടരുന്നുമില്ല. നമ്മുടെ യുവകവികളിലധികം പേരും നിശ്ചിതമായ ഒററയടിപ്പാതയിലൂടെ ഇടംവലം തിരിയാതെ മുന്നോട്ടു പോകുമ്പോൾ ഇടശ്ശേരി നാലുപാടും നല്ലവണ്ണം കണ്ണോടിക്കുകയും നേടാവുന്നതൊക്കെ നേടുകയും ചെത്തം നോക്കിസ്സൂക്ഷിക്കുകയും ചെയ്യുന്നു. ആ കാഴ്ചപ്പാടിന്നു വല്ലാത്തൊരു പ്രത്യേകതയുണ്ട്. അത്ര എളുപ്പം ദഹിക്കാത്തതുകൊണ്ടായിരിക്കുമോ, ഈ കവിതകളുടെ നേരെ നമ്മുടെ കാവ്യാസ്വാദകുതുകികൾ തിരിഞ്ഞു നോക്കാത്തത്?

'ക്യാപ്ററന്റെ പ്രാർത്ഥന' എന്ന കവിത ഒന്നോടിച്ചുനോക്കാം, ഇടശ്ശേരിക്കവിതയുടെ സവിശേഷത തെല്ലൊന്നു രുചിച്ചു നോക്കാൻ. യുദ്ധരംഗത്തിൽനിന്നു വന്ന ക്യാപ്ററൻ മേലാവായ കേണലിനോടു വിശേഷങ്ങൾ പറയുകയാണ്—ഞങ്ങൾ പട്ടാളക്കാരും കാവല്ക്കാരും തയ്യാറായി കാത്തിരുന്നു. പക്ഷേ,

"നിർദ്ദിഷ്ടകാലത്തൊന്നുമെത്തിയില്ലരാതികൾ:
നിശ്ചയം, വഴിക്കെന്തോ തകരാറുണ്ടാകണം.
വൻതോക്കിൻരഥചക്രം താണുപോയെന്നാം മണ്ണിൽ,
മന്ദന്മാർ, പക്ഷേ, വഴിക്കിറങ്ങിപ്പോയെന്നുമാം.
ഞങ്ങളോ, ചാരം പൂശും വാനത്തു കനത്തിമ
തുങ്ങുമത്താരങ്ങളണ്ടെത്രയെന്നെണ്ണിത്തീർത്തു."

കേണലിന്നു ക്ഷമകെട്ടു. ആക്രമണം നേരെ വിവരിക്കാനാവശ്യപ്പെട്ടു. പിന്നെയും ക്യാപ്റ്ററൻെറ മട്ടു് അതുതന്നെ. വിജയവാർത്തയും കൊണ്ടു വന്ന ആയാൾ ദുസ്സഹവും ദയനീയവുമായ പരാജയത്തിൻെറ കഥയാണു് തനതു പതിഞ്ഞ മട്ടിൽ വിവരിക്കുന്നതു്. എന്നിട്ടിങ്ങനെ അവസാനിപ്പിക്കുന്നു:

"വളരെ വൻതോക്കുണ്ടവക്കു:സ്സൽബ്ഭടന്മാരെ–
ക്കിളരും മണ്ണിൽ കുഴിച്ചിട്ടുപോയേറെപ്പേരെ.
അപ്പണി നമ്മൾക്കിനിബ്ബാക്കിയില്ലെന്തോ, തിരി–
ച്ചുള്ളട്ടരോടി ഞങ്ങൾ വിജയം നേടി പോരിൽ.
ശേഷിച്ച ഞാനിങ്ങെത്തീ, ഇനിയും മൂന്നോ നാലോ
ശിപ്പായിമാരുണ്ടവർ നില്പാണപ്പടമന്നിൽ.
ഇനിയുമവരെത്ര വൈകാമെന്നുറപ്പില്ല
തനതു കയ്യോ കാലോ തിരഞ്ഞുകിട്ടായ്കയാൽ!"

ഈ ധിക്കാരത്തിൻെറ ഭ്രാന്താലാപം കേട്ടു ക്ഷുഭിതനായ കേണൽ അലറി. 'ലജ്ജാവഹം! തന്നെ തരം താഴ്ത്തും ഞാൻ!' ക്യാപ്റ്ററനാകട്ടെ, ഒരു വൻകുപ്പി ചെരിച്ചു് അധൈര്യത്തിനും ക്ഷീണത്തിനും നിവാപോദകം നല്കിയിട്ടു സ്വയം ഇങ്ങനെ പറഞ്ഞു:

"കണ്ണലേ, തരം താഴ്ത്തു താനെന്നെ,പ്പോരാ യുദ്ധ–
മന്നിനിക്കാണാനയയ്ക്കില്ലെന്നുമാജ്ഞാപിക്കു.
ചോദ്യമില്ലൊന്നേ വേണ്ടൂ; മാസാന്തം നമുക്കു സ–
മ്പാദ്യമുള്ളതു വെട്ടിക്കുറച്ചുപോകായ്കേതും.
ഈശ്വരാ, (താനുണ്ടൊരാളങ്ങനെയെങ്കിൽ) വെറും
നശ്വരം ലോകം നിൻെറ മായയെന്നല്ലോ കേൾപ്പൂ;
ഏതു മായയും കാട്ടൂ, മാററാർതൻതോക്കും വിട്ടു
മോദഝംകൃതി കലന്നളികൾ പാഞ്ഞെത്തുമ്പോൾ,
അവയ്ക്കെൻവിരിമാറു മധുരവാസന്തശ്രീ
തഴയ്ക്കും പൂന്തോപ്പെന്നു തോന്നിച്ചുപോകല്ലേ നീ!"

ഇതാണു് 'ക്യാപ്റ്ററൻെറ പ്രാർത്ഥന.' നർമ്മബോധം തലയ്ക്കുമീതെ ഒളിച്ചുപാഞ്ഞതുകൊണ്ടായിരിക്കുമോ, ഇതിലെ ഹൃദയംഗമായ യുദ്ധ

വിരോധവും സമാധാനപ്രേമവും നമ്മുടെ സഹൃദയന്മാർ കണ്ടറിയാതിരിക്കുന്നതു്? എങ്കിൽ, കേരളീയസഹൃദയത്വമേ, നിനക്കു സ്വസ്തി!

ഈ സമാഹാരത്തിലെ 'പള്ളിച്ചുണ്ടൽ' 'വൃഥാവിലാപം' എന്നീ കവിതകളുടെ സുന്ദരമായ ആസ്വാദവും ഇടശ്ശേരിക്കവിതയുടെ കൊടിയടയാളമായ നമ്മബോധത്തിൻെറ സുവിശദമായ വ്യാഖ്യാനവും ഉൾക്കൊള്ളുന്ന ശ്രീ: കുട്ടികൃഷ്ണമാരാരുടെ ശ്രദ്ധേയമായ അവതാരിക എന്തേ ഈ രണ്ടാംപതിപ്പിൽ എടുത്തുമാററാൻ! ഉത്തരവാദി കവിയായാലും അവതാരകനായാലും അതു ക്ഷന്തവ്യമല്ല.

* * * *

കൃഷ്ണവാരിയരുടെ 'കുറെക്കൂടി നീണ്ട കവിതകൾ' അത്യന്തം സങ്കീർണ്ണോജ്ജ്വലമായ ഒരു വ്യക്തിത്വത്തിൻെറ അനാവരണങ്ങളാണു്. ഞെട്ടിക്കുന്ന ഒരു മൗലികത ഈ കവിതകളിൽ അലയടിക്കുന്നു. അതു പദരചനാശില്പത്തിലും ഭാവസംവിധാനത്തിലുമെല്ലാം ഒരുപോലെ കാണാം. എല്ലാത്തരം അംഗീകൃതസിദ്ധാന്തങ്ങളിൽനിന്നുമുള്ള വ്യതിയാനം, രൂക്ഷമായ പരിഹാസവും അഗാധമായ സഹാനുഭൂതിയും, കൗതുകം തോന്നിക്കുന്ന ഉച്ഛൃംഖലത്വം — ഇതൊക്കെക്കൂടി ഈ കവിയെ ഇതരകവികളിൽനിന്നു വേർതിരിച്ചു നിർത്തുന്നു. വിശുദ്ധമായ സഹാനുഭൂതിയിൽ കഴുകിത്തുടച്ചെടുത്ത പരിഹാസത്തിലൂടെ അവതരിപ്പിക്കപ്പെടുന്ന 'മദിരാശിയിൽ ഒരു സായാഹ്നം' എന്ന കവിത ആധുനികയുഗത്തിലെ ജീവിതപ്രശ്നങ്ങളുടെ ഒരുജ്ജ്വലഭാഷ്യമത്രേ. സ്വന്തം കുടുംബത്തിലെ ദയനീയമായ ജീവിതയാഥാർത്ഥ്യം ടവീഡിലും പോപ്ലിനിലും പൊതിഞ്ഞു ശൃംഗാരക്കുഴമ്പനായി ലേഡീസ് ഹോസ്റ്റലിൻെറ പടിവാതുക്കൽ ഗേൾഫ്രെൻഡിനെയും കാത്തുനില്ക്കുന്ന ആ പാവപെട്ട യുവാവിൻെറ അരികേ, മരണവും കാത്തു മദിരാശിയിലെത്തി അറയ്ക്കുന്ന തുടകൾ കാട്ടുമാറു് ആഭാസനഗ്നനായി കിടക്കുന്ന മലയാളിയാചകനെ വരച്ചുവെച്ചതിലും ആ സുന്ദരസായാഹ്നത്തിൻെറ അന്ത്യത്തിൽ കാമുകിയെ ഹോസ്റ്റലിൽ തിരിച്ചു കൊണ്ടുവന്നാക്കിയ യുവാവിനോടു കവല്ലാരൻ 'ശത്തുപോന നായരുടെ ശകം വേലനിത്തംമൂലം തോട്ടികൾ' റന്തെടുക്കാത്ത വർത്തമാനം പറയുന്നതിലും മററും നിഴലിച്ചു കാണുന്ന ബീഭത്സകരുണഹാസ്യകഷായിതമായ കാവ്യാന്തരീക്ഷസങ്കല്പം നമ്മുടെ കവിതയിൽ അസുലഭമാകുന്നു. ഇതി

ൻെറതന്നെ കറെക്കൂടി വികസിതമായ രൂപമാണ് ഈ സമാഹാരത്തിലെ ഒടുക്കത്തെ കവിതയായ 'എലിക'ളിൽ കാണുന്നതു്. യുദ്ധകാലത്തു സാമ്രാജ്യത്വം തട്ടിപ്പടച്ചുണ്ടാക്കിയ ബംഗാൾക്ഷാമസംഭവങ്ങളുടെ പശ്ചാത്തലത്തിൽ, വീടുകളിലും തെരുവുകളിലും കുമിഞ്ഞുകൂടുന്ന ശവങ്ങൾ തിന്നാൻ കുഞ്ഞെലികൾക്കു വിദ്ധ്യോപദേശം കൊടുക്കുന്ന തള്ളയെലിയുടെ പ്രഭാഷണത്തിലൂടെ എൻ. വി. വരയ്ക്കുന്ന ധൂമിലമായ കാവ്യാന്തരീക്ഷം ഒരേ സമയത്തു നമ്മിൽ ജുഗുപ്സയും കരുണവും വിദ്വേഷവും പരിഹാസവും വളർത്തുന്നു. ഇതിലെ പരിഹാസം അതിൻെറ എല്ലാ മൂർച്ചയോടുംകൂടി ഒടുക്കം ചെന്നു കൊള്ളുന്നതു ബ്രിട്ടീഷുഗവൺമെണ്ടിൻെറ കൂടതന്ത്രങ്ങളിലാണ്; ഇതു വിദ്വേഷജനകമാണ്; ആകയാൽ ഇതു് ഉദാത്തമായ ഹാസ്യമല്ല—എന്നൊക്കെ വേണമെങ്കിൽ വാദിക്കാം. പക്ഷേ എനിക്കു് അഭിപ്രായവ്യത്യാസമുണ്ടു്. പറയാം.

611-ാം നമ്പർ കുട നിവർത്തിപ്പിടിച്ചു്, കഞ്ഞിപിഴിഞ്ഞ 703 മല്ലുമുണ്ടുടുത്തു്, കാററിലാടുന്ന ചെവിരോമങ്ങളുമായി, കഴുത്തനക്കാതെ ഭൂമിദേവിയെ നോവിക്കാതെ അന്തസ്സിൽ നടന്നുപോകുന്ന ഒരു മാന്യനെ സങ്കല്പിച്ചു നോക്കു. അദ്ദേഹത്തിൻെറ ഓരോ ചലനവും ബോധപൂർവ്വമാണ്, സുശിക്ഷിതമാണ്, തനി ക്ലാസ്സിക്കലാണ്. പിന്നിൽനിന്നു് വീഥിബോധമില്ലാതെ സർക്കസ്സുകാട്ടിക്കൊണ്ടു പാഞ്ഞുവരുന്ന ഒരു സൈക്കിൾ അകാരണമായി അദ്ദേഹത്തിൻെറ മേൽ മുട്ടുന്നു. സൈക്കിളും സൈക്കിൾക്കാരനും അദ്ദേഹവും എല്ലാംകൂടി ഉരുണ്ടുവീഴുകയായി. അദ്ദേഹം വേഗം തട്ടിപ്പിടഞ്ഞെണീററു സൈക്കിളെടുത്തു ശരിയാക്കി യാത്രക്കാരനെ തൊട്ടു തലോടി, "ഒന്നും പററിയില്ലല്ലോ, ക്ഷമിക്കണം" എന്നും പറഞ്ഞു കുപ്പിത്തൊഴുതു യാത്രയാകുന്നു. ഈ മാന്യനെപ്പററി എന്താണ് നിങ്ങളുടെ അഭിപ്രായം? എനിക്കദ്ദേഹത്തോടു ബഹുമാനമുണ്ടു്, ഭക്തിയുമുണ്ടു്. പക്ഷേ, എന്തോ, സ്നേഹം തോന്നുന്നില്ല. അടുക്കാൻ വയ്യാ. അദ്ദേഹം നമ്മുടെ ഈ ലോകത്തിലല്ല എന്നൊരു തോന്നൽ. മറിച്ചു വികൃതിത്തം കാട്ടി സൈക്കിൾ മേലു മുട്ടിച്ചാൽ അവൻെറ പിരടിക്കൊന്നു ചാർത്തിക്കൊടുത്തു സൈക്കിൾമുട്ടിയതിൻെറ 'വഹ' കണക്കു പറഞ്ഞു് ഈടാക്കി നല്ല നാലു ശകാരവും കൊടുത്തെങ്കിലോ? എനിക്കു് ആ മനുഷ്യനെ മനസ്സിലാക്കാം, അടുത്തു ചെരുമാറാം, സ്നേഹിക്കാം. അയാളുടെ പെരുമാററത്തിൽ മാന്യതയ്ക്കൊരു കുറവുമില്ല. ഈ ബോധം നമ്മുടെ മഹത്തായ ആദ്ധ്യാത്മികപാരമ്പ

ത്യത്തോടൊപ്പം ഇവിടെ വളരണം—പ്രത്യേകിച്ചും ഇന്നത്തെ അകാല പക്വമതികളായ ഇടത്തരക്കാരുടെ ഇടയിൽ. കുസൃതിക്കവിതകളിലൂടെ ഈ ബോധം ഉജ്ജീവിപ്പിക്കുന്നതു് ഒരു പാപമല്ല; അതിന്നായി ഉപയോഗിക്കുന്ന പരിഹാസത്തിന്നു് ഒരു പാതിത്യവുമില്ല. പരിഹസിച്ചു നന്നാക്കുകമാത്രമല്ല, പരിഹസിച്ചു തുലയ്ക്കുകയും വിദ്വേഷം ആളിക്കത്തിക്കുകയുമാവാം. നമ്മൾ കലിയുഗജീവികളാണല്ലോ.

മഹാനായൊരു വ്യക്തിയുടെ ഉഗ്രമായ പ്രതികാരതൃഷ്ണ ഒരു ജനസമുദായത്തിൻെറ ഭാഗധേയത്തെ എങ്ങനെ തകിടംമറിച്ചുകളഞ്ഞു എന്നു വികാരോഷ്മളമായ രീതിയിൽ ആ വ്യക്തിയുടെ ആത്മാവിഷ്ക്കാരരൂപത്തിൽ ചിത്രീകരിക്കുന്ന 'മലിന്ത്സിൻ', ഭാരതീയജീവിതദർശനത്തിൻെറ അഗാധതയിലേയ്ക്കു് ഒരു വിദേശീയമതപ്രവാചകൻെറ അനുഭവങ്ങളിലൂടെ ഊളിയിട്ടു ചെന്നെത്തുന്ന 'മിഷണറി', ജീവിതവൈമുഖ്യംമൂലം അന്തർമ്മുഖത്വംപൂണ്ടു പഞ്ചവൃത്തികളടക്കി ഉഗ്രതപസ്സനുഷ്ഠിക്കുന്ന ഒരു മഹർഷി ആദ്യം മധുരഗാനം പൊഴിക്കുന്ന കിളിയോടുപോലും തപോഭംഗഭയത്താൽ രോഷാകുലനാകുന്നതും ഒടുക്കം പരമോദാരവും വിശ്വപ്രേമസുരഭിലവുമായ ജീവിതാഭിമുഖ്യത്തിലേയ്ക്കു തിരിച്ചുവരുന്നതുമായി ചിത്രീകരിക്കുന്ന 'ഒരു പഴങ്കഥ' എന്നു തുടങ്ങിയ ഇതിലെ ഇതരകൃതികളിലും അചുംബിതവും ആരോഗ്യകരവുമായ വാരിയരുടെ ജീവിതവീക്ഷണം നമ്മെ രസിപ്പിക്കുകയും ഉയർത്തുകയും ചെയ്യും.

സാധാരണക്കാഴ്ചപ്പാടിന്നപ്പുറത്തുള്ള ജീവിതചക്രവാളത്തിലേയ്ക്കു കടന്നു ചെന്നു കാണേണ്ടതു കാണുക, വേണ്ടുംപോലെ കണ്ടു മനസ്സിലാക്കുക, ശബ്ദസംഗീതത്തിൻെറ മയില്പ്പീലിയും അകമ്മണ്യമായ അതിഭാവുകത്വവും അകലെക്കളഞ്ഞു കനവും കാമ്പുമുള്ള കാര്യങ്ങളിലേയ്ക്കു കണ്ണു തിരിക്കുക—ഇതാ, ഇങ്ങനെ ചിലതാണു് വാരിയരുടെ കവിതകളിൽ നമ്മെ രസിപ്പിക്കുന്ന ഉപാധികൾ; നമ്മുടെ കവികൾക്കു വാരിയർ നല്കുന്ന സന്ദേശവും ഇതുതന്നെ.

# കവിതാരംഗം

ശ്രീ. സി എ. ജോസഫിൻെറ കവിതയെപ്പററി നമ്മുടെ കാവ്യചർച്ചകളിലൊന്നും സാധാരണമായി പറഞ്ഞു കേൾക്കാറില്ല. ഒരു പക്ഷേ അദ്ദേഹത്തിൻെറ ഒന്നാമത്തെ കവിതാസമാഹാരമായിരിക്കാം ഇതു്. എന്നാലും ഈ സമാഹാരത്തിലെ ചെറുതും വലുതുമായ പന്ത്രണ്ടു കവിതകളിലൂടെ കടന്നുപോകുമ്പോൾ നിങ്ങൾ ഇരുത്തംവന്ന ഒരൊത്ത മനുഷ്യനെ കാണാതിരിക്കില്ല. സുന്ദരമായ അപൂർവ്വതയുടെ ഉന്മീലനവും പരമമായ ആത്മാർത്ഥതയും വലിയൊരു കാഴ്ചപ്പാടും കൗതുകം തോന്നിക്കുന്ന ആർജ്ജവവും ഈ കവിതകളിലെല്ലാം അലയടിക്കുന്നു. ഈടും ഇഴക്കവുമുള്ള സുന്ദരഭാവങ്ങൾ; മാൺപും മുഴപ്പും നോക്കാത്ത, എല്ലുറപ്പുള്ള, രചനയും. ഒരു സഹൃദയൻ സല്ലാപത്തിനിടയിൽ സൂചിപ്പിച്ചതുപോലെ, ശ്രീ. ജോസഫിൻെറ കവിതയ്ക്കു് 'ല്യൂബ്രിക്കേഷ' നില്ലെന്നു പറയാം. സന്ധികളിലെല്ലാം കുഴമ്പു പുരട്ടിയുഴിഞ്ഞിട്ടു കിട്ടുന്ന ഒരയവും മിനുപ്പും ഈ കവിതകളിൽ പലേടത്തും കുറവായി ത്തോന്നും. 'ആ മദകരിയപാരനീരസത്തോടെന്നെ....' എന്നിങ്ങിനെ കുറത്തിയുടെ താളവട്ടത്തിലൊതുങ്ങി നില്ക്കാൻ കൂട്ടാക്കാത്ത വരികളും 'വഞ്ചനയില്ലെന്നാലും മാറിലീ രഹസ്യത്തെ വഹിച്ചസ്വാസ്ഥമായ....' എന്നിങ്ങനെയുള്ള കേകയുടെ പാദാദിപ്പൊരുത്തലംഘനങ്ങളും 'സംഭ

---

ഒരു കട്ടിലിൻെറ ആത്മഗതം—സി. എ. ജോസഫ്.

ഞാററവേലപ്പൂക്കൾ—പി. ഭാസ്കരൻ.

വക്ഷനാഭി' മുതമായ സംഗീതഗന്ധമില്ലാത്ത ക്ലിഷ്ടാത്ഥങ്ങളായ പ്രയോഗങ്ങളും മററും ദുർലഭമായി ഈ എണ്ണയിടലിൻെറ കുറവു നിങ്ങളെ ഓമ്മിപ്പിച്ചെന്നു വരും. ഇവയെ അത്ര കാര്യമാക്കാതെ മുന്നോട്ടു പോയാൽ — അംഗീകൃതമായ പദബന്ധശില്പമല്ല കാവ്യസൗന്ദര്യത്തിൻെറ മാനദണ്ഡമെന്നുറപ്പിച്ചു തെല്ലൊന്നു നെററി വിയക്കാൻകൂടി തയ്യാറായി ഈ കവിതകളിലൂടെ കടന്നുപോയാൽ — ഇന്നത്തെ മലയാളകവിതയിൽ മിക്കവാറും ദുർല്ലഭമായിത്തീന്നിട്ടുള്ള ഒരു സൗന്ദര്യദശനം നിങ്ങാംക്ക നിശ്ചയമായും കൈവരും.

സ്വന്തം ഇംഗ്ലീഷുകവിതയുടെ വിവത്തനമായ 'ഈ നാഴികമണിയും ഞാനും' എന്നൊരു ഗീതകമുണ്ട് ഈ സമാഹാരത്തിൽ. നാലരമണിക്ക വന്നെത്താമെന്നേററ നാളീകാക്ഷിയെ കാത്തു നാഴികമണിയിൽ കണ്ണും നട്ടിരിക്കുന്ന കാമുകൻ ഒരു നിമിഷനേരത്തേയ്ക്കു താനും ആ നാഴികമണിയും തമ്മിൽ അപൂവ്വമായ ഒരു സാധമ്മ്യം കണ്ടെത്തുകയാണ്. ഉത്കണ്ഠാകുലമായ ഒരു നിമിഷത്തിൻെറ സുന്ദരചിത്രം. കാമുകിയുമായുള്ള രഹസ്യധാരണയിലെ പങ്കാളികളായിരിക്കയാണ് കാമുകനും നാഴികമണിയും. നാഴികമണിയുടെ ഓരോ മിടിപ്പും ഏതോ ബാലയക്ഷിയുടെ ചിരിപോലെ 'അവരം വരുന്നു വരുന്നെന്നു'' അയാളോടു പറയുകയാണ്. ഉള്ളിലൊതുങ്ങാതെ വിങ്ങിപ്പൊട്ടുന്ന പ്രതീക്ഷ· രഹസ്യം സൂക്ഷിക്കുന്ന അസ്വാസ്ഥ്യത്തോടെ, ഒരു പെൺകീടാവിനെപ്പോലെ, അഭൗമവിചിത്രമായ സ്വരത്തിൽ ഈ വത്തമാനം മുഴക്കാൻ നാഴികമണി വെമ്പുകയാണ് —

''നാലു പോയ്പ്പിന്നെയര മണിക്കൂർ നിറഞ്ഞു പോയ്,
നാളീകാക്ഷിയാലിട നാഴിയുമുദ്ദീപ്തമായ്!''

അവതാരകൻ പറയുന്നതുപോലെ, ''പ്രതീക്ഷയുടെ എന്തൊരു വിങ്ങിപ്പൊട്ടലാണ് തികച്ചും പരിചിതമായ പ്രതീകങ്ങളിലൂടെ ഇവിടെ ആവിഷ്കരിച്ചിരിക്കുന്നതു്!''

വൻകാട്ടിലെങ്ങാണ്ടു വളന്നുവന്നൊരു മരം ഒരു കട്ടിലായി രൂപാന്തരപ്പെട്ടു സ്മരണകളയവിറക്കുന്ന 'ഒരു കട്ടിലിൻെറ ആത്മഗതം' എന്ന കവിത ഹൃദയംഗമമായ റൊമാൻറിക്‌ഭാവനയുടെ ഉന്മീലനമത്രേ. കാട്ടിൽ ജീവിച്ച കാലത്തെ ഒരനുഭവം ആ കട്ടിൽ ഓക്കുകയാണ്:

"അന്നൊരു വസന്തരാവിലെൻതനുവിൽ ചുററി
നിന്ന വല്ലി നിസ്തുലമായ് പൂത്തു കാററിലാടി,
ചേണെഴും നവാനുരാഗച്ചെഞ്ചൊടികാപോലെൻ-
മേനിയിൽ തുരുതുരെയുരസിയൊരാ നേരം
ആയിരം മകരമാസമഞ്ഞുറഞ്ഞെൻകാതൽ
ആർദ്രമാക്കിത്തീർത്ത ഹർഷം തേങ്ങിടുന്നൂ വീണ്ടും."

ഏതോ പുണ്യം തന്നെ കട്ടിലായി കടഞ്ഞെടുത്തെങ്കിലും, മിനുപ്പുള്ള തൊന്നും തന്റെ കളേബരം തടവുകയുണ്ടായില്ല. ന്യൂവശീലമുള്ള, വേളി ചെയ്യാത്ത, ഒരു എല്ലൻ കാട്ടുപോത്തിന്റെ കൊമ്പുപോലെ തന്റെ മേൽ കിടക്കും. ആ ദിവസങ്ങൾ നീങ്ങിപ്പോയി. ഇപ്പോൾ തന്റെ മേൽ

"വൃഷ്ടിയേററ ചെന്തളിർപോലൊന്നിരുന്നീടുന്നു.
പ്രാവിനിളംതൂവൽപോലെ, തേനറകൾപോലെ,
മാൻകിടാവുപോലെ, മുയൽപോലെയൊന്നിരിപ്പൂ."

ആഞ്ഞടിക്കുന്ന കൊടുങ്കാററത്തു കാട്ടിൻനടുക്കു വമ്പു പൂണ്ടു നില്ക്കുമ്പോൾ തന്നെ ആരോ മൃത്യുവിന്റെ തടത്തിലേക്കു വെട്ടിയിട്ടു— അന്നു് ഇങ്ങനെയൊരു ഭാഗ്യം കിനാവിൽക്കൂടി കണ്ടിട്ടില്ല.... അനുഭവങ്ങളുടെ അയവിറക്കൽ ഇങ്ങനെ പോയി കട്ടിൽ വലിയ ഒരു തത്വചിന്തയിലേക്കു് ഒന്നെത്തിനോക്കുകയാണു്:

"സംഭവക്കുനാഭിയെത്രചുററി വേണം നമ്മൾ
സത്തമസുഖോദയഭൂവിലെത്തി വിശ്രമിപ്പാൻ!"

മണിപ്രവാളയുഗത്തിലെ സന്ദേശകാവ്യത്തിന്റെ അണുയുഗപ്പതിപ്പെന്നു വിളിക്കാവുന്ന ഇതിലെ 'മാരുതസന്ദേശം' മനോഹരമായ ഒരു കവിതയാണു്. അകലെയെങ്ങാണ്ടൊരു ടൗണിൽനിന്നു് (ബോംബയാണെന്നു വെച്ചോളൂ) ആദ്യപ്രസവത്തിന്നായി കുന്നംകുളത്തുള്ള സ്വഗൃഹത്തിലേക്കു പോയ ഭാര്യക്കു ഭർത്താവൊരു സന്ദേശമയക്കുന്നു. പ്രാണിലോകത്തിന്നാകെ ബന്ധുവായ മാരുതനാണു് സന്ദേശവാഹകൻ. പഴയ കാലത്തെ സന്ദേശകർത്താക്കളുടെ അടവുകളായ സേവ

പറയലും വഴിപറഞ്ഞുകൊടുക്കലും അതിലിടയ്ക്കു് ഉപദേശംകൊടുക്കലു മെല്ലാം ഔചിത്യനിഷ്ഠയോടെ ശ്രീ. ജോസഫും പ്രയോഗിക്കുന്നുണ്ടു്, നോക്കു:

"ചിതറും പരാഗത്താൽ ചിരിക്കുന്നങ്ങുന്നെൻെറ
ഹിതവർത്തിയാണെന്നു വിശ്വസിച്ചോതുന്നു ഞാൻ"

(സസ്യലോകത്തിലെ പ്രത്യുത്പാദനപ്രക്രിയയുടെ ഏജൻസിയെപ്പ റ്റിയുള്ള ആ സൂചന—ചിതറും പരാഗത്താൽ ചിരിക്കുന്ന എന്ന വിശേഷണം—ഗർഭിണിയായ ഭാര്യയ്ക്കു് അനഘപ്രസൂതിയുടെ ആശംസ യെത്തിക്കാൻ മാരുതനുള്ള അർഹതയിലേയ്ക്കല്ലേ വിരൽ ചൂണ്ടുന്നതു്?)

മാർഗ്ഗനിർദ്ദേശത്തിനിടയ്ക്കു കാവേരിയാറിനു കൊടുത്ത വിശേ ഷണവും നുണഞ്ഞിറക്കാതെ കടന്നു പോയ്ക്കൂടാ:

"മുട്ട പാററവാനാഴിത്തിരക്കിൽനിന്നും നദി_
ഷ്ഠുള്ളിലേയ്ക്കേറി വന്ന വൻതരം മീനങ്ങൾതൻ
കളിയാലൊലിക്കൊള്ളും കാവേരിക്കപരിയായ്...."

ബോംബേയുടെ തിരക്കിൽനിന്നു 'മുട്ട പാററവാൻ' കുന്നംകുളത്തേയ്ക്കു പോയ നായികയ്ക്കാണല്ലോ സന്ദേശം!

"..............ഗുണിക്കെന്റും—
ദാനത്താലെത്തും ക്ഷയം നാശമായ്ത്തീരാ നീണാൾ".
"ആകട്ടെ, ധർമ്മത്തിനു വിഘ്നമോ വിളംബമോ
ബാധിയാതെവൻമീ ജീവിതം സാധിച്ചീടാം.
അല്ലെങ്കിൽ തറകെട്ടിയിട്ടൊരു ഗൃഹശില്പി-
ക്കുല്ലാസം മോന്തായവും മുഴമിക്കുകയല്ലി?"
"തുംഗമാനസനങ്ങുന്നു ചിതജ്ഞനുമല്ലോ"

എന്നിങ്ങിനെയുള്ള ഭാഗങ്ങൾ വായിച്ചു പോകുമ്പോൾ മന്ദാക്രാന്തയല്ലാ വായിക്കുന്നതെന്നു നിങ്ങൾക്കു തോന്നുകയില്ല.

"നവഭാരതത്തിൻെറ സത്തയുൾക്കൊള്ളുന്നൊരു
നരസത്തമനെ നീ നല്കണം, കുലാംഗനേ!'

എന്നിങ്ങനെ പോകുന്ന ഉദാത്തമായ സന്ദേശമാകട്ടേ, ഉന്നതമായ ആദ ശനിഷ്ഠയുടെയും ജീവിതസങ്കല്പങ്ങളുടെയും വിളംബരംതന്നെയത്രേ.

ഒന്നിനൊന്നു മികച്ചു നില്ക്കുന്ന ഒമ്പതു കവിതകൾ കൂടിയുണ്ടു് ഈ സമാഹാരത്തിൽ. നമ്മുടെ കവിതാരംഗത്തിലൂടേ കടന്നുപോകുമ്പോൾ സാധാരണമായി കൈവരാത്ത ഉദാത്തമായ അനുഭവങ്ങൾ നിങ്ങളിലുളവാക്കും അവയോരോന്നും എന്നു പറഞ്ഞു പിൻമാറാനേ ഇവിടെ നിവൃത്തിയുള്ളൂ.

* * * *

'ഞാററുവേലപ്പൂക്കൾ'—എന്തൊരു ചന്തംതികഞ്ഞ പേർ! പഞ്ഞമാസങ്ങളിലെ പട്ടിണിക്കു് ഒട്ടൊരു പരിഹാരം കാണാൻ പാവപ്പെട്ട കൃഷിക്കാരനുള്ള ഏകാവലംബമാണല്ലോ മത്ത, പടവലം, കുമ്പളം, പയറു മുതലായ വർഷക്കായ്ക്കറികൾ. തിരിമുറിയാതെയും മതിമറന്നും മഴ പെയ്യുന്ന ഞാററുവേലകളിൽ കുളിച്ചു് ഈറൻ മാററാതെ തപസ്സുചെയ്യുന്ന ഈ വർഷക്കായ്ക്കറികളിലെ പുഷ്പകന്യകമാരെ സംബോധനചെയ്തുകൊണ്ടു ഭാസ്കരൻ പാടുകയാണു്:

"ഇടവക്കരിങ്കാറിൻപൊത്തിൽനിന്നിറങ്ങിയ
കൊടിയ വെള്ളപ്പൊക്കം വെമ്പാലപ്പാമ്പിന്നൊപ്പം
ചുററിയുമംഗങ്ങളിൽക്കൊത്തിയുമെൻനാടിൻെറ
സപ്തനാഡിയും മൃതപ്രായമാക്കിയ നേരം,
എല്ലു പൊന്തിയ ചെററക്കുടിലിൻ ചളിപ്പായി-
ലില്ലായ്മ കിനാക്കണ്ടു കൃഷിക്കാർ കിടന്നപ്പോൾ,
നാളത്തെസ്സമൃദ്ധിതൻനാകീയവാഗ്ദാനങ്ങൾ
നീളവേ നിശ്ശബ്ദമായുദ്ഘോഷിച്ചെത്തീ നിങ്ങൾ!"

ഈ ഞാററുവേലപ്പൂക്കളെക്കണ്ടു മുല്ലയും രോജയും ഒളികെട്ടു മങ്ങുകയാണു്......വന്ധ്യമായി കരുതപ്പെടുന്ന മണ്ണിൽ, ഉണ്ണിക്കനിയെ ഗർഭം ധരിച്ചു പ്രസവിച്ചെടുക്കാനായി വർഷക്കാററു വഹിക്കുന്ന പച്ചപ്പല്ലക്കിൽ ഹർഷപുളകിതകളായിക്കിടക്കുന്ന ഞാററുവേലപ്പൂക്കളോടു കവി പറയുന്നതുംകൂടി കേൾക്കുക:

"നിങ്ങൾതൻസുഖപ്രസവത്തിനു ശുശ്രൂഷിക്കാൻ
ചിങ്ങപ്പൊൻനിലാവൊളിയുറക്കമൊഴിക്കുമ്പോൾ
അവിടെക്കാവൽ കാത്തു നിന്നിടുമെൻനെഞ്ചിലെ-
ക്കവിസങ്കല്പം, പ്രതിനിമിഷം, പ്രതീക്ഷയായ്!"

മൗലികവും സുന്ദരവുമായ ഈ സങ്കല്പത്തിൻെറ തൊട്ടടുത്തു നില്ക്കുന്ന 'അമലേ, നീ വന്നപ്പോൾ', 'തമിഴ്നാടിൻെറ വളത്തുമക്കൾ' എന്നീ കവിതകളും ഒരുപോലെ ഹൃദയംഗമങ്ങൾതന്നെ. ആദ്യത്തേതു മധുരോദാരമായ ഭാവഗാനമത്രേ.

"ഒരു പുഷ്പംമാത്രം പറിക്കാതെ നിത്തിഞാ-
നൊടുവിൽ നീയെത്തുമ്പോൾ ചൂടിക്കാനായ്,
ഒരു തന്ത്രിമാത്രം തൊട്ടക്കാതെ വെച്ചു ഞാ-
നൊടുവിൽ നിനക്കായ് ശ്രുതി പിടിക്കാൻ...."

എന്നിട്ട് ഒടുക്കം, മലർമണം മാഞ്ഞു്, മറവുള്ളവരെല്ലാം പിരിഞ്ഞു മനതാരിൽ മാരിക്കാർ മൂടിയപ്പോൾ, ഇരുട്ടിൻെറ നടുവിൽ 'നീ' വന്നു പുഞ്ചിരി പൂണ്ട മുഖം കുനിച്ചു കാതിൽപ്പറയുകയാണു്:

"മമ ചികുരത്തിനെ മണമുള്ളതാക്കുവാൻ
മലർ വേണ്ടാ, നിൻനെടുവീപ്പു പോരും.
മമ മൗനഗാനയമുനയെ്റ്റാഴുകുവാൻ
ശ്രുതി വേണ്ടാ, നിൻെറ സാന്നിധ്യം പോരും
മമ ശാന്തനിദ്രയെ മാടിവിളിക്കുവാൻ
മധുരമീ ഹൃത്തിൻമിടിപ്പു പോരും"

ഉത്കണ്ഠയോടും പ്രതീക്ഷയോടും കൂടി ഒരുക്കങ്ങൾ ചെയ്തുകൊണ്ടുള്ള ആ കാത്തിരിപ്പും ഒന്നും ആവശ്യമില്ലാത്ത രൂപത്തിലുള്ള ഈ പരിണാമവും! എന്തൊരു സുന്ദരസങ്കല്പം !

നമ്മുടെ മിഥ്യാഭിജാത്യത്തിൻെറ മേനിപറച്ചിലിനെയും അയല്ക്കാരെക്കുറിച്ചുള്ള പരിഹാസത്തിനെയും ഇടശ്ശേരി ചെവിയ്ക്കു പിടിച്ചിരുത്തിയില്ലേ —

"നൂനം മഹോന്നതംതന്നെ മലനാടു
മാനിച്ചുയത്തിപ്പിടിക്കുന്ന മേന്മകൾ
ഇത്തറവാടിത്തഘോഷണത്തെപ്പോലെ
വൃത്തി കെട്ടിട്ടില്ല മറെറാന്നുമൂഴിയിൽ" —

ആ വിചാരഗതിയെ അനുസ്മരിപ്പിക്കുന്നതാണു് ഭാസ്കരൻെറ 'തമിഴ്നാടിൻെറ വളത്തുമക്കൾ.'

"..... .... .... .... .... .... .... ....
മുട്ടിക്കുടിച്ച മുലപ്പാൽസ്മരണതാൻ
കല്പിച്ചിടുന്നിതു നമ്മോടു പാടുവാൻ;
കല്പവൃക്ഷത്തിൻെറ നാടേ പൊറുക്കുക!"

എന്നിങ്ങനെ ചില ഭാഗങ്ങളിലെ ആക്ഷേപഹാസ്യം 'പിറന്ന നാടു വിട്ടകലെയാസ്സാമിൽ പണിക്കു പോകുന്ന പരിഷ'യെയും ഓർമ്മിപ്പിക്കും.

"കാവേരിയാറാം മലങ്കുറത്തിപ്പെണ്ണു
പൂവണിമേനിയിൽക്കുത്തിയ 'പച്ച'യാൽ
ശ്യാമമനോഹരിയാകുമീയംബിക
പ്രേമവാരാന്നിധി ഞങ്ങൾക്കുലകിതിൽ!"

എന്നു തുടങ്ങി അപൂർവ്വസുന്ദരങ്ങളായ സങ്കല്പങ്ങൾ അണിനിരക്കുന്ന ഈ കവിത സംസ്കാരസമന്വയത്തിന്നുള്ള ഒരുജ്ജ്വലാഹ്വാനമാകുന്നു:

"ഞങ്ങളെപ്പെററ തറവാട്ടുകെട്ടിലെ-
ച്ചിന്നിത്തകരുമാ നാലുകെട്ടൊക്കെയും,
പൂവിട്ടും മന്ദിരത്തോപ്പു വിഴുങ്ങുവാൻ
നാവു നീട്ടും വിഷക്കാവുകളൊക്കയും,
നാടിൻെറ നാഡിയിൽ വേരുകൾ ചുററിയ
ജാതിമതാന്ധ്യവിഷവൃക്ഷമൊക്കെയും
നിങ്ങളൊരു ദിനം വെട്ടിപ്പൊളിക്കുകിൽ,
നിങ്ങളൊരു ദിനം ചുട്ടെരിച്ചീടുകിൽ,
കേരളനാട്ടിൻസഹജരേ, ഞങ്ങൾക്കു
ചാരിതാർത്ഥ്യത്തെപ്പുലർത്തുമപ്പദ്ധതി
കേവലപ്രാചീനസംസ്കാരഭേരിയിൽ
കേളികൊട്ടീടും പ്രവൃത്തിയെക്കാട്ടിലും"

സുമാറു് ഒരു കൊല്ലത്തിന്നു മുമ്പു കേരളത്തിൽ നടന്ന ഐതിഹാസികമായ വിമോചനസമരത്തിൻെറ പശ്ചാത്തലത്തിലെഴുതപ്പെട്ട സാമാന്യം ദീർഘമായ ഒരു കവിതയുണ്ടു് ഈ സമാഹാരത്തിൽ—'എല്ലാ കേരളീയർക്കുമായി ഒരു തുറന്ന കത്തു്'. അപ്രതിഹതമായ വാഗ്മിത്വത്തിൻെറ കവിതയാണിതു്. "സമരത്തിൻെറ കൈനിലകളിൽ കുന്തങ്ങളും വാളുകളും മൂർച്ച കൂട്ടപ്പെടുകയും ശകുനിമാരും കർണ്ണന്മാരും ഉറക്കമൊഴിഞ്ഞു ഗൂഢാലോചന നടത്തുകയും ചെയ്യുമ്പോൾ, അഴ

കുള്ള ജൂബ്ബയും കവണിയും ധരിക്കുന്ന കാടന്മാർ ജാതിബോധത്തിന്റെ കവടി നിരത്തി കവലതോറും പ്രസംഗിക്കുമ്പോൾ'' അസാരമൊന്നു കരുതിയിരിക്കണമെന്നു നാട്ടുകാരെ ഉദ്ബോധിപ്പിക്കുന്ന ഒരു കവിത. വയലാറിന്റെ ഗർജ്ജനം മാറെറാലിക്കൊള്ളിക്കുന്ന, ആവേശം തിളച്ചു മറിയുന്ന, ഒരു കവിത. ഇതു വായിച്ചിട്ടു വല്ലാതെ കുണ്ഠിതപ്പെട്ടവരാ ഒരു വിഭാഗം വായനക്കാരുണ്ട് ഇവിടെ. കമ്മ്യൂണിസത്തിന്റെ പിടിയിൽ നിന്നു രക്ഷപ്പെട്ട ഭാസ്കരൻ നമ്മുടെ ഭാഗത്തേയ്ക്കു വരുന്നു എന്നാശംസിച്ച് ആ അടിസ്ഥാനത്തിൽ ഭാസ്കരന്റെ കവിത വായിക്കുന്ന സഹൃദയന്മാരും നിരൂപകന്മാരും. അവരെ നൈരാശ്യപ്പെടുത്തുകയാണല്ലോ ഭാസ്കരൻ ഈ കവിതകൊണ്ടു ചെയ്തതു്! അമ്പോ, കാവ്യാസ്വാദത്തിന്റെ പോക്ക് !

'ഉണ്ണിക്കുട്ടൻ' എന്ന മനോഹരമായ കവിതയും ജി. യുടെ സുപ്രസിദ്ധമായ 'അന്ത്യമാല്യ'ത്തിൽനിന്നു പറിച്ചെടുത്ത 'കുറെ ഇതളു'കളും ഈ സമാഹാരത്തിലുണ്ട്.

'പച്ചച്ച തീരങ്ങളച്ചയ്ക്കു കായലിൽ
പകിടയുരുട്ടുന്നോരെന്റെ നാട്ടിൽ,
പുറവേലിക്കെട്ടിന്റെ പിറകിൽ നിന്നെപ്പോഴും
പുതുവൈരമോതിരക്കൈകൾ നീട്ടി
അരിമുല്ലകൾ നാട്ടിലെപ്പെൺകൊടിമാർക്കൊപ്പം
തുരുതുരെസ്സല്ലാപം ചെയ്യും നാട്ടിൽ,

എന്നിങ്ങനെ നാടൻശീലിൽ സുശിക്ഷിതമായ ഭാവന കുതിച്ചൊഴുകുന്ന 'ഉണ്ണിക്കുട്ടൻ' ക്രൂരബീഭത്സഭയാനകമായ മർദ്ദനപ്രക്രിയകൾക്കു മുമ്പിൽ വളയാതെ, പൊട്ടാതെ, നില്ക്കുന്ന ഒരു നട്ടെല്ലിന്റെ കഥയത്രേ (കൂട്ടത്തിൽച്ചോദിക്കട്ടെ, ഈ ഉണ്ണിക്കുട്ടൻ എന്തിനേ 'മകരവിശാഖത്തി'ൽപ്പിറന്നതു്? ജനനത്തിനു വിശേഷമായിട്ടുള്ളതു മേടപ്പത്തല്ലേ? മരണത്തിനു മകരവും?)

ഞാ, ഒരു രസം—ശ്രീ. ജോസഫിന്റെ കവിതയോടൊപ്പം നാടായ നാടൊക്കെ ഒഴുകുന്നതു കാവേരിയാറാണെങ്കിൽ, ശ്രീ. ഭാസ്കരന്റെ കവിതയിലെങ്ങും നാല്പാമരാദികുഴമ്പാണെന്നു തോന്നുന്നു. ഒരു തരം കിട്ടിയാൽ രണ്ടു പേരും ഈ വസ്തുക്കളെപ്പററി പ്രസ്താവിക്കാതെ വിടില്ല. അബോധമോ സബോധമോ ആയ ഹൃദയവ്യാപാരത്തിന്റെ പ്രതിഫലനം, അല്ലേ?

JAWAHAR BALBHAVAN & CHILDREN'S LIBRARY
KOTTAYAM
( A PROJECT OF KOTTAYAM PUBLIC LIBRARY)

Cl.No.......ML.................. Acc. No.......3656.............

This book should be returned on or before the date last stamped below.

3656

M1

M1

പി.കെ വാരിയർ
ഒരു മിനിയേച്ചർ പ്രപഞ്ചം

3656